# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

ലക്കം 2 | ഫെബ്രുവരി 2023 | വാല്യം 20



## പ്രണാമം

എമിരറ്റസ് ബനഡിക്ട്
പതിനാറാമൻ മാർപാപ്പ
(1927 ഏപ്രിൽ 16 - 2022 ഡിസംബർ 31)

മെൽബൺ രൂപതയുടെ
നിയുക്ത ഇടയൻ



ഫാ. ജോൺ
പനന്തോട്ടത്തിൽ
CMI-യ്ക്ക്

ഇടുക്കി രൂപതയുടെ
പ്രാർത്ഥനാശംസകൾ

അ ഭി ന ന്ദ ന ങ്ങ ൾ




കെ.സി.എസ്.എൽ.
സംസ്ഥാന കലോത്സവം
ഓവറോൾ മൂന്നാം സ്ഥാനം

# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ

**Volume : 20**
**Issue No. : 2**
**Month : February 2023**



*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. Thomas Panjikunnel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*

Red Line Cheruthony

*Website & e-mail*

www.idukkidiocese.org
curiaidukki@gmail.com
bpjohnnelli@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| ബെനഡിക്ട് 16 – ാമൻ മാർപാപ്പ : ആധുനിക ലോകത്തെ വിശ്വാസ സംരക്ഷകൻ | 05 |
| 31– ാമത് ലോക രോഗീദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം | 08 |
| സിനഡ് അനന്തര സർക്കുലർ | 14 |
| രോഗീദിനം 2023 | 22 |
| നാളാഗമം | 24 |
| BISHOP'S ENGAGEMENTS | 29 |
| കച്ചേരി വാർത്തകൾ | 30 |
| മൈനർ സെമിനാരി | 34 |
| സന്യസ്തർ | 35 |
| ക്രിസ്തുജ്യോതി | 41 |
| വിദ്യാഭ്യാസം | 45 |
| പാവനാത്മാ കോളേജ് | 45 |
| മാർ സ്ലീവാ കോളേജ് | 47 |
| സാമൂഹ്യസേവനം | 50 |
| കെ. സി. എസ്. എൽ. | 51 |
| തിരുബാലസഖ്യം | 53 |
| ചെറുപുഷ്പ മിഷൻലീഗ് | 54 |
| കെ. സി. വൈ. എം. | 55 |
| ജീസസ് യൂത്ത് | 56 |
| കുടുംബ പ്രേഷിതത്വം | 58 |
| പ്രാർത്ഥനാ ഗ്രൂപ്പ് | 59 |
| കത്തോലിക്കാ കോൺഗ്രസ് | 60 |
| വാർത്തകളും വിശേഷങ്ങളും | 61 |
| പൗരോഹിത്യ ആദ്ധ്യാത്മിക ചിന്തകൾ | 63 |


***"Let us do as Jesus did: let us share, let us carry each other's burdens, let us look at each other with compassion, let us help each other. Let us ask ourselves: am I a person who divides or shares?"***

*Pope Francis, Tweet, 08-01-2023*

# ഓർമ്മിക്കാൻ

## ഫെബ്രുവരി മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 02 | : | മൂന്നുനോമ്പു കഴിഞ്ഞുള്ള വ്യാഴം |
| | : | നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം (പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണത്തിരുനാൾ) |
| | : | ലോകസമർപ്പിതദിനം |
| 03 | : | വി. എസ്തപ്പാനോസ് |
| 03-05 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 04 | : | വി. ജോൺ ബ്രിട്ടോ |
| 10 | : | ഗ്രിക്കു സഭാപിതാക്കന്മാർ |
| | : | സുറിയാനി സഭാപിതാക്കന്മാർ |
| 11 | : | ലൂർദ്ദുമാതാവ് (രോഗീദിനം) |
| | : | നെടുങ്കണ്ടം കരുണ ആനിമേഷൻ സെന്റർ വെഞ്ചരിപ്പും ഉദ്ഘാടനവും |
| | : | രോഗീദിന പ്രാർത്ഥനാ ശുശ്രൂഷ, ആയിരമേക്കർ |
| | : | അധ്യാപക അനധ്യാപക സ്നേഹസംഗമം, മുരിക്കാശ്ശേരി |
| 12 | : | തിരുബാലസഖ്യദിനം |
| 17 | : | സകല മരിച്ചവരുടെയും ഓർമ്മ |
| 18 | : | കിഡ്സ് കലോത്സവം, മുരിക്കാശ്ശേരി |
| | : | സുവിശേഷോത്സവ് ട്രെയിനിംഗ്, മൈലാടുംപാറ |
| 19 | : | നോമ്പുകാലം ആരംഭിക്കുന്നു |
| 23 | : | വി. പൊലിക്കാർപ്പ് |
| 25 | : | വാഴ്ത്തപ്പെട്ട സി. റാണി മരിയ |
| | : | സുവിശേഷോത്സവ് ട്രെയിനിംഗ്, രാജാക്കാട് |
| 25-26 | : | കെ.സി.വൈ.എം. സെനറ്റ് വാർഷികം |

# ബെനഡിക്ട് 16-ാമൻ മാർപാപ്പ : ആധുനിക ലോകത്തെ വിശ്വാസ സംരക്ഷകൻ

പോപ്പ് എമിരിത്തൂസ് ബെനഡിക്ട് പതിനാറാമൻ പാപ്പ ആധുനിക കാലത്തെ വിശ്വാസ സംരക്ഷകനാണ്. ആധുനികകാലത്ത് സഭ കണ്ട ആദർശ ധീരൻ. വിശ്വാസത്തിന്റെ തെളിമയുള്ള ചിത്രം സഭാ സമൂഹത്തിന് നൽകുവാൻ ജാഗ്രതയോടെ ശ്രദ്ധിച്ച വലിയ ഇടയൻ.... കാലയവനികക്കുള്ളിലേക്ക് മറഞ്ഞ ഈ മഹാ ഇടയന്റെ ഉജ്ജ്വല ശോഭയുള്ള പുണ്യ ജീവിതത്തിന്റെ വഴികളിലൂടെ ഒരു തീർത്ഥയാത്ര.

1927 ജർമ്മനിയിൽ ആയിരുന്നു ജോസഫ് അലോഷ്യസ് റാറ്റ്സിംഗറുടെ ജനനം. ഒരു പുരോഹിതനാകണം എന്നുള്ള വലിയ സ്വപ്നം റാറ്റ്സിംഗറുടെ മനസിൽ മുളപൊട്ടിയിരുന്നു. 1945 നവംബറിൽ സഹോദരൻ ജോർജിനോടൊപ്പം സെമിനാരിയിൽ ചേർന്നു. 1951 ജൂൺ 29 ന് പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിവസം അവർ ഒന്നിച്ച് തിരുപ്പട്ടം സ്വീകരിച്ചു. അധ്യാപന വൃത്തിയായിരുന്നു അദ്ദേഹത്തിന്റെ പ്രധാന പ്രവർത്തന മേഖല. അഗാധമായ പാണ്ഡിത്യവും ജ്ഞാനവും നലംതികഞ്ഞ അധ്യാപന ശൈലിയും അധ്യാപന മേഖലയിൽ ശോഭിക്കാൻ അദ്ദേഹത്തിന് വഴിയൊരുക്കി. 1959 ൽ അദ്ദേഹം യൂണിവേഴ്സിറ്റി പ്രൊഫസറായി മാറി. 1962-1965 വരെ 2-ാം വത്തിക്കാൻ കൗൺസിലിന്റെ എല്ലാ നാലു സെക്ഷനുകളിലും അദ്ദേഹം സന്നിഹിതനായിരുന്നു. പെട്ടെന്നായിരുന്നു അദ്ദേഹത്തിന് ജീവിതത്തിൽ മറ്റൊരു വഴി ഒരുക്കപ്പെട്ടത്. 1977 മാർച്ച് 25 ന് പോൾ ആറാമൻ മാർപാപ്പ അദ്ദേഹത്തെ ആർച്ച് ബിഷപ്പായി നിയമിച്ചു. അധ്യാപനത്തിൽ പൂർണ്ണ സംതൃപ്തിയോടെ ജീവിതം ആസ്വദിച്ചിരുന്ന അദ്ദേഹത്തിന് പുതിയ നിയമനത്തെ മനസ്സുകൊണ്ട് ഉൾക്കൊള്ളാൻ അത്ര എളുപ്പമായിരുന്നില്ല. എങ്കിലും അനുസരണവും വിധേയത്വവും കൈമുതലായി സൂക്ഷിച്ചിരുന്ന അദ്ദേഹം, മാർപാപ്പയുടെ നിർദ്ദേശങ്ങൾക്ക് പരിപൂർണ്ണ സമ്മതം അറിയിച്ചു. തുടർന്ന് മൂന്നു മാസത്തിനുശേഷം 1977 ജൂൺ 27 ന് പോൾ ആറാമൻ പാപ്പ തന്നെ

അദ്ദേഹത്തെ കർദിനാളായി ഉയർത്തുകയും ചെയ്തു. 1981 ൽ വിശ്വാസത്തിന്റെ അധ്യക്ഷനായി കാർഡിനൽ റാറ്റ്സിംഗറെ ജോൺപോൾ 2-ാമൻ മാർപാപ്പ നിയമിച്ചു. ജോൺപോൾ രണ്ടാമൻ മാർപാപ്പയുമായി ഏറെ ആഴമേറിയ ഹൃദയ ബന്ധം സൂക്ഷിച്ചിരുന്ന വ്യക്തിയാണ് ബെനഡിക്ട് പാപ്പ. 2005 ഏപ്രിൽ രണ്ടിനാണ് ലോകമേറെ ആദരവോടുകൂടി കണ്ടിരുന്ന ജോൺപോൾ രണ്ടാമൻ മാർപാപ്പ ഈ ലോകത്തോട് വിട പറഞ്ഞത്. അദ്ദേഹത്തിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചത് മെത്രാൻ തിരുസംഘത്തിന്റെ ഡീൻ ആയിരുന്ന കർദിനാൾ ജോസഫ് റാറ്റ്സിംഗറായിരുന്നു. പിന്നീട് ലോകമെമ്പാടുമുള്ള വിശ്വാസ സമൂഹത്തിന് ഉള്ളിൽ ഉയർന്ന ചോദ്യം ആരാണ് ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ പിൻഗാമി എന്നായിരുന്നു. 115 കർദിനാൾമാർ പുതിയ മാർപാപ്പയെ തെരഞ്ഞെടുക്കാനുള്ള യോഗത്തിൽ പങ്കെടുത്തു. വിശ്വാസ സമൂഹത്തിന്റെ ആശങ്കയ്ക്ക് സ്വർഗ്ഗം കൊടുത്ത മറുപടിയായി 2005 ഏപ്രിൽ 19 ന് റോമിൽ പ്രതീക്ഷയുടെ വെളുത്ത പുക ഉയർന്നു. ദീർഘകാലം സഭയെ നയിച്ച ജോൺപോൾ രണ്ടാമന്റെ പിൻഗാമിയും സഭയുടെ 265 ആമത്തെ മാർപാപ്പയുമായി കർദിനാൾ ജോസഫ് റാറ്റ്സിംഗർ തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന്  എട്ടു വർഷങ്ങൾ നീണ്ട വലിയമുക്കുവനടുത്ത ശുശ്രൂഷ.... ''അനുഗ്രഹിക്കപ്പെട്ടവൻ'' എന്നർത്ഥമുള്ള ബെനഡിക്ട് എന്ന നാമമാണ് വലിയ ഇടയനടുത്ത ശുശ്രൂഷയിൽ അദ്ദേഹം സ്വീകരിച്ചത്. എട്ടുവർഷത്തെ ആത്മീയ നേതൃത്വം ഈ പേരിന്റെ അർത്ഥത്തെ ഉച്ചത്തിൽ പ്രഘോഷിക്കുന്നതായിരുന്നു.

2013 ഫെബ്രുവരി 11 നാണ് സകല മനുഷ്യരെയും അത്ഭുതപ്പെടുത്തിയ മറ്റൊരു വാർത്ത കേൾക്കാനിടയായത്. കർമ്മനിരതമായ ജീവിതത്തിൽ തന്റെ അനാരോഗ്യം സഭയെ പടുത്തുയർത്തുന്നതിൽ ഒരു തടസ്സമാവരുത് എന്ന് കണ്ട് അദ്ദേഹം പത്രോസിന്റെ പിൻഗാമി എന്നുള്ള മഹാ സ്ഥാനം രാജിവയ്ക്കുന്നതായി അറിയിച്ചു. ഫെബ്രുവരി 28 ന് അദ്ദേഹം ഔദ്യോഗികമായി സ്ഥാന ത്യാഗം ചെയ്തു. അഭ്യൂഹങ്ങളേറെ പരന്നുവെങ്കിലും തന്റെ വിശ്രമ ജീവിതത്തിലും സഭയുടെ വളർച്ചയിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകി ആക്ഷേപങ്ങൾക്ക് അദ്ദേഹം മറുപടി നൽകി. തന്റെ പിൻഗാമിയായ ഫ്രാൻസിസ് മാർപാപ്പയോട് മരണം വരെയും അങ്ങേയറ്റം വിധേയത്വം പുലർത്തുന്നതിൽ അദ്ദേഹം ശ്രദ്ധാലുമായിരുന്നു. ഒടുവിൽ ഫ്രാൻ

സിസ് മാർപാപ്പ ലോകത്തോട് പറഞ്ഞു, നമ്മുടെ പ്രിയപ്പെട്ട ബെന ഡിക്ട് പാപ്പ ഗൗരവതരമായ രോഗാവസ്ഥയിലാണ്, എല്ലാവരും അദ്ദേ ഹത്തിനു വേണ്ടി പ്രാർത്ഥിക്കണം. ലോകം മുഴുവനുമുള്ള സകല മനുഷ്യരും ആ ആഹ്വാനം ഹൃദയംകൊണ്ടേറ്റുവാങ്ങി. അദ്ദേഹത്തിന് വേണ്ടി എങ്ങും പ്രാർത്ഥനകൾ ഉയർന്നു. വലിയ പ്രാർത്ഥനയുടെ മധ്യേ 2022 ന്റെ അവസാന സായാഹ്നത്തിൽ ഈ ആത്മീയാചാര്യന്റെ ആത്മാവ് സ്വർഗ്ഗം പൂകി. ആഴമേറിയ ദൈവശാസ്ത്ര ചിന്തകളും ദർശനങ്ങളും സഭയെ പഠിപ്പിക്കാൻ അദ്ദേഹം എന്നും ജാഗ്രത പുലർ ത്തി. സഭയുടെ വിശ്വാസപ്രമാണങ്ങളിലും ധാർമിക പ്രബോധനങ്ങ ളിലും ഉറച്ചുനിന്നുകൊണ്ട് നിലപാടുകൾ സ്വീകരിക്കുന്നതിനും ആ നിലപാടുകളിൽ ഉറച്ചുനിൽക്കുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞു. 66 പുസ്തകങ്ങളും മൂന്ന് ചാക്രിക ലേഖനങ്ങളും മൂന്ന് അപ്പസ്തോ ലിക ആഹ്വാനങ്ങളും അദ്ദേഹത്തിന്റെ വിരൽത്തുമ്പിലൂടെ വിരചി തമായിട്ടുണ്ട്. അവ സഭയ്ക്കും പൊതുസമൂഹത്തിൽ നൽകിയ ദിശാ ബോധവും ബോധ്യങ്ങളും ഉൾക്കാഴ്ചകളും വലുതാണ്. പത്രോ സിന്റെ പിൻഗാമിയായി സഭാ നൗകയെ നയിച്ച് വിശ്വാസത്തിന്റെ ആഴത്തിലേക്ക് ആധുനികകാലത്തെ കൂട്ടിക്കൊണ്ടുപോയ ഉജ്ജ്വല ദീപത്തിന്റെ ഒളിമങ്ങാത്ത ശോഭയ്ക്ക് മുമ്പിൽ ഇടുക്കി രൂപതയുടെ പ്രണാമം.

# 31–ാമത് ലോക രോഗീദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

## ഫെബ്രുവരി 11, 2023

### "ഇവനെ പരിചരിക്കുക"

*സിനഡാത്മക പ്രക്രിയയായ സുഖപ്പെടുത്തുന്ന അനുകമ്പ*

**പ്രിയ സഹോദരീസഹോദരന്മാരേ,**

നാം മനുഷ്യരായിരിക്കുന്നതിന്റെ ഭാഗമാണ് രോഗാവസ്ഥ. എന്നാൽ, പരിചരണവും അനുകമ്പയും കൂടാതെ ഏകാന്തതയിലും തിരസ്ക്കരണത്തിലുമാണ് നാം രോഗാവസ്ഥയിൽ ആയിരിക്കുന്നതെങ്കിൽ അത് മാനുഷികമല്ലാതായി മാറും.

നാം മറ്റുള്ളവരുമൊത്ത് ഒരു യാത്രയ്ക്കുപോകുമ്പോൾ ചിലപ്പോൾ നമുക്കു സുഖമില്ലായ്മ അനുഭവപ്പെടുന്നത് സാധാരണമാണ്; ചിലപ്പോൾ വഴിയിൽവച്ച് ക്ഷീണംകൊണ്ടോ മറ്റ് അനിഷ്ടസംഭവങ്ങൾകൊണ്ടോ നമുക്കു യാത്ര അവസാനിപ്പിക്കേണ്ടിവരും. അപ്രകാരമുള്ള വേളകളിലാണ് നമ്മുടെ സഞ്ചാരം എത്രമാത്രം ഒരുമിച്ചുള്ളതാണെന്നു നാം മനസ്സിലാക്കുന്നത്. അതായത്, നാം യഥാർത്ഥത്തിൽ സഹയാത്രികരാണോ അതോ നമ്മുടെതന്നെ താത്പര്യങ്ങൾ അന്വേഷിക്കുന്ന, മറ്റുള്ളവരെ അവരവരുടെ കാര്യങ്ങൾ നോക്കാനായി ഉപേക്ഷിക്കുന്ന, കേവലം ഒരേ പാതയിൽ സഞ്ചരിക്കുന്ന വ്യക്തികൾ മാത്രമാണോ എന്നത് വ്യക്തമാകുന്നത് അപ്പോഴായിരിക്കും. അക്കാരണത്താൽ, ഈ മുപ്പത്തൊന്നാമത് ലോകരോഗീദിനത്തിൽ, സഭ മുഴുവനും സിനഡാത്മക പാതയിലൂടെ സഞ്ചരിക്കുന്ന ഈ വേളയിൽ, വ്രണിതാവസ്ഥയിലും രോഗാവസ്ഥയിലുമായിരിക്കുന്ന അനുഭവത്തിലൂടെ കടന്നുപോകുമ്പോഴാണ് നാം ദൈവത്തിന്റെ ശൈലി അനുസരിച്ച് ഒരുമിച്ച് നടക്കുന്നതെന്നതിനെകുറിച്ച് ധ്യാനിക്കാൻ എല്ലാവരെയും ഞാൻ ക്ഷണിക്കുന്നത്; ദൈവത്തിന്റെ ശൈലി സാമീപ്യവും അനുകമ്പയും ആർദ്രതയും ആണല്ലോ!

ദൈവീക വെളിപാടിന്റെ ഉത്തംഗഭാവത്തെ പ്രകാശിപ്പിക്കുന്ന വചനങ്ങൾ എസക്കിയേൽ പ്രവാചകന്റെ പുസ്തകത്തിലുള്ളത് ശ്രദ്ധേയമാണ്: “ദൈവമായ കർത്താവ് അരുൾചെയ്യുന്നു: ‘ഞാൻത ന്നെ എന്റെ ആടുകളെ മേയ്ക്കും. ഞാൻ അവയ്ക്കു വിശ്രമസ്ഥലം നല്കും. നഷ്ടപ്പെട്ടതിനെ ഞാൻ അന്വേഷിക്കും. വഴി തെറ്റിപ്പോയ തിനെ ഞാൻ തിരികെക്കൊണ്ടുവരും; മുറിവേറ്റതിനെ ഞാൻ വച്ചു കെട്ടും; ബലഹീനമായതിനെ ഞാൻ ശക്തിപ്പെടുത്തും...നീതിപൂർവം ഞാൻ അവയെ പോറ്റും” (എസെ 34,15-16). സംഭ്രമവും രോഗവും ബലഹീനതയുമൊക്കെ മാനുഷികപ്രയാണത്തിന്റെ ഭാഗമാണ്. അവ നമ്മെ ദൈവജനത്തിന്റെ പക്കൽനിന്നു അകറ്റുന്നതിനുപകരം നമ്മെ കർത്താവിന്റെ ശ്രദ്ധാകേന്ദ്രമാക്കി മാറ്റുന്നു; എന്തെന്നാൽ, അവിടന്ന് നമ്മുടെ പിതാവാണ്; തന്റെ മക്കളിൽ ഒരാൾപോലും വഴിയിൽവച്ച് നഷ്ടപ്പെടാൻ അവിടന്ന് ഇഷ്ടപ്പെടുന്നില്ല. ആകയാൽ നമുക്ക് അവി ടന്നിൽനിന്നു പഠിക്കാം; അതായത്, ആവശ്യമില്ലെന്നവിധം വലിച്ചെ റിയുന്ന സംസ്ക്കാരത്തെ ചെറുത്തുനില്ക്കുന്ന, യഥാർഥമായും ഒരു മിച്ചു നടക്കുന്ന, ഒരു സമൂഹമായി എങ്ങനെ മാറാമെന്ന് നമുക്ക് ശ്രദ്ധിക്കാം.

“എല്ലാവരും സഹോദരർ” (*Fratelli Tutti)* എന്ന ചാക്രിക ലേഖനത്തിൽ നല്ല സമരിയാക്കാരന്റെ ഉപമ പുനർവായന നടത്തുന്ന തിനെ ഞാൻ പ്രോത്സാഹിപ്പിച്ചു. അടഞ്ഞിരിക്കുന്ന ഒരു ലോകത്തിലെ “കാർമേഘങ്ങളിൽ നിന്ന്” എങ്ങനെ നമുക്കു “തുറവുള്ള ഒരു ലോക ത്തെ വിഭാവനം ചെയ്യാനും സാക്ഷാത്കരിക്കാനും” ആകും എന്നു നിർദേശിക്കാനാണ് ഞാൻ അപ്രകാരം ചെയ്തത് (ഖ. 56 കാണുക). യേശുവിന്റെ ഈ ഉപമയും ഇന്നത്തെ ലോകത്തിൽ സാഹോദര്യം നിഷേധിക്കപ്പെടുന്ന നിരവധി അവസരങ്ങളും തമ്മിൽ ഗാഢമായ ബന്ധമാണുള്ളത്. മർദിതനും മോഷ്ടിക്കപ്പെട്ടവനും ആയ ആ മനു ഷ്യൻ എപ്രകാരം വഴിയരുകിൽ ഉപേക്ഷിക്കപ്പെട്ടുവോ അപ്രകാര മാണ് അത്യാവശ്യ സമയത്ത് ഉപേക്ഷിക്കപ്പെടുന്ന നമ്മുടെ ധാരാളം സഹോദരീസഹോദരന്മാർ. പ്രകൃതിയിൽനിന്ന് ആവിർഭവിക്കുന്ന സാധാരണയുള്ള കാരണങ്ങളാൽ മനുഷ്യജീവനും മഹത്ത്വത്തിനും വന്നുഭവിക്കുന്ന പ്രഹരങ്ങളിൽ നിന്ന് അനീതിയാലും അക്രമത്താലും വരുത്തിവയ്ക്കപ്പെടുന്നവയെ വേർതിരിച്ചറിയുക എന്നത് ഇന്നു പ്രയാസമായി മാറിയിരിക്കുന്നു. യഥാർഥത്തിൽ വർധമാനമാകുന്ന അസമത്വവും കുറച്ചുപേരുടെമാത്രം താത്പര്യങ്ങൾ സംരക്ഷിക്കുന്ന

വിധമുള്ള ക്രമീകരണങ്ങളും എല്ലാ മാനുഷിക പരിതോവസ്ഥക ളെയും ബാധിക്കുന്നുണ്ട്; അക്കാരണത്താൽ, എല്ലാ അനുഭവങ്ങ ളെയും "പ്രകൃതി കാരണ"മാണെന്നു മാത്രം പറയാൻ സാധിക്കാത്ത വിധമായിരിക്കുന്നു. എല്ലാ സഹനവും ഒരു "സംസ്കാരത്തിന്റെ" പശ്ചാത്തലത്തിലും അതിന്റെ വ്യത്യസ്തങ്ങളായ വൈരുദ്ധ്യത്തിലു മാണ് സംഭവിക്കുന്നത്. ഇവിടെ ഏകാന്തതയുടെയും തിരസ്ക്കരണ ത്തിന്റെയും അവസ്ഥ പ്രത്യേകമായി ശ്രദ്ധിക്കപ്പെടേണ്ടതാണ്. അനീ തിയുടെ മറ്റേതൊരുതരം രൂപത്തിൽനിന്നും വ്യത്യസ്തമാംവിധം ഈ ക്രൂരത എളുപ്പം പരിഹരിക്കപ്പെടാവുന്ന ഒന്നാണ്. കാരണം, പ്രസ്തുത ഉപമ നമ്മെ പഠിപ്പിക്കുന്നതുപോലെ, അത് നമ്മുടെ ശ്രദ്ധയുടെ ഏതാനും നിമിഷങ്ങൾ മാത്രമാണ് ആവശ്യപ്പെടുന്നത്; ഈ ക്രൂര തയെ ഒഴിവാക്കാനായി നാം നമ്മുടെ ഉള്ളിൽ അനുകമ്പയാൽ ചലി പ്പിക്കപ്പെട്ടാൽ മാത്രം മതി. ഭക്തരും മതാനുയായികളുമായ രണ്ട് വഴി യാത്രികർ മുറിവേറ്റ മനുഷ്യനെ കണ്ടു; എങ്കിലും അവർ നിന്നില്ല. എന്നാൽ മൂന്നാമത്തെ വഴിയാത്രികൻ - സമരിയാക്കാരനായവൻ, പരിഹാസ്യനായ പരദേശി - അനുകമ്പയാൽ ചലിപ്പിക്കപ്പെട്ട് വഴി യിലെ അപരിചിതനെ പരിചരിക്കുന്നു; അവനെ അയാൾ സഹോദ രനായി കണക്കാക്കുന്നു. അപ്രകാരം ചെയ്യുകവഴിയായി, അയാൾ അപ്രകാരം ചിന്തിച്ചില്ലെങ്കിൽപ്പോലും, അയാൾ ഒരു വ്യത്യസ്തത സൃഷ്ടിക്കുന്നു; അതായത്, അയാൾ ലോകത്തെ കൂടുതൽ സാഹോ ദര്യം നിറയ്ക്കുന്നവനായി മാറുന്നു.

പ്രിയ സഹോദരീസഹോദരന്മാരേ, രോഗത്തിനായി നാം പല പ്പോഴും തയ്യാറെടുത്തിരിക്കുന്നവരല്ല. നമ്മൾ പ്രായമായിക്കൊണ്ടി രിക്കുന്നു എന്നതുപോലും പലപ്പോഴും നാം അംഗീകരിക്കാൻ വിസ മ്മതിക്കുന്നു. നമ്മുടെ വ്രണിതാവസ്ഥ നമ്മെ ഭയപ്പെടുത്തുന്നു; ഇന്നു നിലനില്ക്കുന്ന കാര്യക്ഷമതയുടെ സംസ്കാരം അതിനെ മറച്ചുപി ടിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു; അത് മാനുഷീക ബലഹീനതയ്ക്കു ഇടം നല്കുന്നില്ല. ഈ രീതിയിൽ തിന്മ നമ്മുടെ മുമ്പിൽ അവതരി ക്കുകയും നമ്മെ മുറിപ്പെടുത്തുകയും ചെയ്യുന്നു; അപ്പോൾ നാം ഞെട്ടിപ്പോകുന്നു. മാത്രമല്ല, ആ വേളകളിൽ മറ്റുള്ളവർ നമ്മെ ഉപേ ക്ഷിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ, നമ്മുടെതന്നെ ദൗർബല്യ ത്തിന്റെ നിമിഷങ്ങളിൽ നാം മറ്റുള്ളവർക്ക് ഒരു ഭാരമാകരുത് എന്ന ചിന്തയാൽ നാംതന്നെയും മറ്റുള്ളവരെ ഉപേക്ഷിക്കാൻ താത്പര്യ പ്പെടുന്നു.

ഇങ്ങനെയാണ് ഏകാന്തത നമ്മിൽ കടന്നുകൂടുന്നത്; ദൈവം തന്നെയും നമ്മെ ഉപേക്ഷിച്ചു എന്നവിധം അനീതിയുടെ കയ്പുരസമുള്ള ചിന്തയാൽ നാം വിഷലിപ്തരായിത്തീരുന്നു. യഥാർഥത്തിൽ, മറ്റുള്ളവരോടും നമ്മോടുതന്നെയുമുള്ള നമ്മുടെ ബന്ധം മുറിഞ്ഞതായിത്തീർന്നാൽ നമുക്കു തുടർന്നു കർത്താവുമായി സമാധാനത്തിലായിരിക്കാൻ ബുദ്ധിമുട്ടുള്ളതായി ഭവിക്കും. ആകയാൽ, രോഗാവസ്ഥയുടെ മധ്യേ സഭ മുഴുവനും സുവിശേഷത്തിലെ നല്ല സമരിയാക്കാരന്റെ ഉദാഹരണത്തോളം ഉയരേണ്ടിയിരിക്കുന്നു. അങ്ങനെ സഭ യഥാർഥത്തിൽ ഒരു "യുദ്ധക്കളത്തിലെ ആശുപത്രി" ആയിത്തീരും; എന്തെന്നാൽ, അവളുടെ ദൗത്യം പ്രകാശിതമാകുന്നത് കരുതലിന്റെ പ്രവൃത്തികൾവഴിയാണ്; ഏറെപ്രത്യേകിച്ച്, നമ്മുടെ ഈ കാലഘട്ടത്തിന്റെ ചരിത്ര പശ്ചാത്തലത്തിൽ. നമ്മൾ എല്ലാവരും ദുർബലരും മുറിപ്പെട്ടവരും ആണ്; അല്പനേരം നില്ക്കാനും സമീപിക്കാനും സുഖപ്പെടുത്താനും ഉയർത്തിയെടുക്കാനും കഴിവുള്ള ഒരുതരം കനിവ് നമുക്ക് ആവശ്യമാണ്. അങ്ങനെ രോഗത്തിന്റെ ദുരവസ്ഥയിൽ ആയിരിക്കുന്നവർ നമ്മുടെ നിസ്സംഗത നീക്കാനും സഹോദരീസഹോദരന്മാർ ഇല്ലെന്നുള്ള അവരുടെ അവസ്ഥയെ ഇല്ലാതാക്കാനുമായി നമ്മെ ക്ഷണിക്കുന്നു.

സഹനത്തിലായിരിക്കുന്നവരോട് സമീപസ്ഥരായിരിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും ലോകരോഗീദിനം നമ്മെ ആഹ്വാനം ചെയ്യുന്നു. നവമായി ഒത്തൊരുമിച്ച് മുന്നോട്ട് ഗമിക്കുന്നതിന്റെ ആവശ്യകതയെ ദൈവജനത്തെയും ആരോഗ്യപരിപാലനസ്ഥാപനങ്ങളെയും പൊതുസമൂഹത്തെയും ഈ ദിനം ബോധ്യപ്പെടുത്തുന്നു. മറ്റുള്ളവരുടെമേൽ സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയപരവും ആയ മേൽകൈ പുലർത്തുന്നവരെ നിശിതമായി വിധിക്കുന്നതാണ് മുമ്പ് ഉദ്ധരിക്കപ്പെട്ട എസെക്കിയേൽ പ്രവാചകന്റെ ഇതര വചനങ്ങൾ: "നിങ്ങൾ മേദസ്സ് ഭക്ഷിക്കുകയും രോമം കൊണ്ടുള്ള വസ്ത്രം ധരിക്കുകയും കൊഴുത്തതിനെ കൊല്ലുകയും ചെയ്യുന്നു. എന്നാൽ, നിങ്ങൾ ആടുകളെ പോറ്റുന്നില്ല. ദുർബലമായതിനു നിങ്ങൾ ശക്തികൊടുത്തില്ല; മുറിവേറ്റതിനെ വച്ചുകെട്ടിയില്ല; വഴിതെറ്റിയതിനെ തിരികെകൊണ്ടുവരുകയോ കാണാതായതിനെ തേടുകയോ ചെയ്തില്ല. മറിച്ച്, കഠിനമായും ക്രൂരമായും നിങ്ങൾ അവയോട് പെരുമാറി" (34, 3-4). നമ്മെ പ്രകാശിപ്പിക്കുന്നതും കാലോചിതവുമാണ് ദൈവവചനം; അത് അപലപിക്കുന്ന കാര്യങ്ങളിൽ മാത്ര

മല്ല, പ്രത്യുത അത് നിർദേശിക്കുന്നതിലും അപ്രകാരംതന്നെ. മുഖാമുഖമുള്ള കണ്ടുമുട്ടലിൽ ആരംഭിച്ച നല്ല സമരിയാക്കാരന്റെ ഉപമ ഉപസംഹരിക്കുമ്പോൾ എപ്രകാരം സാഹോദര്യത്തിന്റെ അഭ്യസനം പൊതുവായി ക്രമവൽക്കരിക്കപ്പെട്ട പ്രക്രിയയാക്കി മാറ്റാം എന്നതിന്റെ സൂചനയും നല്കപ്പെടുന്നു. സത്രം, സത്രം സൂക്ഷിപ്പുകാരൻ, പണം, തുടർന്നു സംഭവിക്കാൻ പോകുന്നത് അറിയിക്കപ്പെടാനുള്ള നിർദേശം എന്നീ ഘടകങ്ങൾ (ലൂക്കാ 10, 34-35 കാണുക) മറ്റു പലതിലേക്കും വിരൽചൂണ്ടുന്നു; അതായത്, ആരോഗ്യപരിപാലനപ്രവർത്തകരുടെയും സാമൂഹ്യസേവകരുടെയും കുടുംബാംഗങ്ങളുടെയും സന്നദ്ധപ്രവർത്തകരുടെയും പ്രതിജ്ഞാബദ്ധത എന്നിവയിലേക്ക്. ഇവർ വഴിയാണല്ലോ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും എല്ലാ ദിവസവും തിന്മയ്ക്കെതിരായി നന്മയുടെ മുഖം ഉയർന്നു നില്ക്കുന്നത്!

ആരോഗ്യപരിപാലനത്തിന്റെയും അതിന്റെ ഗവേഷണത്തിന്റെയും രംഗത്ത് പ്രവർത്തിക്കുന്നവരോടുള്ള നമ്മുടെ കടപ്പാട് മഹാമാരിയുടേതായ ഇക്കഴിഞ്ഞ വർഷങ്ങളിൽ ഏറെ വർധിച്ചിട്ടുണ്ട്. എന്നാൽ, ഈ ഭീമമായ സാമൂഹ്യദുരന്തത്തിൽനിന്നു പുറത്തുവരുമ്പോൾ കേവലം ധീരയോധാക്കളെ ആദരിച്ചതുകൊണ്ടുമാത്രം നമ്മുടെ ഉത്തരവാദിത്വം തീരുന്നില്ല. കോവിഡ്-19 വൈദഗ്ദ്ധ്യത്തിന്റെയും ഐകമത്യത്തിന്റെയും ശൃംഖലകളെ ഏറെ ആയാസപ്പെടുത്തുകയുണ്ടായി; നിലവിലുള്ള പൊതുക്ഷേമ സംവിധാനങ്ങളുടെ അപര്യാപ്തത അത് വെളിച്ചത്തുകൊണ്ടുവരുകയുണ്ടായി. ആകയാൽ, കൃതജ്ഞത പ്രകാശിപ്പിക്കുന്നതോടൊപ്പം ഒരോ വ്യക്തിയുടെയും മൗലിക അവകാശമായ അടിസ്ഥാനപരവും അനുയോജ്യവുമായ ആരോഗ്യപരിപാലനത്തിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും അതിനുള്ള ധനാഗമ മാർഗങ്ങൾ കണ്ടെത്തുന്നതിനുമുള്ള ആസൂത്രണം ഓരോ രാജ്യവും അടിയന്തിരമായി ചെയ്യേണ്ടതാണ്.

"ഇയാളെ പരിചരിക്കണം" (ലൂക്കാ 10, 35) എന്നാണ് ആ സമരിയാക്കാരൻ സത്രം സൂക്ഷിപ്പുകാരോട് പറഞ്ഞത്. യേശു അക്കാര്യത്തിനായി നമ്മെ ഓരോരുത്തരെയും ക്ഷണിക്കുന്നു. യേശു നമ്മോടു പറയുന്നു: "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്കാ 10,37). ഞാൻ "എല്ലാവരും സഹോദരർ" (*Fratelli Tutti*) എന്ന ചാക്രികലേഖനത്തിൽ പറഞ്ഞതുപോലെ, "വീണവരെ ഉയർത്തുകയും പുന

രധിവസിപ്പിക്കുകയും ചെയ്യുന്ന അയല്ക്കാരെപ്പോലെ പ്രവർത്തിക്കുന്നവരായ സ്ത്രീപുരുഷന്മാരാൽ ഒരു സമൂഹം എങ്ങനെ പുനർനിർമിക്കാനാകും എന്ന് ഈ ഉപമ കാണിച്ചുതരുന്നു" (ഖ. 67). മാത്രമല്ല, "സ്നേഹത്തിൽ മാത്രം കണ്ടെത്താവുന്ന ഒരു പൂർത്തീകരണത്തിനുവേണ്ടിയാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സഹനത്തോട് നിസ്സംഗത പുലർത്താൻ നമുക്കു സാധിക്കില്ല" (ഖ. 68).

ആധുനിക കാലഘട്ടത്തിലെ ഒരു പ്രവാചക സന്ദേശമായി സഭയ്ക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ലൂർദിലെ പുണ്യസങ്കേതത്തിലേക്ക് നമ്മുടെ ചിന്തകളെ തിരിച്ചുവയ്ക്കാം. യഥാർത്ഥത്തിൽ, നന്നായി പ്രവർത്തിക്കുകയും നല്ല ഫലോത്പാദനം നടത്തുകയും ചെയ്യുകയെന്നത് മാത്രമല്ല കാര്യമാത്ര പ്രസക്തമായിട്ടുള്ളത്. രോഗികളായവർ ദൈവജനത്തിന്റെ കേന്ദ്രസ്ഥാനത്തുള്ളവരാണ്; സഭ അവരോടൊപ്പമാണ് മുന്നേറുന്നത്. കാരണം, അത് മാനുഷികതയുടെ ഒരടയാളമാണ്; ഈ മാനുഷീകഭാവത്തിൽ ഓരോരുത്തരും വിലപ്പെട്ടവരാണ്; ആരും പുറംതള്ളപ്പെട്ടവരോ, പിന്നാക്കം നിറുത്തപ്പെട്ടവരോ ആകാൻ പാടില്ല.

രോഗികളുടെ ആശ്രയമായ മറിയത്തിന്റെ മാധ്യസ്ഥ്യത്തിനായി ഞാൻ രോഗികളായ എല്ലാവരെയും സമർപ്പിക്കുന്നു. അവരെ മാത്രമല്ല രോഗികളെ തങ്ങളുടെ ഭവനങ്ങളിൽ പരിചരിക്കുന്നവരെയും ജോലിയും ഗവേഷണവും സന്നദ്ധസേവനവും വഴിയായി പ്രവർത്തിക്കുന്നവരെയും വ്യക്തിപരവും സഭാപരവുമായ പൊതുസാമൂഹ്യപ്രവർത്തനം വഴിയായി സാഹോദര്യത്തിന്റെ കണ്ണികളെ കോർത്തിണക്കുന്നവരെയും അവളുടെ മാധ്യസ്ഥ്യത്തിനായി സമർപ്പിക്കുന്നു. നിങ്ങൾക്ക് എല്ലാവർക്കും ഞാൻ എന്റെ ഹൃദയപൂർവമായ ആശീർവാദം നല്കുന്നു.

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ ദേവാലയത്തിൽനിന്നു 2023 ജനുവരി 10-ാം തിയതി നല്കപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2023 ഫെബ്രുവരി 5-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

# സിനഡ് അനന്തര സർക്കുലർ

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായസഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിയൊന്നാമത് സിനഡിന്റെ ഒന്നാമത്തെ സമ്മേളനം മൂന്നു ദിവസങ്ങളിലെ ധ്യാനത്തിനും പ്രാർത്ഥനകൾക്കുംശേഷം ജനുവരി 9 മുതൽ 14 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലിക വിഷയങ്ങളെക്കുറിച്ചു പ്രാർത്ഥനാപൂർവ്വം പഠിക്കാനും ദൈവഹിതം അന്വേഷിക്കാനുമാണു സിനഡ് പിതാക്കന്മാർ ശ്രമിച്ചത്. സിനഡിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രാർത്ഥിച്ചതിനു ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു.

തന്റെ അഗാധമായ ദൈവികജ്ഞാനംകൊണ്ടും മാതൃകാപരമായ വിശുദ്ധജീവിതംകൊണ്ടും തിരുസഭയെ നയിച്ച ബെനഡിക്ട് പതിനാറാമൻ മാർപാപ്പ നിത്യസമ്മാനത്തിനു വിളിക്കപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് സിനഡു സമ്മേളനം ആരംഭിച്ചത്. പ്രതിസന്ധികളുടെ കാലത്തു സഭാനൗകയെ ധീരമായി നയിച്ച ബെനഡിക്ട് പാപ്പായോടു സഭയ്ക്കു വലിയ കടപ്പാടുണ്ട്. നമ്മുടെ സഭയുടെ വളർച്ചയ്ക്കു സഹായകമായ നിർണായകമായ ഒട്ടേറെ തീരുമാനങ്ങൾ എടുത്ത ബെനഡിക്ട് പാപ്പായുടെ ഹൃദയത്തിൽ സീറോമലബാർസഭയ്ക്കു സവിശേഷമായ സ്ഥാനമുണ്ടായിരുന്നു. റോമിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നടന്ന ബെനഡിക്ട് പാപ്പായുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ നമ്മുടെ സഭയിൽനിന്നുള്ള ഏതാനും പിതാക്കന്മാരോടൊപ്പം ഞാനും പങ്കെടുത്തിരുന്നു. ബെനഡിക്ട് മാർപാപ്പായുടെ ആത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചു നമുക്കു പ്രാർത്ഥിക്കാം.

ജഗദൽപൂർ രൂപതയുടെ മുൻ അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ സൈമൺ സ്റ്റോക്ക് പാലാത്തറ സി.എം.ഐ. പിതാവിന്റെ മരണത്തിൽ സിനഡ് അനുശോചനം രേഖപ്പെടുത്തി. സീറോമലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കു പിതാവു നൽകിയ ഊർജവും ദിശാബോധവും കാലാതിവർത്തിയാണെന്നു സിനഡു വിലയിരുത്തി.

**ഏകീകൃത കുർബാനയും എറണാകുളം-അങ്കമാലി അതിരൂപതയും**

ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം നടപ്പിലാക്കുന്നതിൽ എറണാകുളം - അങ്കമാലി അതിരൂപതയ്ക്കുള്ള അജപാലനപ്രശ്നങ്ങളെ സിനഡു വസ്തുനിഷ്ഠമായി വിലയിരുത്തി. 1999 നവംബർ മാസത്തിലെ സിനഡ് ഒരുമനസ്സോടെ തീരുമാനിച്ചതും തുടർന്നുള്ള വിവിധ സിനഡു സമ്മേളനങ്ങൾ ആവർത്തിച്ചാവശ്യപ്പെട്ടതും 2021 ആഗസ്റ്റ് മാസത്തിൽ സിനഡിന്റെ തീരുമാനപ്രകാരം 2021 നവംബർ 28 മംഗളവാർത്ത ഒന്നാം ഞായർമുതൽ നിയമബദ്ധമായി നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെട്ടതുമാണ് സീറോമലബാർസഭയുടെ ഏകീകൃത കുർബാനക്രമം. ഈ ക്രമം നടപ്പിലാക്കാൻ, തികച്ചും അസാധരണമായ നടപടിയെന്ന നിലയിൽ പിതൃസഹജമായ സ്നേഹത്തോടെ 2021 ജൂലൈ മൂന്നിനും 2022 മാർച്ച് 25നും ഫ്രാൻസിസ് മാർപാപ്പ രണ്ടു കത്തുകളിലൂടെ നേരിട്ടു ആവർത്തിച്ചു ആവശ്യപ്പെട്ടതാണ്. തിരുസ്സഭയുടെ പരമാധികാരിയായ പരിശുദ്ധ പിതാവിന്റെ ഈ ഉദ്ബോധനം സീറോമലബാർസഭയുടെ മക്കൾ മുഴുവനും അനുസരിക്കാൻ കടപ്പെട്ടവരാണ്. ആരാധനാക്രമവിഷയങ്ങളിൽ അന്തിമ തീരുമാനം എടുക്കേണ്ടതു സഭയുടെ സിനഡും ശ്ലൈഹിക സിംഹാസനവുമാണ്. ഇപ്രകാരം നൽകപ്പെട്ട നിയമത്തിനു വിരുദ്ധമായി തീരുമാനമെടുക്കാൻ മറ്റാർക്കും അവകാശമില്ല. ശ്ലൈഹിക സിംഹാസനം അംഗീകരിച്ച സഭാസിനഡിന്റെ തീരുമാനത്തെ മനഃപൂർവം അവഗണിച്ചു വിശുദ്ധ കുർബാനയർപ്പിക്കുന്നതു നിയമവിരുദ്ധമാണെന്ന് (illicit) എല്ലാവരും തിരിച്ചറിയണം. മേൽപറഞ്ഞ തീരുമാനത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുള്ള ചർച്ചകൾക്കുമാത്രമേ സഭാപരമായി സാധുതയുള്ളൂ.

എറണാകുളം - അങ്കമാലി അതിരൂപത നിലവിൽ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിൻ കീഴിലായതിനാൽ സിനഡിനു നേരിട്ട് അതിരൂപതയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനം എടുക്കാനാവില്ല. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായ ആർ

ച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ നിർദ്ദേശപ്രകാരം എറണാകുളം – അങ്കമാലി അതിരൂപതയിൽനിന്നുള്ള പിതാക്കന്മാർ ഉൾപ്പെടുന്ന ആറംഗ സമിതി ചർച്ചകൾക്കായി നിയോഗിക്കപ്പെട്ടു. ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതിയെ എതിർക്കുന്നവരും അനുകൂലിക്കുന്നവരുമായി സമിതി പല തവണ ചർച്ചകൾ നടത്തി. അതിരൂപതാ കൂരിയായിലെ അംഗങ്ങളുമായും വിശദമായ ചർച്ചകൾ നന്നു. കൂടാതെ അതിരൂപതാംഗങ്ങളായ വിവിധ അല്മായപ്രമുഖരുമായും സമിതി ആശയവിനിമയം നടത്തി. എറണാകുളം – അങ്കമാലി അതിരൂപതയിൽനിന്നു സിനഡിൽ സന്നിഹിതരായിരുന്ന എല്ലാ പിതാക്കന്മാരും ചർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ഹൃദയപൂർവം പങ്കുചേർന്നിരുന്നു. സിനഡു പിതാക്കന്മാരെല്ലാവരും ഉപവാസവും പ്രാർത്ഥനയുംവഴി ഈ അനുരഞ്ജന പ്രക്രിയയിൽ പങ്കാളികളായി.

സഭയുടെ ഐക്യത്തെ വർധിപ്പിക്കുന്നരീതിയിൽ ഏകീകൃത ബലിയർപ്പണം നടപ്പാക്കണമെന്ന തീരുമാനത്തിൽ അടിയുറച്ചുനിന്നുകൊണ്ട് അതു നടപ്പിലാക്കാൻ എറണാകുളം – അങ്കമാലി അതിരൂപതയിലെ ഇടവകകൾക്ക് ഔദാര്യപൂർവം സമയം നൽകുകയെന്ന ലക്ഷ്യത്തോടെയാണു ചർച്ചകൾ പുരോഗമിച്ചത്. കത്തീഡ്രൽ ബസിലിക്കയിൽ ഞായറാഴ്ചകളിലെങ്കിലും ഏകീകൃത രൂപത്തിലുള്ള കുർബാനയർപ്പിച്ചുകൊണ്ട് അനുരഞ്ജനത്തിന്റെ പ്രക്രിയ ആരംഭിക്കാമെന്നായിരുന്നു സിനഡുപിതാക്കന്മാരുടെ പ്രതീക്ഷ. അങ്ങനെ യോജിപ്പിൽ എത്തുകയാണെങ്കിൽ സിനഡിന്റെ അവസാനദിവസം പിതാക്കന്മാരെല്ലാം ഒന്നുചേർന്നു മേജർ ആർചുബിഷപ്പിന്റെ കാർമികത്വത്തിൽ ബസിലിക്കയിൽ വിശുദ്ധ കുർബാനയർപ്പിച്ചു ഐക്യത്തിലേക്കുള്ള പ്രയാണത്തെ ത്വരിതപ്പെടുത്താമെന്ന ചില വിഭാഗങ്ങളുടെ നിർദ്ദേശവും ഞങ്ങൾക്കു സ്വീകാര്യമായിരുന്നു. എന്നാൽ ഇനിയും വ്യക്തമാകാത്ത കാരണങ്ങളാൽ ഏകീകൃത കുർബാനക്രമത്തെ അംഗീകരിക്കാത്ത ചിലർ മേൽവിവരിച്ച തത്വങ്ങളിൽ ഉറച്ചുനിൽക്കാൻ വിസമ്മതിച്ചതിനാൽ സിനഡിന്റെ സമാപനത്തിൽ എല്ലാവർക്കും സ്വീകാര്യമായ തീരുമാനം പ്രഖ്യാപിക്കാൻ കഴിയാത്തതിൽ ഞങ്ങൾക്കു ഖേദമുണ്ട്. ഐക്യത്തിനുവേണ്ടിയുള്ള സഭയുടെ മനസ്സു തിരിച്ചറിഞ്ഞ് എല്ലാവരും ഏകമനസ്സോടെ സിനഡിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്ന ദിവസം അകലെയല്ലെന്ന പ്രത്യാശ ഈ ചർച്ചകളുടെ വെളിച്ചത്തിൽ ഞങ്ങൾ പങ്കുവയ്ക്കുന്നു. അതിനാൽ ചർച്ചകൾ തുടരുവാൻ ഏതാനും അല്മായപ്രമുഖരോടും ഞങ്ങൾ സഹായം തേടി

യിട്ടുണ്ട്. പിതാക്കന്മാരുടെ സമിതി തുടർന്നും ചർച്ചകൾക്കു നേതൃത്വം കൊടുക്കുന്നതാണ്.

മുറിവുകളുണക്കി ഹൃദയൈക്യത്തിലേക്കു നീങ്ങാൻ പരിശുദ്ധാത്മാവ് എല്ലാവരെയും പ്രചോദിപ്പിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു. സഭയുടെ ആധികാരിക പ്രബോധനങ്ങളും തീരുമാനങ്ങളും പൊതുനന്മയും ബലികഴിച്ചുകൊണ്ടുള്ള ഒത്തുതീർപ്പിനു സിനഡിനു സാധിക്കില്ല എന്ന സത്യം എല്ലാവരും മനസ്സിലാക്കേണ്ടതാണ്.

ചർച്ചകളിലൂടെ പ്രശ്നപരിഹാരമുണ്ടാക്കാൻ ഒരു മനസ്സോടെ പരിശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ എല്ലാത്തരം പ്രതിഷേധപ്രകടനങ്ങളിൽനിന്നും സമരമുറകളിൽനിന്നും പിന്മാറണമെന്ന് എല്ലാ വൈദികരോടും സന്യസ്തരോടും അല്മായവിശ്വാസികളോടും സിനഡ് ഏകമനസ്സോടെ ആഹ്വാനം ചെയ്യുന്നു. മാർപാപ്പയുടെ ഉദ്ബോധനം ലംഘിക്കുന്നതും മാർപാപ്പ നിയോഗിച്ച അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്കെതിരായി പ്രവർത്തിക്കുന്നതും പരിശുദ്ധ പിതാവിനെ നിരാകരിക്കുന്ന ഗുരുതരമായ കുറ്റമാണെന്ന് എല്ലാവരും ഗ്രഹിക്കണം. പരിശുദ്ധ പിതാവിന്റെ അംഗീകാരത്തോടെയുള്ള സിനഡിന്റെ തീരുമാനം നടപ്പിലാക്കാൻ വിശ്വാസപൂർവം മുമ്പോട്ടുവന്ന എറണാകുളം - അങ്കമാലി അതിരൂപതയിലെ വൈദികരുടെയും അല്മായ സഹോദരങ്ങളുടെയും നിലപാടു മാതൃകാപരമാണ്.

ഏകീകൃതരീതിയിലുള്ള കുർബാനയർപ്പണത്തിനുള്ള പരിശീലനമാണ് 2000-ാം ആണ്ടുമുതൽ കേരളത്തിലെ വൈദികവിദ്യാർത്ഥികൾക്കു മേജർ സെമിനാരികളിൽ നൽകിവരുന്നത്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി നമ്മുടെ സഭയുടെ മതബോധനക്ലാസുകളിൽ പഠിപ്പിച്ചിരുന്നതും ഏകീകൃത കുർബാനയർപ്പണരീതിയെ പരിചയപ്പെടുത്തുന്ന പാഠങ്ങളാണ്. അതിനാൽ ഏകീകൃത കുർബാനയർപ്പണരീതി തികച്ചും അപരിചിതമെന്നു പറയാൻ ആർക്കും സാധിക്കില്ല. നമ്മുടെ സഭയിൽ പ്രധാനമായും രണ്ടു തരത്തിലുള്ള വിശുദ്ധ കുർബാനയർപ്പണരീതികളാണ് 1999 വരെ നിലനിന്നിരുന്നത്: പൂർണമായി അൾത്താരാഭിമുഖവും പൂർണമായി ജനാഭിമുഖവും. പ്രസ്തുത രീതികളെ സഭയുടെ ഐക്യത്തെ മുൻനിറുത്തി ഏകോപിപ്പിച്ചാണു നിലവിലുള്ള ഏകീകൃത കുർബാനയർപ്പണരീതി സിനഡ് അംഗീകരിച്ചത്. അതിനാൽ, ഏതെങ്കിലും പക്ഷത്തിന്റെ വിജയമോ പരാജയമോ ആയി ഏകീകൃത കുർബാനയർപ്പണരീതിയെ ആരും ദുർവ്യാഖ്യാനം ചെയ്യരുത്.

2022 നവംബർ 27 ന് എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ വിശുദ്ധ കുർബാനയർപ്പിക്കാനെത്തിയ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെ തടഞ്ഞതും എറണാകുളം - അങ്കമാലി അതിരൂപതാകേന്ദ്രത്തിൽ നടന്ന പ്രതിഷേധപ്രകടനങ്ങളും അതിക്രമങ്ങളും അങ്ങേയറ്റം അപലപനീയമാണ്. പരിശുദ്ധ സിംഹാസനം ഭരമേല്പിച്ച ദൗത്യനിർവഹണത്തിനുള്ള ആത്മാർത്ഥമായ പരിശ്രമമാണ് അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവു നടത്തിയതെന്നു സിനഡു വിലയിരുത്തി. 2022 ഡിസംബർ 23, 24 തീയതികളിൽ എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ നടന്നതു സമാനതകളില്ലാത്ത വിശ്വാസവിരുദ്ധ പ്രവർത്തനങ്ങളാണ്. പരിശുദ്ധ കുർബാനയെ അവഹേളിക്കുന്ന പ്രവർത്തനങ്ങൾ ഹൃദയം തകർക്കുന്ന വേദനയോടെയാണു സഭയിലെ ഓരോ വിശ്വാസിയുംനോക്കികണ്ടത്. വിശുദ്ധ കുർബാനയെ പ്രതിഷേധ സമരമാർഗമായി ഉപയോഗിച്ച വൈദികരും അതിനെ പ്രതിരോധിക്കാൻ ബലിപീഠം കയ്യേറിയ വ്യക്തികളും സഭാഗാത്രത്തിൽ ഏൽപ്പിച്ച മുറിവ് ഏറെ ആഴമുള്ളതാണ്. പരിശുദ്ധ കുർബാനയെ അവഹേളിക്കുന്നതു നേരിട്ടുള്ള ദൈവനിന്ദയാണ്. ഈ സംഭവത്തെക്കുറിച്ചു അന്വേഷിക്കാൻ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ഒരു കമ്മീഷനെ നിയമിച്ചിരുന്നു. ഈ കമ്മീഷന്റെ റിപ്പോർട്ടു റോമിലെ ബന്ധപ്പെട്ട കാര്യാലയത്തിൽ അറിയിക്കുകയും അവിടെനിന്നു ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതം മേൽനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. പരിശുദ്ധ കുർബാനയെ അവഹേളിച്ച പ്രവർത്തിക്കു പരിഹാരമായി മെത്രാന്മാരും വൈദികരും സന്യസ്തരും സാധിക്കുന്ന വിശ്വാസികളും വിശുദ്ധ കുർബാനയ്ക്കുമുന്നിൽ ഒരു മണിക്കൂർ നിശബ്ദമായ ആരാധന നടത്തണമെന്നു സിനഡ് ആഹ്വാനം ചെയ്യുന്നു.

പൗരോഹിത്യം സഭയിലൂടെ ദൈവം നൽകുന്ന ദാനമാണ്. പരിശുദ്ധ പിതാവിനോടും മേജർ ആർച്ചുബിഷപ്പിനോടും രൂപതാദ്ധ്യക്ഷനോടും ചേർന്നുനിൽക്കുമ്പോഴാണു പൗരോഹിത്യം കൃപാദായകമാകുന്നത്. മാർപാപ്പായെയും സഭാതലവനെയും രൂപതാദ്ധ്യക്ഷനെയും നിഷേധിക്കുമ്പോൾ പൗരോഹിത്യം ഉറകെട്ടുപോയ ഉപ്പുപോലെ ഫലരഹിതമാകും എന്നതിനാലാണ് പൗരോഹിത്യ സ്വീകരണവേളയിൽ സഭാധികാരികളോടുള്ള അനുസരണവും വിധേയത്വവും പുരോഹിതാർത്ഥികൾ ഏറ്റുപറയുന്നത്. സഭയോടുള്ള കൂട്ടായ്മ മറക്കുമ്പോൾ പൗരോഹിത്യം ദൈവജനത്തിന് കൃപ നൽകാൻ കഴിവില്ലാത്തതാകുമെന്ന സത്യം എല്ലാ വൈദികരും തിരിച്ചറിയണം.

അനുരഞ്ജിതരായിത്തീരാൻവേണ്ടി നാം അർപ്പിക്കുന്ന വിശുദ്ധ കുർബാന അനൈക്യത്തിന്റെ വേദിയാക്കി സ്വയം അപഹാസ്യരാകാതിരിക്കാൻ എല്ലാ വൈദികരും സമർപ്പിതരും അല്മായസഹോദരങ്ങളും ശ്രദ്ധിക്കണം. സഭാസ്നേഹികളും പാരമ്പര്യവാദികളും എന്ന പേരിൽ നിരന്തരം പ്രകോപനപരമായി പ്രതികരിക്കുന്ന ഓൺലൈൻ കൂട്ടായ്മകൾ സ്വയം നിയന്ത്രിക്കേണ്ടത് സഭയുടെ ഐക്യത്തിന് അനിവാര്യമാണ്.

**പുതിയ യാമപ്രാർത്ഥനകൾ**

നമ്മുടെ സഭയുടെ യാമപ്രാർത്ഥനകളുടെ നവീകരിച്ച ക്രമം പുറത്തിറക്കാൻ കഴിഞ്ഞത് ഏറെ ശ്രദ്ധേയമായ നേട്ടമാണ്. സഭയുടെ തനതു പാരമ്പര്യങ്ങളോടും മൂലകൃതികളോടും വിശ്വസ്തത പുലർത്തുന്ന രീതിയിലാണ് പുതിയ ക്രമം രൂപപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ ആധ്യാത്മികതയിൽ യാമപ്രാർത്ഥനകൾക്കു വലിയ പ്രാധാന്യമുണ്ട്. വൈദികരും സന്യസ്തരും സാധിക്കുന്ന അല്മായരും യാമപ്രാർത്ഥനകൾ അനുദിന ആധ്യാത്മികതയുടെ ഭാഗമാക്കണം. 2023 ഫെബ്രുവരി 19 നോമ്പുകാലം ഒന്നാം ഞായർ മുതലാണ് നവീകരിച്ച ക്രമം ഔദ്യോഗികമായി നിലവിൽ വരുന്നത്.

**ബഫർസോൺ**

ബഫർ സോൺ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 2023 ജനുവരി 11 ലെ പരാമർശം കർഷകർക്ക് ആശാവഹമാണെന്നു സീറോമലബാർ സിനഡു വിലയിരുത്തി. മുഴുവൻ ജനവാസകേന്ദ്രങ്ങളെയും കൃഷിഭൂമിയെയും തോട്ടങ്ങളെയും ബഫർ സോൺ പരിധിയിൽനിന്നു ഒഴിവാക്കാനുള്ള സത്വരനടപടികൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. കണ്ണൂർ ജില്ലയിലെ ആറളം മുതൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാർവരെ വ്യാപിച്ചുകിടക്കുന്ന കേരളത്തിലെ 23 വന്യജീവി സങ്കേതങ്ങൾക്കു ചുറ്റും ജീവിക്കുന്ന ജനങ്ങൾ അപ്രഖ്യാപിത കുടിയിറക്കിന്റെ വക്കിലാണെന്നു സിനഡു നിരീക്ഷിച്ചു. നിലവിലുള്ള സങ്കേതങ്ങൾക്കുപുറമേ അട്ടപ്പാടിയിൽ പുതുതായി വനംവകുപ്പ് ശുപാർശചെയ്തിരിക്കുന്ന ഭവാനി വന്യജീവി സങ്കേതം അട്ടപ്പാടിയെ കൂടുതൽ ദോഷകരമായി ബാധിക്കും. സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഈ പുതിയ നീക്കം കർഷകരോടുള്ള വെല്ലുവിളിയായി മാത്രമേ മനസ്സിലാക്കാനാകൂ എന്നു സിനഡു വിലയിരുത്തി.

കൃഷിസ്ഥലങ്ങളും ജനവാസ കേന്ദ്രങ്ങളും പൂർണമായും ഒഴിവാക്കി വനാതിർത്തിക്കുള്ളിൽ ബഫർസോൺ നിലനിർത്തണമെന്നു സിനഡു സർക്കാരിനോട് ആവശ്യപ്പെടുന്നു. പുതുതായി നിർദ്ദേശിച്ചിരിക്കുന്ന ഭവാനി വന്യജീവിസങ്കേത ശുപാർശ അടിയന്തരമായി പിൻവലിക്കണം. കേരളത്തിലെ ഭൂരിപക്ഷം വന്യജീവിസങ്കേതങ്ങളുടെയും കോർസോണിന്റെ അതിർത്തി ജനവാസകേന്ദ്രങ്ങളുമായി പങ്കിടുന്ന വിധത്തിൽ തെറ്റായി നിശ്ചയിക്കപ്പെട്ടുപോയിട്ടുണ്ടെന്നും, വന്യജീവിസങ്കേതങ്ങളുടെ അതിർത്തിനിർണയത്തിലെ ഈ തെറ്റു തിരുത്താൻ സമയം അനുവദിക്കണമെന്നും കോടതിയിൽ ആവശ്യപ്പെടണം. ജനവാസകേന്ദ്രങ്ങളും കൃഷിഭൂമികളും വന്യജീവിസങ്കേതങ്ങളുടെ ബഫർസോൺ ആയി പ്രഖ്യാപിക്കാൻ സാധിക്കുകയില്ല എന്നും രേഖകളുടെ പിൻബലത്തോടെ കോടതി മുൻപാകെ സമർത്ഥിക്കാൻ സർക്കാരിനു കഴിയണം. നിലവിലുള്ള വന്യജീവി സങ്കേതങ്ങളുടെ അതിർത്തി അടിയന്തരമായി പുനർനിർണയിച്ച റിപ്പോർട്ട് കേന്ദ്ര വന്യജീവിബോർഡിന്റെ ശുപാർശയോടും സെൻട്രൽ എംപവെർഡ് കമ്മിറ്റി (CEC) യുടെയും കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന്റെയും അംഗീകാരത്തോടെയും സുപ്രീം കോടതിയിൽ സമർപ്പിക്കാൻ ആവശ്യമായ സമയം അനുവദിക്കണമെന്നു കോടതിയിൽ ആവശ്യപ്പെടണം. സാങ്കേതിക പിഴവുകൾ കൊണ്ടു വനാതിർത്തിക്കുള്ളിൽ പെട്ടുപോയ നിരവധി ജനവാസ മേഖലകളും കൃഷിയിടങ്ങളും സംരക്ഷിക്കാൻ പ്രസ്തുത പ്രദേശങ്ങളിലെ വനാതിർത്തികൾ പുനർനിർണയിക്കേണ്ടത് ആവശ്യമാണ്. കർഷകരെ മറന്നുകൊണ്ടുള്ള പരിസ്ഥിതി സംരക്ഷണം ഒരിക്കലും പ്രായോഗികമല്ല. അതിനാൽ, കർഷകരെക്കൂടി വിശ്വാസത്തിൽ എടുത്ത് ആരോഗ്യകരമായ പരിസ്ഥിതി സംസ്കാരം രൂപപ്പെടുത്തുവാൻ സർക്കാരിനു കഴിയണം.

**സംവരണേതര വിഭാഗങ്ങൾക്കുള്ള സംവരണം**

സംവരണേതരവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണത്തിന്റെ (EWS) ആനുകൂല്യങ്ങൾ സഭാംഗങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തണമെന്നു സിനഡ് ആഹ്വാനം ചെയ്യുന്നു. സംവരണ മാനദണ്ഡങ്ങളെ സംബന്ധിച്ചുള്ള കേന്ദ്ര ഗവൺമെന്റ് ഉത്തരവിനനുസൃതമായി കേരളത്തിലും നിയമഭേദഗതി വരുത്താൻ സംസ്ഥാന സർക്കാർ തയ്യാറാകണം. എങ്കിൽമാത്രമേ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സഭാംഗങ്ങൾ

ക്ക് ഈ സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. കേന്ദ്ര സംസ്ഥാന നിയമങ്ങൾതമ്മിൽ നിലവിലുള്ള വൈരുധ്യം പരിഹരിക്കാൻ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി മുൻകൈ എടുക്കണമെന്നു സിനഡ് ആവശ്യപ്പെട്ടു.

**മെൽബൺ രൂപതയ്ക്ക് പുതിയ ഇടയൻ**

സീറോമലബാർസഭയ്ക്കു ഓസ്ട്രേലിയായിലെ മെൽബൺ കേന്ദ്രമായുള്ള രൂപതയ്ക്ക് പുതിയ ഇടയനായി സി.എം.ഐ. സന്യാസസഭാംഗമായ ഫാ. ജോൺ പനന്തോട്ടത്തിലിനെ മാർപാപ്പ നിയമിച്ചു. നിയുക്ത മെത്രാനും മെൽബൺ രൂപതയ്ക്കും എല്ലാ ഭാവുകങ്ങളും അഭിനന്ദങ്ങളും പ്രാർത്ഥനാപൂർവ്വം നേരുന്നു. ആരംഭംമുതൽ നാളിതുവരെ മെൽബൺ രൂപതയെ വളർച്ചയുടെ പാതയിൽ കൃപയോടെ നയിച്ച അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവിനോടു സീറോമലബാർസഭ ഏറെ കടപ്പെട്ടിരിക്കുന്നു. സഭയുടെ ആദ്യത്തെ കൂരിയാ ബിഷപ്പ് എന്നനിലയിലും മെൽബൺ രൂപതാദ്ധ്യക്ഷൻ എന്ന നിലയിലുമുള്ള പിതാവിന്റെ ശ്ലൈഹികശുശ്രൂഷ സഭയ്ക്കുമുഴുവൻ അനുഗ്രഹമായിരുന്നു.

പുതുവർഷത്തിൽ പുത്തൻ പ്രതീക്ഷകളുമായി നമ്മെ മുന്നോട്ടുനയിക്കുന്ന നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്കു നന്ദിപറയാം. ദൈവത്തിന്റെ അനുഗ്രഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. പിതാവായ ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹവും നമ്മുടെ കർത്താവീശോമിശിഹായുടെ നിരന്തരസാന്നിധ്യവും പരിശുദ്ധാത്മാവിന്റെ കൃപയാർന്ന പരിപാലനയും നമ്മെ അനുഗ്രഹിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2023-ാം ആണ്ട് ജനുവരി മാസം 14-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

C.6. സർക്കുലർ

# രോഗീദിനം 2023

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരെ സഹോദരി സഹോദരന്മാരെ,

31-ാമത് ലോക രോഗീദിനമായി ഫെബ്രുവരി 11 -ാം തീയതി ആചരിക്കുകയാണല്ലോ. രോഗികളായവരെയും അവരെ ശുശ്രൂഷിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും സംഘടനകളെയും പ്രത്യേകമായി അനുസ്മരിക്കേണ്ട ദിനമാണിത്. രോഗീ പരിചരണം സിനഡാത്മക സഭയുടെ അനുകമ്പയുടെ മുഖം ആയിട്ടാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ നമ്മെ ഓർമിപ്പിക്കുന്നത്. "നിങ്ങളുടെ പിതാവ് അനുകമ്പയുള്ളവരായിരിക്കുന്നത് പോലെ നിങ്ങളും അനുകമ്പ ഉള്ളവരായിരിക്കുവിൻ" (ലൂക്കാ 6:36) എന്ന ഈശോയുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് രോഗികളും വേദനിക്കുന്നവരുമായ സഹജീവികളോട് നമുക്ക് അനുകമ്പയുള്ളവരായിരിക്കാം.

ആഗോള കത്തോലിക്കാസഭ രോഗീപരിചരണ മേഖലയിൽ ലോകത്തിന് എന്നും മാതൃകയാണ്. സഭയോട് ചേർന്ന് കൊണ്ട് നമ്മുടെ ഇടവകകളിലും രോഗികളായി കഴിയുന്നവരെ സന്ദർശിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും നമുക്ക് ശ്രദ്ധയുള്ളവരാകാം. ഈ രോഗീ ദിനാചരണം രോഗികളോടും അവരുടെ കുടുംബാംഗങ്ങളോടും ഉള്ള അടുപ്പത്തിലും വളരുന്നതിന് സഹായകമാകട്ടെ. വീടുകളിലും സ്ഥാപനങ്ങളിലും രോഗികളായി കഴിയുന്നവരെ ശുശ്രൂഷിക്കുന്നവരെയും സഹായിക്കുന്നവരെയും ആദരിക്കുവാനും ഈ അവസരം നമുക്ക് പ്രയോജനപ്പെടുത്താം. നമ്മുടെ രൂപതയിൽ സജീവമായി പ്രവർത്തിക്കുന്ന പാലിയേറ്റീവ് പ്രവർത്തകരെ നന്ദിയോടെ അനുസ്മരിക്കുന്നു.

രോഗീദിനാചരണത്തിന് ഒരുക്കമായി ഫെബ്രുവരി 5 മുതൽ 11 വരെ ദിവസങ്ങളിൽ നമ്മുടെ ദൈവാലയങ്ങളിൽ രോഗികൾക്കായി പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. ആ ദിവസങ്ങളിൽ സാധിക്കുന്ന ഇടവകകളിൽ രോഗികളെ

ദൈവാലയത്തിൽ ഒരുമിച്ചുകൂട്ടി കുമ്പസാരവും കുർബാനയും ആരാധനയും നടത്തുക ഉചിതമായിരിക്കും. "ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചു" (മത്തായി 25:36-43 ) എന്ന ഈശോയുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് രോഗികളായിരിക്കുന്ന ആളുകളെ സന്ദർശിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും നമുക്ക് പരിശ്രമിക്കാം. കിടപ്പുരോഗികളെ കുമ്പസാരിപ്പിച്ച് വിശുദ്ധ കുർബാന നൽകുന്നത് അഭികാമ്യമാണ്. ഇടവക തലത്തിൽ വിവിധ സംഘടനകളുമായി കൂടിയാലോചിച്ച് രോഗി ദിനം സമുചിതമായി നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

12-ാം തീയതി ഞായറാഴ്ച 2 മണിമുതൽ ആയിരമേക്കർ പള്ളിയിൽ വച്ച് രൂപതാ തലത്തിൽ കത്തോലിക്കാ കരിസ്മാറ്റിക് നവീകരണത്തിന്റെ സഹകരണത്തോടെ രോഗികൾക്ക് വേണ്ടി പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷ നടത്തുന്നതാണ്. സാധിക്കുന്നവരെല്ലാം രോഗികളായിരിക്കുന്ന നമ്മുടെ പ്രിയപ്പെട്ടവരെ ഈ രോഗസൗഖ്യ ശുശ്രൂഷയിൽ പങ്കെടുപ്പിക്കുവാൻ സഹായിക്കുകയും പരിശ്രമിക്കുകയും ചെയ്യണം. ഈ രോഗി ദിനാചരണം രോഗികളായിരിക്കുന്നവരിലേക്കും അവരെ ശുശ്രൂഷിക്കുന്നവരിലേക്കും തിരിയുന്ന അനുകമ്പയുടെ മുഖമുള്ളവർ ആയിത്തീരാൻ നമ്മെ സഹായിക്കട്ടെ.

എന്ന് സ്നേഹപൂർവ്വം,

✠ **മാർ ജോൺ നെല്ലിക്കുന്നേൽ**
ഇടുക്കി രൂപത മെത്രാൻ

**ഡിസംബർ 2022**

22 മാർ എഫ്രേംസ് മൈനർ സെമിനാരിയിൽ സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

23 വെള്ളത്തൂവലിൽ വിവിധ ക്രൈസ്തവ സമൂഹങ്ങൾ സംഘടിപ്പിച്ച സംയുക്ത ക്രിസ്തമസ് ആഘോഷ പരിപാടിയിൽ പങ്കെടുത്ത് സന്ദേശം നൽകി.

24 തോപ്രാംകുടി അസ്സീസി ആശ്രമം സന്ദർശിച്ച് ക്രിസ്തുമസ് ആശംസകൾ നേർന്നു.

* CMC, SH, SABS, FCC പ്രൊവിൻഷ്യൽ ഹൗസുകൾ സന്ദർശിച്ച് ക്രിസ്തുമസ് മംഗളങ്ങൾ നേർന്നു.

25 പണിക്കൻകുടി ജോൺ മരിയ വിയാനി ദൈവാലയത്തിൽ തിരുപ്പിറവിയുടെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

25 കുത്തുപാറ ഇടവകാതിർത്തിയിൽ ചെങ്കുളത്ത് അഗതികൾക്കും പാവപ്പെട്ടവർക്കും വേണ്ടി പ്രവർത്തിക്കുന്ന മേഴ്സി ഹോമിൽ പുതിയതായി നിർമ്മിക്കപ്പെട്ട ബ്ലോക്കിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

26 ഈട്ടിത്തോപ്പ് ഇടവകാംഗവും എം.എസ്.ടി. സന്യാസി സഭാംഗവുമായ ഡീക്കൻ ജോസഫ് ആനക്കല്ലിലിനു തിരുപ്പട്ടം നൽകി.

27 പാലാർ സെന്റ് ജോർജ് ഇടവകാംഗമായ ഡീക്കൻ ജോർജ് പുല്ലാനിത്തുണ്ടത്തിലിനു തിരുപ്പട്ടം നൽകി.

28 കരിക്കുംതോളം സെന്റ് ആന്റണി ഇടവകാംഗമായ ഡീക്കൻ ജോർജ് കായംകാട്ടിലിനു തിരുപ്പട്ടം നൽകി.

* ഉദയഗിരി സെന്റ് മേരിസ് ഇടവകാംഗമായ മരണമടഞ്ഞ കൊച്ചോഴത്തിൽ സ്കറിയയുടെ ഭവനത്തിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

29 കോമ്പയാർ ഇൻഫന്റ് ജീസസ് ഇടവകാംഗമായ ഡീക്കൻ സെബാസ്റ്റ്യൻ കൈതാരത്തിന് തിരുപ്പട്ടം നൽകി.

* പഴയരിക്കണ്ടം സെന്റ് സെബാസ്റ്റ്യൻ ഇടവകാംഗവും സി. എസ്.ടി. സന്യാസ സഭാംഗവുമായ ഡീക്കൻ പ്രവീൺ കള്ളി കാട്ടിനു തിരുപ്പട്ടം നൽകി.

* തെള്ളിത്തോട് ക്നാനായ പള്ളിയുടെ ദൈവാലയ കൂദാശയോട് അനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

30 ബഹു. തോമസ് കുളമാക്കലച്ചന്റെ മാതാപിതാക്കളായ ഫ്രാൻ സിസ് - ത്രേസ്യാമ്മ ദമ്പതികളുടെ വിവാഹ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

* മാർ എഫ്രേംസ് മൈനർ സെമിനാരിയിൽ നടന്ന മേജർ സെമിനാ രിക്കാരുടെ കൂട്ടായ്മയിൽ വി. കുർബാനയർപ്പിച്ച് തന്റെ പൗരോ ഹിത്യ രജത ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു.

31 തട്ടേക്കണ്ണി സെന്റ് ജോർജ് ഇടവകാംഗവും സി.എസ്.ടി. പഞ്ചാ ബ് പ്രോവിൻസ് അംഗവുമായ ഡീ. ജിയോ ജോൺ കൊല്ലംപ റമ്പിലിന് തിരുപ്പട്ടം നൽകി.

* പെരിഞ്ചാംകുട്ടി ഇടവകാംഗമായ ശൗര്യാംകുഴിയിൽ ജോർജ്- ഷേർളി ദമ്പതികളുടെ മകൾ അമൽപ്രിയയുടെ വിവാഹനി ശ്ചയം മുരിക്കാശ്ശേരി സെന്റ് മേരീസ് പള്ളിയിൽ വച്ച് നടത്തി.

**ജനുവരി 2023**

01 മാർ എഫ്രേം മൈനർ സെമിനാരിയിൽ വച്ച് ബ്രദർ ജോസഫ് വള്ളിയാംതടത്തിലിന് ഹെവ്പ്പദ്യാക്ക്ന പട്ടം നൽകി.

* പാറത്തോട് കാഞ്ഞമല ഷാജി - ലിനു ദമ്പതികളുടെ മകൻ രോഹന്റെയും അന്നയുടെയും വിവാഹം തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് ടൗൺ പള്ളിയിൽ വച്ച് ആശീർവദിച്ചു.

* പുതുതായി നിർമ്മിക്കുന്ന രൂപതാ കാര്യാലയത്തിന്റെ ശിലാ സ്ഥാപന കർമ്മം നിർവ്വഹിച്ചു.

* ബഥേൽ സെന്റ് ജേക്കബ്സ് പള്ളി ഇടവകാംഗമായ പരേതൻ മലേപറമ്പിൽ സ്കറിയായുടെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

* കൂമ്പൻപാറ ഫാത്തിമമാതാ ദൈവാലയത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

* രാജകുമാരി സെന്റ് മേരീസ് സെന്ററൽ സ്കൂൾ ഡയറക്ടർ ബോർഡ് യോഗത്തിൽ പങ്കെടുത്തു.

02 സ്നേഹഗിരി സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗമായ ഡീ. മാത്യു പുളിയാങ്കലിന് തിരുപ്പട്ടം നൽകി.

* മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ നടന്ന ദേശീയ വനിതാ വോളിബോൾ ടൂർണ്ണമെന്റ് ഉദ്ഘാടനം ചെയ്തു.

03 തൊടുപുഴ, ചുങ്കം സെന്റ് മേരീസ് ഇടവകാംഗമായ പരേതൻ ഡോ. ജോസ് സി പീറ്റർ അറയ്ക്കലിന്റെ ചരമവാർഷികത്തിൽ വി. ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

* മുതലക്കുടം സെന്റ് ജോർജ് ഇടവകാംഗമായ സലേഷ്യൻ വൈദികൻ ബഹു. സി.സി. ജോസ് ചെമ്പരത്തിയുടെ സുവർണ്ണ ജൂബിലി ആഷോഷത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

04 മാങ്കുളം സെന്റ് മേരീസ് ഫൊറോനാ ഇടവകാംഗമായ ഡീ. മാത്യു പഴൂക്കുടിക്ക് തിരുപ്പട്ടം നൽകി.

* നിത്യസമ്മാനത്തിന് വിളിക്കപ്പെട്ട ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് 16-ാമനോടുള്ള ആദരസൂചകമായി വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രലിൽ രൂപതാതല അനുസ്മരണവും പ്രാർത്ഥനാശുശ്രൂഷയ്ക്കും നേതൃത്വം നൽകി.

05 മരിയാപുരം സെന്റ് മേരീസ് പള്ളിയിൽ പരി. കന്യകാമാതാവിന്റ പുതിയ രൂപം വെഞ്ചരിച്ച് പ്രതിഷ്ഠയ്ക്കായി നൽകി.

* അടിമാലി സി.എം.സി. കർമ്മലീത്താ സന്യാസ സമൂഹത്തിൽ സന്യാസ സമർപ്പണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഇടുക്കി - കോതമംഗലം പ്രോവിൻസുകളിലെ ജൂബിലേറിയൻസിനുവേണ്ടി വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

* ഭാഗ്യ സ്മരണാർഹനായ ബെനഡിക്ട് 16-ാമൻ പാപ്പയുടെ കബറടക്കശുശ്രൂഷകളുടെ തത്സമയ സംപ്രേഷണത്തിൽ സംബന്ധിച്ചു.

06 സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന കഞ്ഞിക്കുഴി സെന്റ് മേരീസ് പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

06-14 സഭാകാര്യാലയമായ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടന്ന സീറോ മലബാർ മെത്രാൻമാരുടെ 31-ാം സിനഡിൽ പങ്കെടുത്തു.

13 ഓസ്ട്രിയയിലെ ഇൻസ്ബ്രുർഗ് രൂപതയുടെ മെത്രാനായ ഹെർമൻ ഗ്ലെറ്റ്ലർ രൂപതാ കാര്യാലയം സന്ദർശിച്ചു.

15 അടിമാലി സെന്റ് ജൂഡ് ദൈവാലയത്തിൽ വി. യൂദാ തദേവൂസിന്റെ തിരുനാൾ ആഘോഷത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

* പൊൻമുടി സെന്റ മേരീസ് ഇടവകയിൽ പുതുതായി നിർമ്മിച്ച കുരിശടിയുടെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ച് വി. കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു.

* പൂതാളി ഇടവകാംഗമായ ശ്രീ. ജോമോൻ ഉതിരക്കല്ലേൽ പുതിയതായി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു.

* രാജാക്കാട് സെന്റ് ജോസഫ് ഫോർത്ത് ഇയർ ഹാസിൽ വച്ച് അരുണാച്ചൽ പ്രദേശിലെ സാന്താ മരിയ മിഷനിൽ ജോലി ചെയ്യുന്ന ഫാ. ജോസഫ് ഐക്കരപറമ്പിൽ, ഫാ കുര്യാക്കോസ് കൊല്ലപ്പള്ളിൽ എന്നിവരുമായി കൂടിക്കാഴ്ച്ച നടത്തി.

16 തോപ്രാംകുടി സെന്റ് മരിയ ഗൊരേത്തി ഫൊറോനാ ദൈവാലയത്തിൽ ഫ്രാൻസിസ്കൻ ഡെസ്റ്റിറ്റ്യൂട്ട് സന്യാസിനി സമൂഹത്തിന്റെ സഭാവസ്ത്രസ്വീകരണത്തിനും വ്രതവാഗ്ദാന കർമ്മത്തിനും മുഖ്യ കാർമ്മികത്വം വഹിച്ചു.

17 നാരകക്കാനം സെന്റ് ജോസഫ് ഇടവകയിൽ എൽ.എസ്.ഡി.പി. സന്യാസിനി സമൂഹം പുതുതായി നിർമ്മിച്ച മഠത്തിന്റെ ആശീർവാദ കർമ്മം നടത്തി.

* സി.എസ്.എൻ. സന്യാസിനി സമൂഹത്തിന്റെ അടിമാലിയിലുള്ള ഭവനത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

* അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന യുവവൈദികരുടെ സെമിനാറിൽ പങ്കെടുത്ത് സംസാരിച്ചു.

18 അടിമാലി പാസ്റ്ററൽ സെന്ററിൽ വിളിച്ചുചേർത്ത പാസ്റ്ററൽ കൗൺസിൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു.

* തൊടുപുഴ എം.എൽ.എ. ശ്രീ. പി.ജെ. ജോസഫിന്റെ വസതിയിലെത്തി നിര്യാതയായ പ്രിയ പത്നി ശ്രീമതി ശാന്ത ജോസഫിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

19 മരിയാപുരം സെന്റ് മേരീസ് സ്കൂളിന്റെ അദ്ധ്യാപക - രക്ഷകർതൃ ദിന യാത്രയയപ്പ് സമ്മേളനത്തിൽ അദ്ധ്യക്ഷപദം അലങ്കരിച്ചു സംസാരിച്ചു.

* തങ്കമണി സെന്റ് തോമസ് ഫൊറോനാ ഇടവക കുമ്പളന്താനം ദിപുവിന് സൗജന്യമായി നിർമ്മിച്ച് നൽകിയ ഭവനത്തിന്റെ വെഞ്ചരിപ്പും താക്കോൽദാന കർമ്മവും നിർവഹിച്ചു.

20 രൂപത കാര്യാലയത്തിൽ വച്ച് നടത്തിയ ആലോചനാ സമിതിയുടെ സമ്മേളനത്തിൽ അദ്ധ്യക്ഷപദം അലങ്കരിച്ചു.

* ചുരുളി സാന്തോം പബ്ലിക് സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു.

21 വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ഇടവക ദൈവാലയത്തിൽ വച്ച്  ജോർദ്ദാനിയ മാമ്മോദീസയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. നമ്മുടെ രൂപതയിലെ വലിയ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തിവരുന്ന ഈ കർമ്മത്തിൽ 10 കുട്ടികൾ ജ്ഞാനസ്നാനം സ്വീകരിച്ചു.

* ഈട്ടിത്തോപ്പ് വിജയമാതാ ഇടവകയിൽ എഫ്.സി.സി. സന്യാസിനി സമൂഹം പുതുതായി നിർമ്മിച്ച സന്യാസ ഭവനം വെഞ്ചരിച്ച് പ്രതിഷ്ഠിച്ചു.

22 താന്നിക്കണ്ടം സെന്റ് മേരീസ് ഇടവക ദൈവാലയത്തിന്റെ ശിലാസ്ഥാപന കർമ്മം വി. കുർബാനയോടുകൂടി നടത്തി.

* ഉദയഗിരി സെന്റ് മേരീസ് ഇടവകയിൽ പുതിയതായി നിർമ്മിച്ച പള്ളിമുറിയുടെ വെഞ്ചരിപ്പ് വി. കുർബാനയോടുകൂടി നടത്തി.

# BISHOP'S ENGAGEMENTS

**ഫെബ്രുവരി 2023**

02 മാർ സ്ലീവാ കോളേജ്, മുരിക്കാശ്ശേരി

മുളകുവള്ളി, സ്നേഹഗിരി സിസ്റ്റേഴ്സ്

03 തിരുനാൾ, കൈലാസപ്പാറ

04 വനിതാ കമ്മീഷൻ, ബിഷപ്സ് ഹൗസ്

മാങ്കുളം

6-8 Engaged

09 പൊൻമുടി, വീട് വെഞ്ചിരിപ്പ്

10 Engaged

11 ടീച്ചേഴ്സ് ഗിൽഡ്

രോഗീദിനം

കരുണ ആനിമേഷൻ സെന്റർ, നെടുങ്കണ്ടം

12 ഭൂമിയാംകുളം, തിരുനാൾ കുർബാന

വാഴത്തോപ്പ്

13-19 Engaged

24 എഴുകുംവയൽ, വി. കുർബാന

25 KCYM, പാറത്തോട്

## C. 11/23 NEW APPOINTMENTS

**Pro-Vicar**

1. Rev.Fr. Thomas Thaicheril - Kanjikuzhy

**Vicar In Charges**

1. Rev. Fr. George Karinthel - Kanchiyar
2. Rev. Fr. Martin Ponpanal - Alpara
3. Rev. Fr. Thomas Manalel CRM - Munnar and Vattavada

**Assistant Vicars**

1. Rev. Fr. Emmanuel Erathel OFM Cap. - Vellayamkudy
2. Rev. Fr. Francis Poovatholil MST - Ellakal
3. Rev. Fr. George Kayamkattil - Vazhavara
4. Rev. Fr. George Pullanithundathil - Murickassery
5. Rev. Fr. Joseph Anakallil MST - Kanjikuzhy
6. Rev. Fr. Joseph Maruthumkuzhiyil MST - Ezhukumvayal
7. Rev. Fr. Joseph Perumanoor MST - Erattayr
8. Rev. Fr. Mathew Puliyankal - Rajakad
9. Rev. Fr. Mathew Varickickal MST - Adimali
10. Rev. Fr. Sebastian Kaitharam - Panickankudy

**Mission**

1. Rev. Fr. Mathew Pazhookudiyil - Jagadalpur Mission
2. Rev. Fr. Thomas Madickankal - Jagadalpur Mission

**Studies**

1. Rev. Fr. Joseph Mekkunnel - German Language
2. Rev. Fr. Scaria Kaipayil - German Language
3. Rev. Fr. Sebastian Elampurayidathil - German Language

**Other Offices**

1. Rev. Fr. Sebastian Vettukallel - Vice-Rector in Charge

*Bishop*

## C. 12/23 വലിയ നോമ്പാരംഭവും വിവാഹാഘോഷ മുടക്കവും

ഫെബ്രുവരി 19-ാം തീയതി പാതിരാ മുതൽ വലിയനോമ്പ് വരെ വിവാഹവും സമാനമായ മറ്റ് ആഘോഷങ്ങൾക്കും മുടക്കാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. തീർത്തും ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ മാത്രമേ നോമ്പുകാലത്ത് വിവാഹം നടത്തുവാൻ പാടുള്ളൂ. അത് അനാർഭാടമായി നടത്തേണ്ടതുമാണ്. നോമ്പുകാലത്ത് വിവാഹം നടത്തിക്കിട്ടുവാൻ രൂപതക്കച്ചേരിയിൽ സമർപ്പിക്കുവാനുള്ള അപേക്ഷകൾ ശുപാർശ ചെയ്യുമ്പോൾ ബഹു. വികാരിമാർ ഇക്കാര്യം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Bishop*

## C. 13/23 തിരുബാലസഖ്യം

ഫെബ്രുവരി 12 ഞായറാഴ്ച തിരുബാലസഖ്യദിനമായി ആചരിക്കേണ്ടതാണ്. അന്നേ ദിവസം കൊച്ചുകുട്ടികൾക്കായി പ്രത്യേക പരിപാടികൾ നടത്തുകയും ചെയ്യേണ്ടതാണ്.

*Bishop*

## C. 14/23 ഇടുക്കി രൂപതയുടെ സ്ഥാപനദിനം

ഇടുക്കി രൂപതയുടെ സ്ഥാപനദിനം മാർച്ച് 2-ാം തീയതിയാണല്ലോ. രൂപതയുടെ സർവ്വതോൻമുഖമായ വളർച്ചയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. കഴിഞ്ഞ 20 വർഷക്കാലം ദൈവം നമുക്കു തന്ന അനുഗ്രഹങ്ങൾക്ക് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുവാൻ ബഹു. വികാരിയച്ചന്മാർ വിശ്വാസികളെ ഉദ്ബോധിപ്പിക്കുമല്ലോ.

*Proto Syncells*

## C. 15/23 Monthly Recollection for Priests

ഫെബ്രുവരി മാസത്തെ പഠനവിഷയം ഇടുക്കി രൂപതാ നിയമാവലി 274 മുതൽ 280 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto Syncellus*

## C. 16/23 കരുണ ആനിമേഷൻ സെന്റർ, നെടുംകണ്ടം

നെടുങ്കണ്ടത്ത് സജ്ജമാക്കിയിരിക്കുന്ന കരുണ ആനിമേ

ഷൻ സെന്ററിന്റെയും ഡിവൈൻ മേഴ്സി ചാപ്പലിന്റെയും വെഞ്ചെരിപ്പും പ്രവർത്തനോദ്ഘാടനവും ഫെബ്രുവരി 11-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് നടത്തപ്പെടുന്നു. എല്ലാവരുടെയും സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു. പ്രസ്തുത സെന്റർ ധ്യാനം, സെമിനാറുകൾ, പരിശീലനപരിപാടികൾ എന്നിവ നടത്തുന്നതിന് ലക്ഷ്യം വയ്ക്കുന്നു. ഈ സൗകര്യം പ്രയോജനപ്പെടുത്താൻ ഏവരും ശ്രദ്ധിക്കുമല്ലോ. വിശദവിവരങ്ങൾക്കായി ഡയറക്ടർ ബഹുമാനപ്പെട്ട ജെയിംസ് മാക്കിയിലച്ചനെ (9526496747) സമീപിക്കാവുന്നതാണ്.

*Proto Syncellus*

## C. 17/23 ഫെബ്രുവരി 2 - ലോകസമർപ്പിതദിനം

2023 ഫെബ്രുവരി 2 ആഗോളസഭയിൽ ലോകസമർപ്പിതദിനമായി ആചരിക്കുകയാണ്. അന്നേ ദിവസം എല്ലാ സമർപ്പിതരേയും വിശുദ്ധ കുർബാനയിൽ അനുസ്മരിച്ച് പ്രാർത്ഥിക്കാം. ഇടവകകളിൽ ഈ ദിനം ഉചിതമായി ആചരിക്കുവാനുള്ള ക്രമീകരണങ്ങൾ ബഹു. വാകാരിയച്ചന്മാർ നടത്തുമല്ലോ. സമർപ്പിത സന്യാസഭവനങ്ങളിൽ ഒരു മണിക്കൂർ ആരാധന നടത്തി പ്രാർത്ഥിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

*Proto Syncellus*

## C. 18/23 പാസ്റ്ററൽ കൗൺസിൽ

ഇടുക്കി രൂപതയുടെ പാസ്റ്ററൽ കൗൺസിലിന്റെ സാധാരണ യോഗം 2023 ജനുവരി 18-ാം തീയതി അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 10 30 ന് ആരംഭിച്ചു. യോഗത്തിന് രൂപത വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ സ്വാഗതം ആശംസിച്ചു. ജോയിന്റ് സെക്രട്ടറി ശ്രീ. ഷാജി വൈക്കത്തുപറമ്പിൽ കഴിഞ്ഞ യോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. ഉദ്ഘാടന സന്ദേശത്തിൽ അഭിവന്ദ്യപിതാവ് കൗൺസിലിൽ ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങൾ പരിചയപ്പെടുത്തുകയും രൂപതയുടെ അജപാലന ദൗത്യനിർവഹണത്തിൽ കൗൺസിലിന്റെ പ്രാധാന്യം അംഗങ്ങളെ ഓർമ്മിപ്പിക്കുകയും ചെയ്തു. ഉദ്ഘാടനകർമ്മത്തിന് ശേഷം ബഫർ സോൺ യാഥാർത്ഥ്യങ്ങളും പ്രതിവിധികളും എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീ. ജയിംസ് വടക്കേൽ ക്ലാസ് നയിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് അദ്ദേഹം വിശദീകരണം നൽകി.

ശ്രീമതി സെലിൻ ക്ലാസ് നയിച്ച ജെയിംസ് വടക്കേലിന് നന്ദി അർപ്പിച്ചു. ഉച്ചഭക്ഷണത്തിന് മുമ്പായി എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ സി. ലിറ്റി പ്രാർത്ഥന നയിച്ചു. ഉച്ചഭക്ഷണത്തിനുശേഷമുള്ള സമ്മേളനത്തിൽ അല്മായ പ്രേഷിതത്വം, രൂപതയുടെ സാമ്പത്തിക സ്രോതസ്സ്, കുടുംബ കൂട്ടായ്മ, സ്ത്രീ യുവജന പ്രേഷിതത്വം, ഇടുക്കി രൂപത അസംബ്ലി, രൂപതാദിനാചരണം, സമർപ്പിത സമൂഹങ്ങളുടെ സംഭാവനകൾ, കർഷകരെ സഹായിക്കാനുള്ള പദ്ധതികൾ എന്നീ വിഷയങ്ങൾ പാസ്റ്ററൽ കൗൺസിൽ ഗ്രൂപ്പ് തിരിഞ്ഞ് ചർച്ച ചെയ്തു. ഗ്രൂപ്പിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ പൊതുവായി അവതരിപ്പിച്ചു. രൂപതാദിനാചരണ കമ്മിറ്റിയിലേക്ക് പാസ്റ്ററൽ കൗൺസിൽ പ്രതിനിധികളായി ശ്രീ. അലക്സ് പുളിമൂട്ടിൽ, ശ്രീ. ജോർജ് കോയിക്കൽ, ശ്രീമതി ഷൈനി മാത്യു, ശ്രീമതി സെലിൻ, സി. ലിറ്റി എസ്.എ.ബി.എസ്. എന്നിവരെ തിരഞ്ഞെടുത്തു. കൂടാതെ, എപ്പാർക്കിയൽ അസംബ്ലി കമ്മിറ്റിയിലേക്ക് ശ്രീ. ജോസ് കൂട്ടുങ്കൽ, ശ്രീ. സണ്ണി എൻ.പി., ശ്രീമതി മേഴ്സി സണ്ണി, ശ്രീമതി റോസക്കുട്ടി അബ്രാഹം, സി. സുഗുണ എഫ്.സി.സി., സി. ടെസ്‌ലിൻ എസ്.എച്ച്. എന്നിവരെയും തിരഞ്ഞെടുത്തു. ഇടുക്കിയുടെ ജനങ്ങൾ അഭിമുഖീകരിക്കുന്ന ബഫർസോൺ വിഷയത്തെ അടിസ്ഥാനമാക്കി എ.കെ.സി.സി. രൂപതാ പ്രസിഡന്റ് ശ്രീ. ജോർജ് കോയിക്കൽ പ്രമേയം അവതരിപ്പിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് തന്റെ സമാപന സന്ദേശത്തിൽ അല്മായ സ്വാധീനം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത, സാമൂഹിക വിഷയങ്ങളിലുള്ള രൂപതയുടെ നയം, രൂപതാദിനാചരണം, ക്രൈസ്തവ സമൂഹം നേരിടുന്ന വെല്ലുവിളികൾ എന്നീ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. യോഗത്തിന്റെ അവസാനത്തിൽ ശ്രീ. മാത്തുക്കുട്ടി കുത്തനാപ്പിള്ളിൽ ഏവർക്കും നന്ദി രേഖപ്പെടുത്തി. ശ്രീ. ഷാജി വൈക്കത്തുപറമ്പിൽ, ശ്രീ. ജിജി വട്ടമല, ശ്രീമതി ഷൈനി മാവേലിൽ എന്നിവർ യോഗത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി

## MS. 04/23 ദനഹാത്തിരുനാളും നവവൈദികർക്ക് സ്വീകരണവും

ക്രിസ്തുമസ് അവധി കഴിഞ്ഞെത്തിയ ബ്രദേഴ്സ് ഒരുക്കങ്ങൾ പൂർത്തിയാക്കി 2023 ജനുവരി 5-ന് വൈകുന്നേരം നവവൈദികരായ 5 പേർക്കും സെമിനാരിയിൽ ഹൃദ്യമായ സ്വീകരണം നല്കി. നവവൈദികരോടൊപ്പം പിണ്ടികുത്തി തിരുനാൾ ആഘോഷിച്ചു. സ്വീകരണ സമ്മേളനവും നവവൈദികരുടെ അനുഭവങ്ങൾ പങ്കുവച്ചതും ഏറെ ഹൃദ്യമായിരുന്നു.

ജനുവരി 6 ദനഹാത്തിരുനാളിൽ റെക്ടർ ഫാ. സെബാസ്റ്റ്യൻ വടക്കേലിന്റെ നേതൃത്വത്തിൽ നവവൈദികർ സമൂഹബലിയർപ്പിച്ചു പ്രാർത്ഥിച്ചു. ഫാ. മാത്യു പഴുക്കുടിയിൽ മുഖ്യ കാർമ്മികനായിരുന്നു. ഫാ. ജോർജ്ജ് പുല്ലാനിതുണ്ടത്തിൽ സന്ദേശം നല്കി.

# സന്യസ്തർ

## 1. എഫ്.സി.സി. സന്യാസിനീസമൂഹം

- സി. സുഗുണയുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് മൂന്നാം ബ്ലോക്ക് കോളനിയിലെ വീടുകൾ സന്ദർശിച്ച് ക്രിസ്തുമസ് ആശംസകളും, സമ്മാനങ്ങളും നൽകി.
- വാഴത്തോപ്പ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടത്തിയ ദിവം ഗതനായ ബെനഡിക്ട് പാപ്പായുടെ അനുസ്മരണ പ്രാർത്ഥനാ കൂട്ടായ്മയിൽ സി. സുഗുണയും കൗൺസിലേഴ്സും ഏതാനും സിസ്റ്റേഴ്സും പങ്കെടുത്തു.
- ഈ വർഷം ഇടുക്കി രൂപതയിൽ നവാഭിഷിക്തരായ വൈദികർക്ക് നിർമൽ റാണി പ്രൊവിൻഷ്യൽ ഹൗസിൽ ഹൃദ്യമായ സ്വീകരണം നൽകി.
- പഴയരിക്കണ്ടം ഇടവകയിൽ സൺഡേ സ്കൂൾ കുട്ടികൾക്ക് 'അബയിഡ് 2023' എന്ന പേരിൽ വൺ ഡേ പ്രോഗ്രാം സി. ഡയോണയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. 200 ഓളം കുട്ടികൾ ഈ പ്രോഗ്രാമിൽ പങ്കെടുത്തു.
- വെള്ളയാംകുടി, നിർമ്മൽ ജ്യോതി പബ്ലിക് സ്കൂളിന്റെ വാർഷിക ആഘോഷ പരിപാടികളിൽ സി. സുഗുണ സ്വാഗതം ആശംസിച്ചു. കൗൺസിലേഴ്സും ഏതാനും സിസ്റ്റേഴ്സും ഈ പ്രോഗ്രാമിൽ പങ്കെടുത്തു.
- ബഹുമാനപ്പെട്ട ഫാ. തോമസ് പെരിയപ്പുറം, ഫാ. ജോസ് ചെമ്മരപ്പിള്ളി എന്നിവരെ നിർമ്മൽ റാണി പ്രൊവിൻഷ്യൽ ഹൗസിൽ ക്ഷണിച്ച് ആദരിക്കുകയും ഗോൾഡൻ ജൂബിലി മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.
- അടിമാലി ആത്മ ജ്യോതിയിൽ വച്ച് നടന്ന പാസ്റ്റർ കൗൺസിൽ മീറ്റിംഗിൽ സി. സുഗുണ, സി. ബിൻസ് മരിയ എന്നിവർ പങ്കെടുത്തു.
- കാലപ്പഴക്കവും കാലവർഷക്കെടുതിയും മൂലം ജീർണാവസ്ഥയിലായ ഈട്ടിത്തോപ്പ് കോൺവെന്റിന്റെ നിർമ്മാണം പൂർത്തിയായി.

ഇടുക്കി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് ഈ ഭവനത്തിന്റെ ആശിർവ്വാദകർമ്മം നിർവഹിച്ചു. മോൺ. വെരി. റവ. ഫാ. ജോസ് പ്ലാച്ചിക്കൽ, ഇരട്ടയാർ ഫൊറോന വികാരി റവ. ഫാ. ജോസ് കരിവേലിക്കൽ എന്നിവർ സഹകാർമി കരായി. ഏതാനും വൈദികരും, സിസ്റ്റേഴ്സും, അയൽവാസി കളും ഈ മംഗള കർമ്മത്തിന് സാക്ഷികളായി.

❖ ഇടുക്കി രൂപതാ കാര്യാലയത്തിൽ വച്ച് നടന്ന സോഷ്യൽ മീറ്റിം ഗിൽ സി. സുഗുണ, സി. ജെയ്സി ഫ്രാൻസിസ് എന്നിവർ പങ്കെ ടുത്തു.

## 2. ആരാധനാ സന്യാസിനീ സമൂഹം (SABS)

❖ ഡിസംബർ 21-ാം തീയതി ക്രിസ്തുമസിനോടനുബന്ധിച്ച് കുതിര ക്കല്ല് ഇടവകയിലെ മതാധ്യാപകരെയും യുവജനങ്ങളെയും പ്രൊ വിൻഷ്യൽ ഹൗസിൽ ഒരുമിച്ചു കൂട്ടുകയും ക്രിസ്തുമസ് ആഘോ ഷ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. കുതിരക്കല്ല് ഇട വക വികാരി റവ. ഫാ. ജോസഫ് നടുപ്പടവിൽ സന്നിഹിതനായി രുന്നു. ബഹുമാനപ്പെട്ട പ്രൊവിൻഷ്യാളമ്മയും സിസ്റ്റേഴ്സും ആ ഘോഷ പരിപാടികൾക്ക് നേതൃത്വം നൽകി.

❖ ഇടുക്കി ജില്ലാ വിമൻസ് കൗൺസിലിന്റെ നേതൃത്വത്തിൽ വഞ്ചി ക്കവല തേജസ് W.W ഹോസ്റ്റലിൽ നടന്ന ക്രിസ്തുമസ് ആഘോ ഷത്തിൽ വികർ പ്രൊവിൻഷ്യൽ സി. അൽഫോൻസ് കടമ്പനാട്ട്, സി. ആൽബിൻ കാക്കനാട്ട് എന്നിവർ പങ്കെടുത്തു. സി. അൽ ഫോൻസ് കടമ്പനാട്ട് ക്രിസ്തുമസ് സന്ദേശം നൽകി.

❖ SABS ജയ്മാതാ പ്രൊവിൻസിന്റെ ധ്യാന ടീം കുതിരക്കല്ല് ഇടവ കയിൽ കുട്ടികൾക്കുവേണ്ടി ഒരു ഏകദിന സെമിനാർ നടത്തി. ഒന്നു മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന എല്ലാ കുട്ടികളും ഇതിൽ സംബന്ധിച്ചു.

❖ കരിമ്പൻ ബിഷപ്പ് ഹൗസിൽ വച്ച് നടത്തിയ പ്രൊവിൻഷ്യൽസ്, വികർ പ്രൊവിൻഷ്യൽസ് മീറ്റിങ്ങിൽ ബഹുമാനപ്പെട്ട പ്രൊവിൻ ഷ്യാളമ്മയും, വികർ പ്രൊവിൻഷ്യൽ സിസ്റ്റർ അൽഫോൻസ് കട മ്പനാട്ടും പങ്കെടുത്തു.

❖ ഇടുക്കി രൂപതാ കുടുംബ കൂട്ടായ്മ ആനിമേറ്റർ ആയി വികർ

പ്രൊവിൻഷ്യൽ സി. അൽഫോൻസ് കടമ്പനാട്ട് നിയമിതയായി.

- ❖ മൂലമറ്റം സെന്റ് ജോസഫ് കോളേജിലെ കെമിസ്ട്രി വിഭാഗം അസിസ്റ്റൻറ് പ്രഫസറായ സിസ്റ്റർ മരിയ റോസ് കടപ്പേഴുത്തങ്കലിന് PHD Guid പദവി ലഭിച്ചു
- ❖ ജനുവരി പതിനാലാം തീയതി വെള്ളത്തൂവൽ ഇടവകയിലെ അൾത്താര ബാലന്മാർക്കായി സിസ്റ്റർ ജൂലിൻ പടിഞ്ഞാറയിലിന്റെ നേതൃത്വത്തിൽ ഏകദിന സെമിനാർ നടന്നു
- ❖ വെള്ളത്തുവൽ ഇടവകയിൽ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി. ഇടവകയിലെ കുടുംബങ്ങൾ സന്ദർശിച്ച് അവരോടൊപ്പം ഒന്നിച്ചിരുന്ന് സംസാരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തത് ഏറെ ദൈവാനുഗ്രഹപ്രദമായിരുന്നു.

### 3. കർമ്മലമാതാവിന്റെ സന്യാസിനീ സമൂഹം (CMC)

- ❖ വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ഇടവകയിൽ ഹോം മിഷൻ നടന്നു. കോവിഡാനന്തരകാലഘട്ടത്തിൽ ദൈവജനത്തോടൊപ്പമായിരിക്കാൻ, സഭയെ പടുത്തുയർത്താൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ ആശീർവാദം സ്വീകരിച്ച് 30 സിസ്റ്റേഴ്സ് 1000 വീടുകൾ സന്ദർശിച്ചു. പ്രാർത്ഥനയും പങ്കുവയ്ക്കലും വഴി അവരെ വിശ്വാസത്തിൽ ആഴപ്പെടുത്തി.
- ❖ താന്നിക്കണ്ടം ഇടവകയിൽ ക്രിസ്റ്റീൻ ടീമിന്റെ നേതൃതത്തിൽ ഒന്നാം ക്ലാസ്സ് മുതൽ ആറാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം നടന്നു. ഈട്ടിത്തോപ്പ് ഇടവകയിൽ 2 ദിവസത്തെ ക്യാമ്പ് 7 മുതൽ 9 വരെയുള്ള ക്ലാസ്സുകാർക്കായി നടന്നു.
- ❖ പാണ്ടിപ്പാറ SJUPS ൽ കത്തോലിക്കാ കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനവും അകത്തോലിക്കാ കുട്ടികൾക്കായി Value Education Class ഉം 10, 11 തീയതികളിൽ നടത്തി.
- ❖ സാരഥി യൂണിറ്റുകളുടെ വാർഷികവും കുടുംബ സംഗമവും 2023 ജനുവരി എട്ടാം തീയതി വൈകുന്നേരം 5 മണിക്ക് കാൽവരി മൗണ്ട് സെന്റ് ജോർജ് പള്ളി പാരിഷ് ഹാളിൽ വച്ച് നടന്നു. സി.എം.സി. കാർമൽഗിരി പ്രോവിൻസിന്റെ കീഴിൽ അടിമാലി, ബഥേൽ, കാൽവരി മൗണ്ട്, പാറത്തോട്, തങ്കമണി, തോപ്രാംകുടി എന്നിവിടങ്ങളിലായി 16 സാരഥി യൂണിറ്റുകൾ ആണുള്ളത്.

സി.എം.സി. കാർമ്മൽഗിരി പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ആനി പോൾ അധ്യക്ഷത വഹിച്ച യോഗത്തിൽ സാരഥിയുടെ സോണൽ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ തെക്കേനത്ത് ഉദ്ഘാടനവും സാരഥി ഡയറക്ടർ ഫാ. സിന്റോ തൊറയൻ മുഖ്യപ്രഭാഷണവും നടത്തി.

❖ "നീയും പോയി അതു പോലെ ചെയ്യുക" Lk. 10/37 എന്ന തിരുവചനത്തെ അടിസ്ഥാനമാക്കി സി.എം.സി. കാർമ്മൽഗിരി പ്രോവിൻസ് ഇടുക്കി, രൂപതാ അതിർത്തിക്കുള്ളിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വേണ്ടി മൽസരം നടത്തുകയും വിജയികൾക്ക് വികർ പ്രൊവിൻഷ്യൽ സമ്മാനങ്ങൾ നൽകുകയും ചെയ്തു.

❖ കല്ലാർകുട്ടി സെന്റ് ജോസഫ് ഇടവകയിൽ 16-ാം തീയതി മുതൽ 21-ാം തീയതി വരെ ഹോം മിഷൻ നടന്നു. ബഹു. ജോസഫ് പാറക്കടവിലച്ചന്റെ അനുഗ്രഹാശിസ്സുകളോടെ പത്ത് സിസ്റ്റേഴ്സ് 260 ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുകയും Sharing നടത്തുകയും ചെയ്തു.

❖ സി. ലിറ്റി മരിയ, സി. ഗ്രേസ് ബെല്ല എന്നിവരുടെ സുവർണ്ണ ജൂബിലി ജനുവരി 5-ാം തിയതി അടിമാലി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ആഘോഷിച്ചു. അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിച്ച് ഇവർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു.

❖ ജനുവരി 12 മുതൽ 15 വരെ ബാംഗ്ലൂർ ധർമ്മാരാമിൽ വച്ച് നടന്ന "TOWARDS A SYNODAL CHURCH MOVING FORWARD" - ഇന്റർനാഷണൽ കോൺഫ്രൻസിൽ സി. റോസിൻ സി.എം.സി. പങ്കെടുത്തു.

❖ നമ്മുടെ രൂപതയിലെ നവ വൈദികർക്ക് അടിമാലി, പ്രൊവിൻഷ്യൽ ഹൗസിൽ ഹൃദ്യമായ സ്വീകരണം നൽകുകയും അവർ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

❖ സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ചിന്റെ നേതൃത്വത്തിൽ സിദ്ധി എന്ന പേരിൽ സംഘടിപ്പിച്ച സ്പെഷ്യൽ എംപ്ലോയീസ് മീറ്റിൽ കാർമ്മൽ ജ്യോതി സ്പെഷ്യൽ സ്കൂൾ ഒന്നാമതെത്തി.

## 4. തിരുഹൃദയ സന്യാസിനീസമൂഹം (SH)

- ❖ പാറശ്ശാല രൂപത, നെയ്യാറ്റിൻകര വൈദീക ജില്ല മലങ്കര കാത്ത ലിക് അസ്സോസ്സിയേഷൻ സൺഡേ സ്കൂൾ കുട്ടികൾക്കും യുവ ജനങ്ങൾക്കുമായി ഡിസംബർ 4 ന് സംഘടിപ്പിച്ച വൺ ഡേ സെമി നാറിൽ Drug abuse – Medical Consequences എന്ന വിഷയത്തെ ആസ്പദമാക്കി സി ലിൻസ് റോസ് ചെത്തിയിൽ എസ് എച്ച് ക്ലാസ്സ് എടുത്തു.
- ❖ നീറിക്കോട് മെറ്റനോയിയ കൗൺസലിംഗ് സെന്ററിന്റെ ആഭിമു ഖ്യത്തിൽ ജനുവരി 2 ന് പറവൂർ ഫൊറോനയിലെ കുട്ടികളുടെ എൻലൈറ്റ് പ്രോഗ്രാമിന് സി. നാൻസി മരിയ മാപ്രയിൽ എസ്. എച്ച്. ക്ലാസ്സുകൾ എടുത്തു.
- ❖ ജനുവരി 4-ാം തീയതി ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ ദിവംഗതനായ മുൻ മാർപാപ്പ ബനഡിക്ട് പതിനാറാമനോടുള്ള ആദരസൂചകമായി വാഴത്തോപ്പ് കത്തീഡ്രൽ പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ മുഖ്യ കാർ മ്മികത്വത്തിൽ നടന്ന പ്രാർത്ഥനാ ശുശ്രൂഷയിൽ സിസ്റ്റേഴ്സ് സം ബന്ധിച്ചു.
- ❖ സീറോമലബാർ സഭാ സിനഡിന്റെ വിജയത്തിനായി ഇടുക്കി പ്രോ വിൻസിലെ എല്ലാ ഭവനങ്ങളിലും ജനുവരി 6 മുതൽ 20 വരെ 24 മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തി.
- ❖ ജനുവരി 7-ാം തീയതി ഇടുക്കി രൂപതയിലെ നവവൈദികർക്ക് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സ്വീകരണം നല്കി. പുതുതായി തിരുപ്പട്ടം സ്വീകരിച്ച എല്ലാ നവവൈദികരും ഒരുമിച്ച് അന്നേ ദിവ സം വി. ബലി അർപ്പിക്കുകയും ചെയ്തു.
- ❖ ജനുവരി 8-ാം തീയതി ഭരതന്നൂർ, വട്ടക്കരിക്കകം എന്നീ ഇടവക കളിലെ സൺഡേ സ്കൂൾ കുട്ടികൾക്കും, മതാദ്ധ്യാപകർക്കും മാതാപിതാക്കൾക്കുമായി കാര്യക്ഷമമായ പഠനരീതികൾ, സമഗ്ര വ്യക്തിത്വ വികസനം എന്നീ വിഷയങ്ങളെ ആസ്പദമാക്കി സി. ലിൻസ് റോസ് ചെത്തിയിൽ എസ്.എച്ച്. ക്ലാസ്സ് എടുത്തു.
- ❖ ജനുവരി 10, 11 തീയതികളിൽ ചെമ്മണ്ണാർ സെന്റ് സേവ്യേഴ്സ് എൽ.പി. സ്കൂൾ കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം നടത്തി.

❖ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ ഡോ. സി. ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ എസ്.എച്ച്. ജനുവരി 11-ാം തീയതി വാഴത്തോപ്പ് സെന്റ് ജോർജ്ജ് ഹയർസെക്കി സ്കുളിന്റെ വാർഷികത്തോടനുബന്ധിച്ച് ആശംസകളർപ്പിച്ച് സംസാരിച്ചു.

❖ ജയിൽ മിനിസ്റ്ററിയുടെ ഭാഗമായി ദേവികുളം സബ്ജയിലിൽ വച്ചു നടത്തിയ ക്രിസ്തുമസ് ആഘോഷത്തിൽ സി. ആൻമേരി കീരംചിറ എസ്.എച്ച്., സി. ട്രീസ മേരി കൊച്ചുപുരയ്ക്കൽ എസ്.എച്ച്. എന്നിവർ സംബന്ധിച്ചു.

❖ നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമസിനോടനുബന്ധിച്ച് എസ്.എച്ച്.ജി. കളിൽ കേക്ക് മത്സരവും നെസ്പിലെ കുട്ടികൾക്കായി ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരവും നടത്തി സമ്മാനങ്ങൾ വിതരണം ചെയ്തു.

❖ ജനുവരി 18-ാം തീയതി അടിമാലി ആത്മജ്യോതിയിൽ വച്ച് നടന്ന ഇടുക്കി രൂപതാ പാസ്റ്ററൽ കൗൺസിലിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ഡോ. സി. ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ എസ്. എച്ച്. സംബന്ധിച്ചു.

## 5. അഗതികളുടെ സന്യാസിനി സമൂഹം (SD)

❖ മറയൂർ ഹോസ്പിറ്റലിനോട് അനുബന്ധിച്ച് ഫിസിയോതെറാപ്പിയുടെ പുതിയ യൂണിറ്റ് പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ജിസാറാണി ഉദ്ഘാടനം ചെയ്തു.

❖ എസ.ഡി. സന്യാസ സമൂഹത്തിന്റെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന സ്വയം സഹായ സംഘത്തിന്റെ (SHG) 136-ാം യൂണിറ്റ് പാണ്ടിപ്പാറ ഇടവകയിൽ ആരംഭിച്ചു.

❖ കരിമ്പൻ ബിഷപ്പ് ഹൗസിൽ അഭിവന്ദ്യ പിതാവ് വിളിച്ചുകൂട്ടിയ മീറ്റിങ്ങിൽ അസിസ്റ്റന്റ് പ്രൊവിൻഷ്യൽ സിസ്റ്റർ ലിസെറ്റെയും കൗൺസിലർ സിസ്റ്റർ ജസ്റ്റി മരിയയും പങ്കെടുത്തു.

❖ 25, 50 വർഷങ്ങൾ പിന്നിട്ട സിസ്റ്റേഴ്സിനെ ആലുവയിൽ ജനറലേറ്റ് ഹൗസിൽ ഒരുമിച്ചുകൂട്ടി.

❖ പ്രൊവിൻഷ്യൽ മദർ ജിസാറാണിയും കൗൺസിലർ സിസ്റ്റർ തെരേസയും എസ്.ഡി. കോൺവെന്റിന്റെ എത്യോപ്യയിലുള്ള മഠം സന്ദർശിക്കുകയും അവിടെ ഒരു ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂൾ തുടങ്ങുകയും ചെയ്തു.

## CJ. 07/23 സ്റ്റഡി ഫോറം കൂട്ടായ്മകളിൽ

''കുടുംബം: വിശ്വാസ പരിശീലന കളരി'' എന്ന പുസ്തകമായിരുന്നുവല്ലോ നമ്മൾ സ്റ്റഡി ഫോറത്തിനായ് നിശ്ചയിച്ചിരുന്നത്. ഈ വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിക്കുവാൻ അധ്യാപകർ പ്രാപ്തരായി എന്നു കരുതുന്നു. അത്തരത്തിൽ പരിശീലനം നേടിയ അധ്യാപകരുടെ പേരുവിവരങ്ങൾ പ്രധാനാധ്യാപകർ ബഹു. വികാരിയച്ചന്മാർക്കു നൽകുകയും ഇവരിൽ നിന്നും കഴിവുള്ളവരെ ഇടവകതല കുടുംബകൂട്ടായ്മകളിൽ പ്രസ്തുത വിഷയത്തെ സംബന്ധിച്ച് ക്ലാസ്സെടുക്കുവാൻ നിയോഗിക്കുകയും ചെയ്യുമല്ലോ.

**രണ്ടു കാര്യങ്ങളാണ് ഇതുവഴി ഉദ്ദേശിക്കുന്നത്**

1. അധ്യാപകർ ക്ലാസ്സ് നയിക്കാൻ പ്രാപ്തരാകുന്നു.
2. കുടുംബങ്ങളിൽ കുട്ടികളെ വിശ്വാസത്തിൽ വളർത്തേണ്ടതെങ്ങനെ എന്നുള്ള കാര്യത്തിൽ മാതാപിതാക്കൾ കൂടുതൽ അവബോധമുള്ളവരാകുന്നു.

## CJ. 08/23 സ്റ്റഡി ഫോറം

സ്റ്റഡി ഫോറത്തിനായ് പ്രത്യേകം തന്നിരുന്ന 6 ഭാഗങ്ങൾ ചർച്ച ചെയ്തു പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ സൗകര്യപ്രദമായ ഞായറാഴ്ചകളിൽ സ്റ്റാഫ് മീറ്റിംഗ് ചേർന്ന് സ്റ്റഡി ഫോറം പൂർത്തിയാക്കാൻ ശ്രദ്ധിക്കണേ.

## CJ. 09/23 രോഗീദിനം

ലൂർദ്ദുമാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി 11-ാം തീയതി ശനിയാഴ്ച രോഗീദിനമായി സാർവ്വത്രിക സഭ ആചരിക്കുന്നു. അന്നേദിവസം ക്ലാസ് ടീച്ചേഴ്സിന്റെ നേതൃത്വത്തിൽ കുട്ടികൾ രോഗികളായിട്ടുള്ളവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ.

## CJ. 10/23 വലിയ നോമ്പാരംഭം

❖ ഫെബ്രുവരി 20-ാം തീയതി തിങ്കളാഴ്ച വിഭൂതിയോടെ വലിയ നോമ്പാരംഭിക്കുകയാണ്. കഴിയുന്നത്ര അധ്യാപകരും കുട്ടികളും ഉപവാസമനുഷ്ഠിക്കുകയും നോമ്പാചരിക്കുകയും ചെയ്യണം.

❖ നോമ്പുകാലങ്ങളിൽ അധ്യാപകരും കുട്ടികളും വിശുദ്ധ ബലിയിൽ സംബന്ധിക്കുകയും കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിക്കുകയും വേണം. അതാതു ക്ലാസുകളിൽ കുട്ടികളെ പ്രത്യേകം പ്രോത്സാഹിപ്പിക്കാൻ മറക്കരുത്.

❖ വലിയ നോമ്പുകാലത്തെ കുടുംബ പ്രാർത്ഥനകളിൽ വെള്ളിയാഴ്ച ദിവസങ്ങളിലെങ്കിലും കുരിശിന്റെ വഴി പ്രാർത്ഥന കൂടി ഉൾപ്പെടുത്തേണ്ട കാര്യം കുട്ടികളെ ഓർമ്മിപ്പിക്കുക.

❖ വലിയ നോമ്പുകാലത്തെ 50 ദിവസം കൊണ്ട് നാല് സുവിശേഷങ്ങളെങ്കിലും ഭക്തിപൂർവ്വം വായിച്ചു ധ്യാനിക്കുവാൻ കുട്ടികളെ പ്രത്യേകിച്ച് മുതിർന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുക. ഓരോ ആഴ്ചയിലും കുട്ടികൾ ക്ലാസിൽ വരുമ്പോൾ എത്ര അധ്യായം വായിച്ചുവെന്ന് കുട്ടികളോട് ചോദിച്ചു വിലയിരുത്തുക.

❖ നോമ്പുകാലത്ത് ഒരു ദിവസമെങ്കിലും ക്ലാസുകളിലോ ദൈവാലയത്തിലോ വച്ച് ക്ലാസടിസ്ഥാനത്തിൽ കുരിശിന്റെ വഴി പ്രാർത്ഥന ചെയ്യുന്നതും ഉചിതമാണ്.

❖ തീർത്ഥാടനം : 40-ാം വെള്ളിയാഴ്ചയോ മറ്റേതെങ്കിലും ദിവസമോ എഴുകുംവയൽ കുരിശുമലയിലേയ്ക്കോ മറ്റേതെങ്കിലും തീർത്ഥാടന കേന്ദ്രത്തിലേയ്ക്കോ ക്ലാസടിസ്ഥാനത്തിലോ ഇടവകതലത്തിലോ കുട്ടികളെ കൊണ്ടുപോകുന്നതും നല്ലതാണ്.

## CJ. 11/23 സുവിശേഷോത്സവ് ട്രെയിനിംഗ് നടത്തുന്ന തീയതികൾ, പങ്കെടുക്കേണ്ട ഫൊറോനകൾ, നടത്തുന്ന സ്ഥലങ്ങൾ

| Date | Forane | Place |
|---|---|---|
| Feb. 18 | Nedumkandam | Mailadumpara |
| Feb. 25 | Rajakkad, Vellathooval | Rajakkad |
| Mar. 04 | Murickassery, Parathode | Murickassery |
| Mar. 11 | Vellayamkudy, Erattayar | Erattayar |
| Mar. 18 | Vazhathope, Churuli | Vazhathope |
| Mar. 25 | Mankulam, Koompanpara, Kunchithanny | Adimali |
| Apr. 01 | Thankamany | Thankamany |

അതാതു സൺഡേ സ്കൂളുകളിലെ മുഴുവൻ അധ്യാപകരും ഫൊറോനാ അടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടുള്ള ഈ സുവിശേഷോത്സവ് ട്രെയിനിംഗിൽ പങ്കെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ട്രെയിനിംഗ് ദിവസം ആർക്കെങ്കിലും അസൗകര്യമുണ്ടാവുകയാണെങ്കിൽ മറ്റേതെങ്കിലും ഫൊറോനയിൽ ട്രെയിനിംഗ് ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## CJ. 12/23 സുവിശേഷോത്സവ് 2022-2023

2023 ഏപ്രിൽ 10 മുതൽ 13 വരെയായിരിക്കും ഈ പ്രവർത്തന വർഷത്തെ ''സുവിശേഷോത്സവം'' നടത്തുക.

- 13-ാം തീയതി +2 കുട്ടികളുടെ ബ്ലസിംഗ് സെറിമണി നടത്തുകയും ഇവരുടെ KCYM - ലേയ്ക്കുള്ള പ്രവേശന ദിനമായും ആചരിക്കുകയും വേണം.
- ഏതെങ്കിലും സൺഡേ സ്കൂളുകൾ വാർഷികം നടത്താനുണ്ടെങ്കിൽ 13-ാം തീയതി നടത്തുവാനും ശ്രദ്ധിക്കുമല്ലോ.
- 14-ാം തീയതി സ്റ്റഡി ലീവ് ആയിരിക്കും.
- 15-ാം തീയതി പരീക്ഷാ ദിനമാണ്. 1 മുതൽ 9 വരെ ക്ലാസുകളിലെ കുട്ടികളുടെയും 11-ാം ക്ലാസിലെ കുട്ടികളുടെയും പരീക്ഷ രാവിലെ 9 മുതൽ 10.30 വരെ ആയിരിക്കും.
- 10, 12 ക്ലാസുകളിലെ കുട്ടികൾക്ക് രാവിലെ 11 മുതൽ 1 മണിവരെ ആയിരിക്കും.
- **സുവിശേഷോത്സവ പുസ്തകം** : കൊച്ചുകുട്ടികൾക്ക് പ്രവർത്തനങ്ങൾ ചെയ്യാൻ പുസ്തകങ്ങൾ ആവശ്യമായതിനാൽ 1 മുതൽ 6 വരെ ക്ലാസുകളിലെ കുട്ടികൾക്ക് പുസ്തകം ഉണ്ടായിരിക്കുന്നതാണ്. പുസ്തകത്തിന്റെ ഓർഡർ എടുക്കാനുള്ള ഫോം പിന്നീട് അയയ്ക്കുന്നതായിരിക്കും.
- 7 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്ക് പുസ്തകം ഉണ്ടായിരിക്കുകയില്ല. പകരം സമ്പൂർണ്ണ ബൈബിൾ ക്ലാസിൽ കൊണ്ടുവരേണ്ടതാണ്.

## CJ. 13/23 സൺഡേ സ്കൂൾ സന്ദർശനം

### ഈ വർഷം സന്ദർശിച്ച സൺഡേ സ്കൂളുകൾ

| | | |
|---|---|---|
| 1. മുക്കുടം | 2. ഭൂമിയാംകുളം | 3. കാൽവരിമൗണ്ട് |
| 4. ഇരട്ടയാർ | 5. പാണ്ടിപ്പാറ | 6. വാഴത്തോപ്പ് |
| 7. വിമലഗിരി | 8. വെള്ളയാംകുടി | 9. പാറത്തോട് |
| 10. പണിക്കൻകുടി | 11. മുരിക്കുംതൊട്ടി | 12. രാജകുമാരി |
| 13. തങ്കമണി | 14. കൂമ്പൻപാറ | 15. മാങ്കടവ് |

### ഇനി സന്ദർശിക്കാൻ പോകുന്ന സൺഡേ സ്കൂളുകൾ

1. ജനുവരി 22 - രാജപുരം
2. ഫെബ്രുവരി 5 - ചുരുളി, പഴയരിക്കണ്ടം
3. ഫെബ്രുവരി 12 - മുരിക്കാശ്ശേരി
4. ഫെബ്രുവരി 19 - വെള്ളത്തൂവൽ, പൊന്മുടി
5. ഫെബ്രുവരി 26 - നെടുങ്കണ്ടം, മഞ്ഞപ്പാറ
6. മാർച്ച് 5 - മാങ്കുളം, കുരിശുപാറ
7. മാർച്ച് 12 - രാജാക്കാട്, ജോസ്ഗിരി
8. മാർച്ച് 19 - മരിയാപുരം
9. മാർച്ച് 26 - കുഞ്ചിത്തണ്ണി, എല്ലക്കല്ല്

## CJ. 14/23 സഹ്യജ്യോതി മീറ്റ്

+2 ക്ലാസുകളിലെ കുട്ടികൾക്ക് ആത്മീയ ഉണർവ്വ് ലഭിക്കുക എന്ന ഉദ്ദേശ്യത്തോടെ ജീസസ് യൂത്തിന്റെ സഹായത്തോടെയും ക്രിസ്തുജ്യോതി വിശ്വാസ പരിശീലന കേന്ദ്രം 12 ഫൊറോനകളിൽ സഹ്യജ്യോതി മീറ്റ് സംഘടിപ്പിച്ചു. സഹ്യജ്യോതി മീറ്റ് നടത്തിയ സ്ഥലങ്ങളിലെ ബഹു. വികാരിയച്ചന്മാർക്കും നേതൃത്വം നൽകിയ ഫൊറോന കൗൺസിൽ ലീഡേഴ്സിനും പങ്കെടുത്ത എല്ലാ +2 അധ്യാപകർക്കും കുട്ടികളെ പറഞ്ഞുവിട്ട ബഹു. വികാരിയച്ചന്മാർക്കും പ്രത്യേകം നന്ദി.

## CORPORATE EDUCATIONAL AGENCY

**Edn. 07/23** **സ്നേഹസംഗമം**

ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള എല്ലാ അധ്യാപകരുടെയും അനധ്യാപകരുടെയും വാർഷിക സമ്മേളനം 2023 ഫെബ്രുവരി പതിനൊന്നാം തീയതി രാവിലെ 10 മണിക്ക് മുരിക്കാശ്ശേരി പാവനാത്മാ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. ചങ്ങനാശ്ശേരി രൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ ഈ യോഗത്തിൽ മുഖ്യാതിഥിയായിരിക്കും. ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള എല്ലാ അധ്യാപക അനധ്യാപകരും ഈ യോഗത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

**PCM. 16/23** **വൃദ്ധഭവന സന്ദർശനവും ക്രിസ്തുമസ് ആഘോഷവും**

പാവനാത്മാ കോളേജ് ജീസസ് യൂത്തിന്റെയും സ്പിരിച്ച്വൽ സെല്ലിന്റെയും ആഭിമുഖ്യത്തിൽ ഡിസംബർ 22-ാം തീയതി കോളേജ് വിദ്യാർത്ഥികൾ വൃദ്ധഭവന സന്ദർശനവും ക്രിസ്തുമസ് ആഘോഷവും നടത്തി.

**PCM. 17/23** **ദേശീയ ഗണിതശാസ്ത്ര ദിനാചാരണം നടത്തി**

പാവനാത്മാ കോളേജ് മാത്സ് ഡിപ്പാർട്മെന്റിന്റെ നേതൃത്വത്തിൽ ഡിസംബർ 22-ാം തീയതി ദേശീയ ഗണിതശാസ്ത്ര ദിനാചാരണം നടത്തി. ഗണിത ശാസ്ത്രഞ്ജനായ രാമാനുജന്റെ ജന്മദിനത്തിൽ ക്ലാസ്സ് സംഘടിപ്പിച്ചു. ബോബിൻ ജോർജ് ക്ലാസുകൾ നയിച്ചു.

**PCM. 18/23** **പാവനാത്മാ ക്രിസ്തുമസ് ആഘോഷം**

2022 ലെ ക്രിസ്തുമസ് ആഘോഷങ്ങൾ ഡിസംബർ 23 ന് കോളേജിൽ നടത്തപ്പെട്ടു. കോളേജ് യൂണിയന്റെയും, ജീസസ് യൂത്തിന്റെയും നേതൃത്വത്തിൽ, കരോൾ ഗാനമത്സരം, കരോൾ റാലി,

പുൽക്കൂട്, ക്രിസ്തുമസ് ട്രീ, കേക്ക് കട്ടിങ് എന്നീ പരിപാടികൾ സംഘടിപ്പിച്ചു. മത്സരവിജയികൾ ആയവർക്ക് കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. ബെന്നിച്ചൻ സ്കറിയ സമ്മാനങ്ങൾ വിതരണം ചെയ്തു.

## PCM. 19/23 'കാഹളം' - എൻ.എസ്.എസ്. സപ്തദിന ക്യാമ്പ്

മുരിക്കാശ്ശേരി പാവനാത്മാ കോളേജ് എൻ.എസ്.എസിന്റെ നേതൃത്വത്തിൽ, 'കാഹളം' എന്ന പേരിൽ സപ്തദിന ക്യാമ്പ്, പെരിഞ്ചാംകുട്ടിയിൽ ഡിസംബർ 27 മുതൽ ജനുവരി 2 വരെ നടത്തി. കോളേജ് പ്രിൻസിപ്പൾ റവ. ഡോ. ബെന്നിച്ചൻ സ്കറിയ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

## PCM. 20/23 അന്തർ ദേശീയ വനിതാ വോളിബോൾ മാമാങ്കം: ചരിത്രമുഹൂർത്തത്തിനു സാക്ഷ്യം വഹിച്ച് പാവനാത്മാ കോളജ്

എം.ജി. യൂണിവേഴ്സിറ്റി ആതിഥേയത്വം വഹിച്ച ഇന്റർ യൂണിവേഴ്സിറ്റി വനിതാ വോളിബോൾ മത്സരം ഇടുക്കി ജില്ലയിലെ ആയിരക്കണക്കിനാളുകളുടെ മനം കവർന്ന് മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ സമാപിച്ചു. ഇന്ത്യയുടെ വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നും എത്തിയ ആയിരത്തിയിരുന്നൂറോളം കായികതാരങ്ങൾക്ക് ഒരു കുറവും കൂടാതെ മത്സരങ്ങളിൽ പങ്കെടുക്കുവാനും വിശ്രമസൗകര്യം ഒരുക്കുവാനും, ഭക്ഷണം ക്രമീകരിക്കാനും മുരിക്കാശ്ശേരി പാവനാത്മാ കോളേജിന് സാധിച്ചതിൽ ഏറെ അഭിമാനിക്കുന്നുവെന്ന് ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ അഭിപ്രായപ്പെട്ടു. കായിക കേരളത്തിന് പുത്തൻ പ്രതീക്ഷ നൽകാൻ മലയോര മേഖലയിലെ വോളിബോൾ മാമാങ്കത്തിന് കഴിഞ്ഞുവെന്ന് ബഹു. നിയമസഭാ സ്പീക്കർ ശ്രീ. എ.എൻ. ഷംസീർ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അറിയിച്ചു. എം.ജി. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗം പ്രൊഫ. പി. ഹരികൃഷ്ണന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമാപന സമ്മേളനത്തിൽ ഇടുക്കി ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ പതിനായിരക്കണക്കിന് ആളുകളുടെ മനം കുളിർപ്പിക്കാൻ എം.ജി. യൂണിവേഴ്സിറ്റിക്ക് സാധിച്ചതിൽ അഭിമാനിക്കുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കായിക കേരളത്തിന്റെ പുതിയ സ്വപ്നങ്ങൾക്ക് ചിറക് മുളപ്പിക്കാൻ മുരിക്കാശ്ശേരി പാവനാത്മാ

കോളേജിന് കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് ഓർഗനൈസിംഗ് സെക്രട്ടറി പ്രൊഫ. ബിനു ജോർജ്ജ് വർഗ്ഗീസ് റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് അറിയിച്ചു. 6-ാം തീയതി വൈകിട്ട് 4.30 ന് ആരംഭിച്ച ഫൈനൽ മത്സരത്തിൽഎസ്.ആർ.എം. യൂണിവേഴ്സിറ്റി ചെന്നൈ, പട്ട്യാല പഞ്ചാബ് യൂണിവേഴ്സിറ്റിയെ പരാജയപ്പെടുത്തി ഒന്നാം സ്ഥാനം നേടിയെടുത്തു. മൂന്നാം സ്ഥാനം ചണ്ഡിഗഡ് പഞ്ചാബ് യൂണിവേഴ്സിറ്റിയെ പരാജയപ്പെടുത്തി എം.ജി. യൂണിവേഴ്സിറ്റി കോട്ടയം സ്വന്തമാക്കി. വിജയികൾക്ക് ഇടുക്കി എം.പി. അഡ്വ. ഡീൻ കുര്യാക്കോസ് സമ്മാനം വിതരണം ചെയ്തു.

## PCM. 21/23 വേൾഡ് ഹിന്ദി ഡേ ആചരിച്ചു

ജനുവരി 10 ന് വേൾഡ് ഹിന്ദി ഡേയോട് അനുബന്ധിച്ച് മൂരിക്കാശേരി പാവനാത്മാ കോളേജ് ഹിന്ദി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഉപന്യാസ മത്സരം സംഘടിപ്പിച്ചു. കോളജിൽ വെച്ച് നടന്ന പരിപാടിയിൽ നിരവധി വിദ്യാർത്ഥികൾ പങ്കെടുത്തു .

## PCM. 22/23 ദേശിയ യുവജന ദിനഘോഷം

ജനുവരി 12 ന് ദേശിയ യുവജന ദിനാഘോഷത്തോട് അനുബന്ധിച്ച് പാവനാത്മാ കോളേജ് നാഷണൽ സർവീസ് സ്കീമിന്റെയും ഡാൻസ് ക്ലബ്ബിന്റെയും മ്യൂസിക് ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ കോളേജ് ഓപ്പൺ സ്റ്റേജിൽ വച്ചു മീറ്റിംഗ് സംഘടിപ്പിച്ചു.

## PCM. 23/23 പാവനാത്മാ കോളേജ് യൂണിയൻ ഇനാഗുരേഷൻ

പാവനാത്മാ കോളേജ് യൂണിയൻ ഇനാഗുരേഷൻ ജനുവരി 19 ന് ഇടുക്കി എം.പി. അഡ്വ. ഡീൻ കുര്യാക്കോസ് നിർവഹിച്ചു.

# മാർ സ്ലീവാ കോളേജ്, രാജമുടി

## MSC. 08/23 'Workshop on Job Essentials'

മാർ സ്ലീവാ കോളേജിലെ പ്ലേസ്മെന്റ് സെല്ലിന്റെയും IQAC യുടെയും സംയുക്തമായ നേതൃത്വത്തിൽ 'workshop on Job essentials' എന്ന പേരിൽ ഏകദിന പരിശീലനം 17-01-2023 ൽ കോളേജ് കോൺഫറൻസ് ഹാളിലും സെമിനാർ ഹാളിലുമായി നടത്തപ്പെട്ടു.

## MSC. 09/23 ഇടുക്കി ബ്ലോക്ക് സ്പോർട്സ് മീറ്റ്

MSC Sports ക്ലബ്ബും നെഹ്റു യുവ കേന്ദ്ര ഇടുക്കിയും ചേർന്നു മാർ സ്ലീവാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ ഇടുക്കി ബ്ലോക്ക് സ്പോർട്സ് മീറ്റ് 20-12-22 രാവിലെ 10.00 മണി മുതൽ നടത്തപ്പെട്ടു.

## MSC. 10/23 ബാസ്കറ്റ്ബാൾ മത്സരം

22-12-2022 ൽ മാർ സ്ലീവിയൻസും സ്റ്റാർസ് ഓഫ് ഇടുക്കിയും (ഇടുക്കി രൂപത വൈദിക വിദ്യാർത്ഥികൾ) തമ്മിൽ സൗഹൃദ മത്സരം മാർ സ്ലീവാ കോളേജ് ഗ്രൗണ്ടിൽ നടത്തി. മത്സരത്തിൽ സ്റ്റാർസ് ഓഫ് ഇടുക്കി വിജയിക്കുകയും ചെയ്തു.

## MSC. 11/23 സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം

മുരിക്കാശ്ശേരി മാർ സ്ലീവാ കോളേജിലെ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ തിലക് മഹാരാഷ്ട്ര യൂണിവേഴ്സിറ്റി പൂനെയുമായി ബന്ധിപ്പിച്ച് ഒരു സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം നടത്തുകയുണ്ടായി. ഡിപ്പാർട്മെന്റ് മേധാവി ഫാ. ജോസി പുതുപ്പറമ്പിൽ പ്രോഗ്രാമിന് നേതൃത്വം നൽകി.

## MSC. 12/23 ട്രെയിനിങ് പ്രോഗ്രാം

മാർ സ്ലീവാ കോളേജിലെ സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് നേതൃത്വത്തിൽ റൂറൽ ബെയ്ഡ് മാനേജ്മെന്റ് ആൻഡ് കമ്മ്യൂണിറ്റി ലെഡ് ഡെവലപ്മെന്റ് എന്ന വിഷയത്തെ ആസ്പദമാക്കി രണ്ട് ദിവസം നീണ്ടുനിന്ന ഒരു ട്രെയിനിങ് പ്രോഗ്രാം ജനുവരി 13, 14 തീയതികളിൽ സംഘടിപ്പിച്ചു.

## MSC. 13/23 വർക്ക്ഷോപ്പ്

വർക്ക്ഷോപ്പ് ഓൺ ഡാൻസ് എഡ്യൂക്കേഷൻ ആർട്ട് ഓഫ് ഫ്രീസ്റ്റൈൽ മാർ സ്ലീവാ കോളേജ് ഡാൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഫസ്റ്റ് ഇയർ, സെക്കൻഡ് ഇയർ വിദ്യാർഥികൾക്കായി ഒരു വർക്ക്ഷോപ്പ് 16-12-2022 നു കോൺഫറൻസ് ഹാളിൽ വച്ചു നടത്തപ്പെട്ടു.

## MSC. 14/23 കോളേജ് യൂണിയൻ ഉദ്ഘാടനം

മാർ സ്ലീവാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്,

കോളേജ് യൂണിയൻ ഉദ്ഘാടനം ഡിസംബർ 22 നു 10 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽ വാദ്യരത്നം ഡോ. ബോബിൻ കെ. രാജു നിർവഹിച്ചു. മാർ സ്ലീവാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കോളേജ് യൂണിയൻ ചെയർമാൻ സ്റ്റീവോ ജോസഫ് അധ്യക്ഷത വഹിച്ച യോഗത്തിൽ കോളേജ് യൂണിയൻ സ്റ്റാഫ് അഡ്വൈസർ ടിൻജു കെ. സിറിക് സ്വാഗതം ആശംസിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ജോഷി വർഗീസ്, കോളേജ് അഡ്മിനിസ്ട്രേറ്റർ ഫാ. തോമസ് തൂമ്പുങ്കൽ, വൈസ് പ്രിൻസിപ്പൽ ആനന്ദ് ജോസഫ് ആർട്സ് ക്ലബ് സെക്രട്ടറി അൽജോ ടെന്നീസ് എന്നിവർ ആശംസ കൾ അറിയിച്ചു. പ്രസ്തുത യോഗത്തിന് കോളേജ് വൈസ് ചെയർപേ ഴ്സൺ അലീഷാ കെ. സാബു നന്ദി അർപ്പിച്ചു. കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ 23 ഡിസംബർ 1.30 ന് മ്യൂസിക് ഷോയും സംഘ ടിപ്പിച്ചു.

## MSC. 15/23 മാർ സ്ലീവാ കോളേജിൽ ക്രിസ്തുമസ് ആഘോഷം

മുരിക്കാശ്ശേരി: മാർസ്ലീവാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷം 23-12-2022 നു ആഘോഷിച്ചു. രാവിലെ പത്തു മണിയോടെ ഔദ്യോഗിക ചടങ്ങു കൾ ആരംഭിച്ചു. ഫാ. ജോയ്സ് അഴിമുഖത്ത് ക്രിസ്തുമസ് സന്ദേശം നൽകി. തുടർന്ന് ആൺകുട്ടികളുടെ മാർഗം കളിയോടെ കരോൾ ഗാനം, പുൽക്കൂട്, സാന്റാക്ലോസ് തുടങ്ങിയ വിവിധ മത്സരങ്ങൾ നടത്തപ്പെട്ടു. ശേഷം കുട്ടികൾക്ക് ഉള്ള ലഘുഭക്ഷണ വിതരണവും സമ്മാനദാനവും നടത്തി.

## MSC. 16/23 അലുമിനസ് ടോക്ക് നടത്തപ്പെട്ടു

കൊമേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ 03-01-2023 ൽ അലുമിനസ് ടോക്ക് നടത്തപ്പെട്ടു. 2017-2020 ബാച്ച് വിദ്യാർത്ഥിയാ യിരുന്ന ആശിഷ് മാത്യു അലുമിനസ് ടോക്കിൽ സംസാരിച്ചു. കൊ മേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാരായ എൽസമ്മ വി.ഡി., കൊച്ചുറാണി ജോസഫ് എന്നിവർ പ്രോഗ്രാമിന് നേതൃത്വം നല്കി.

## MSC. 17/23 കല 2K23 തിരി തെളിഞ്ഞു

മാർ സ്ലീവാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കല 2K23

ആർട്സ് ഡേ തിരി തെളിഞ്ഞു. കോളേജ് പ്രിൻസിപ്പൽ ഡോ. ജോഷി വർഗ്ഗീസ്, കോളേജ് അഡ്മിനിസ്ട്രേറ്റർ റവ. ഫാ. തോമസ് തൂമ്പുങ്കൽ, സ്റ്റാഫ് കോർഡിനേറ്റർ മെർലിൻ മരിയ ജോർജ്, അമലു ജോർജ്, ആർട്സ് ക്ലബ് സെക്രട്ടറി അൽജോ ടെന്നീസ് യൂണിയൻ ചെയർമാൻ സ്റ്റീവോ എന്നിവർ തിരിതെളിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.

## MSC. 18/23 സെമിനാറും ഡിബേറ്റ് കോംപറ്റീഷനും

പ്രകൃതി സംരക്ഷണവും പ്ലാസ്റ്റിക് നിർമ്മാർജനവും എന്ന വിഷയത്തെ ആസ്പദമാക്കി മാർ സ്ലീവാ കോളേജ് ഓഫ് ആട്സ് ആൻഡ് സയൻസിലെ Oratory and Debate ക്ലബിന്റെ ആഭിമുഖ്യത്തിൽ സെമിനാറും ഡിബേറ്റ് കോംപറ്റീഷനും നടന്നു.

# സോഷ്യൽ സർവ്വീസ്

## SS 02/23 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് വാർഷികം

**ഉപ്പുതോട്**

ഉപ്പുതോട് യൂണിറ്റിന്റെ വാർഷികം 14-01-2023 ശനിയാഴ്ച രാവിലെ 11 മണിയ്ക്ക് ഉപ്പുതോട് സെന്റ് ജോസഫ് ചർച്ച് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. യൂണിറ്റ് രക്ഷാധികാരി ഫാ. ഫിലിപ്പ് പെരുന്നാട്ട് അദ്ധ്യക്ഷത വഹിച്ച യോഗം ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. മാത്യു തടത്തിൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ശ്രീമതി സലോമി റ്റോമി യോഗത്തിന് സ്വാഗതം ആശംസിച്ചു. സെക്രട്ടറി ശ്രീമതി ക്ലാരമ്മ മാത്യു റിപ്പോർട്ട് അവതരിപ്പിച്ചു. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്ത് മെമ്പർമാരായ ഡെന്നി ബെന്നി, ബീന ജോമോൻ എന്നിവർ യോഗത്തിന് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. യൂണിറ്റിന് കീഴിലുള്ള ഫാം ഫ്രണ്ട്സ് ഗ്രൂപ്പിന്റെയും മറ്റ്സംഘങ്ങളുടെയും റിപ്പോർട്ട് അവതരണവും, സംഘാംഗങ്ങളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. ഫാം ഫ്രണ്ട്സ് ഗ്രൂപ്പ് പ്രസിഡന്റ് ശ്രീമതി മേരി വർഗ്ഗീസിന്റെ കൃതജ്ഞതയോടെ യോഗം അവസാനിച്ചു.

## SS 03/23 മയക്കുമരുന്നിനെതിരെ ബോധവത്ക്കരണ ക്യാമ്പയിൻ

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മയക്കുമരുന്നിനെതിരെയുള്ള ബോധവത്ക്കരണ ക്യാമ്പയിൻ 11-01-2023 ബുധനാഴ്ച മുരിക്കാശ്ശേരി സെന്റ് മേരീസ് ഹൈസ്കൂളിൽ വച്ച് നടത്തപ്പെട്ടു. B.V.M. ഹോളി ക്രോസ്സ് കോളേജ്, ചേർപ്പുങ്കലിൽ നിന്നുള്ള MSW ട്രെയിനിയായ നിതമോൾ ബഷീർ, പ്രിയദർശിനി ആർട്സ് ആന്റ് സയൻസ് കോളേജ്, മലപ്പുറത്ത് നിന്നുള്ള BSW ട്രെയിനിയായ വിസ്മയ വി. എന്നിവർ ക്ലാസ്സ് നയിച്ചു. മയക്കുമരുന്നിന്റെ ഉപയോഗം മൂലം ഉണ്ടാകുന്ന ശാരീരികവും മാനസികവുമായ പ്രത്യാഘാതങ്ങളെക്കുറിച്ച് കുട്ടികൾക്കിടയിൽ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്. സ്കൂൾ ഹെഡ്മാസ്റ്റർ, മറ്റ് ടീച്ചേഴ്സ്, സൊസൈറ്റി സ്റ്റാഫ് അംഗങ്ങൾ എന്നിവർ ക്യാമ്പയിന് നേതൃത്വം നല്കി.

# കെ.സി.എസ്.എൽ.

## KCSL 05/23 കെ.സി.എസ്.എൽ. സംസ്ഥാന കലോത്സവം: ഇടുക്കി രൂപതയ്ക്ക് സുവർണ്ണ നേട്ടം

ജനുവരി 13, 14 തീയതികളിലായി തിരുവനന്തപുരം നാലാഞ്ചിറ മാർ ഇവാനിയോസ് വിദ്യാനഗറിൽ വച്ചു നടന്ന കേരളാ കാത്തലിക് സ്റ്റുഡന്റ്സ് ലീഗ് (കെ.സി.എസ്.എൽ.) സംസ്ഥാന കലോത്സവത്തിൽ ഇടുക്കി രൂപതയ്ക്ക് സുവർണ്ണ നേട്ടം. 3500ലധികം കലാപ്രതിഭകൾ മാറ്റുരച്ച വിവിധ മത്സരയിനങ്ങളിലായി യു.പി. വിഭാഗത്തിൽ രണ്ടാം സ്ഥാനവും ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങളിലായി മൂന്നാം സ്ഥാനവും നേടിക്കൊണ്ടാണ് ഓവറോൾ മൂന്നാം സ്ഥാനം ഇടുക്കിയിലെ പ്രതിഭകൾ കരസ്ഥമാക്കിയത്.

### ഉന്നതവിജയം നേടിയവർ

**UP വിഭാഗം**

കൃപ മരിയ, ബഥേൽ, 1st A ഗ്രേഡ്, പുത്തൻപാന & ഭക്തിഗാനം

അൽസ മരിയ, വെള്ളയാംകുടി, 1st A ഗ്രേഡ്, മോണോആക്ട്

**HS വിഭാഗം**

ട്രീസ മാത്യു, മാങ്കുളം, 3rd A ഗ്രേഡ്, കഥാപ്രസംഗം
സഞ്ചന ഷൈജു, പുന്നയാർ, 2nd A ഗ്രേഡ്, മലയാളം പ്രസംഗം

**HSS വിഭാഗം**

ഡാസിൽ ഷോൺ, വാഴത്തോപ്പ്, 2nd A ഗ്രേഡ്, മലയാളം പ്രസംഗം
ബ്രിജീന ബിനോഷ്, വാഴത്തോപ്പ്,1st A ഗ്രേഡ്, മോണോആക്ട്
അലന്റ് വർക്കി, ചെമ്മണ്ണാർ, 1st A ഗ്രേഡ്, ഭക്തിഗാനം
ബിയോൾ വി ജോജി, മുരിക്കാശ്ശേരി, 3rd A ഗ്രേഡ്, ഭക്തിഗാനം
ആൻഡ്രിയ, കൂമ്പൻപാറ, 2nd A ഗ്രേഡ്, പുത്തൻപാന

അതോടൊപ്പം പങ്കെടുത്ത എല്ലാ മത്സരങ്ങളിലും മികച്ച ഗ്രേഡുകളും രൂപത കരസ്ഥമാക്കി. മത്സരത്തിൽ കുട്ടികളെ പ്രോത്സാഹിപ്പിച്ച് പരിശീലിപ്പിച്ച എല്ലാ അധ്യാപകർക്കും ഒത്തിരി സ്നേഹത്തോടെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

## KCSL 06/23 കിഡ്സ് കലോത്സവം

മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് 2023 ഫെബ്രുവരി 18 ന് 'കിഡ്സ് കലോത്സവം' നടത്തപ്പെടുന്നു.

**മത്സരയിനങ്ങൾ**

1. **കഥ പറച്ചിൽ**: 1, 2 ക്ലാസുകൾ (5 മിനിറ്റ്)
2. **പ്രസംഗം**: 3, 4 ക്ലാസുകൾ (5 മിനിറ്റ്)
3. **ലളിതഗാനം**: 1, 2, 3, 4 ക്ലാസുകൾ (5 മിനിറ്റ്- കോമൺ)
4. **ആന്തം**: 7 പേർ (64 സെക്കൻഡ്)
5. **ക്വിസ്**: അമ്മയായ ഭൂമി (90%), മാർഗരേഖ (5%), സഭാ വിജ്ഞാനം (5%)

കുട്ടികളെ മത്സരത്തിൽ പരിശീലിപ്പിച്ച് പ്രോത്സാഹിപ്പിച്ച് പങ്കെടുപ്പിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

# തിരുബാലസഖ്യം

## HC 05/23 Star of Month

ഡിസംബർ മാസത്തിലെ Star of Month ആയി തിരഞ്ഞെടുത്ത ഭൂമിയാംകുളം ഇടവകാംഗമായ ആൽഫ്രെഡ് ജിൽസന് അഭിനന്ദനങ്ങൾ.

## HC 06/23 ഉണ്ണിക്കൂട്ടം

താന്നിക്കണ്ടം ഇടവകയിലെ കുട്ടികൾക്കായി ജനുവരി മാസം രണ്ടാം തീയതി ഉണ്ണിക്കൂട്ടം സംഘടിപ്പിച്ചു. നേതൃത്വം നൽകിയ അധ്യാപകർക്ക് അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. ഇനിയും ഏതെങ്കിലും ഇടവകകളിൽ 'ഉണ്ണിക്കൂട്ടം' നടത്തുവാൻ ആഗ്രഹിക്കുന്നെങ്കിൽ ആ വിവരം രൂപതയിൽ അറിയിച്ചാൽ അതിനുള്ള ക്രമീകരണങ്ങൾ ചെയ്തു തരുന്നതായിരിക്കും.

## HC 07/23 ഫാൻസി ഡ്രസ് മത്സരം

ജനുവരി 20 വി. സെബാസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് നടത്തിയ ഫാൻസി ഡ്രസ് മത്സരത്തിൽ പങ്കെടുത്തവർക്കും വിജയികളായവർക്കും അഭിനന്ദനങ്ങൾ.

**ഒന്നാം സമ്മാനം** : ജാൻവി മരിയ അജിഷ്, കോമ്പയാർ

**രണ്ടാം സമ്മാനം** : ഗോഡ്സൺ ബിനു, ആയിരമേക്കർ

**മൂന്നാം സമ്മാനം** : ബിറ്റോ ബിജു, ശാന്തിഗ്രാം

**പ്രോത്സാഹന സമ്മാനം** :

1. അയാൻ ടോം, രാജകുമാരി
2. ഡാർമിൻ ടിങ്കിൾ, കനകക്കുന്ന്

## HC 08/23 തിരുബാലസഖ്യ ദിനം

ഫെബ്രുവരി മാസത്തിലെ രണ്ടാം ഞായറാഴ്ച തിരുബാലസഖ്യദിനമായി ആചരിക്കുകയാണല്ലോ. രൂപതാതല തിരുബാലസഖ്യ ദിനാഘോഷം മുരിക്കാശ്ശേരി സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. അന്നേദിവസം എല്ലാ ഇടവകകളിലും കുട്ടി

കളുടെ നേതൃത്വത്തിൽ കാഴ്ച സമർപ്പണം നടത്താനും സൺഡേ സ്കൂൾ അസംബ്ലി നടത്താനും മീറ്റിങ് നടത്താനും ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

## ചെറുപുഷ്പ മിഷൻലീഗ്

### CML 04/23 സംയുക്ത എക്സിക്യൂട്ടീവ് കമ്മിറ്റി

ജനുവരി മാസം രണ്ടാം തീയതി കാമാക്ഷി സെന്റ് ആന്റണീസ് ഓഡിറ്റോറിയത്തിൽ വച്ച് സംസ്ഥാന ഭാരവാഹികളും ഇടുക്കി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്ന് സംയുക്ത എക്സിക്യൂട്ടിവ് കമ്മിറ്റി നടത്തപ്പെട്ടു.

### CML 05/23 രൂപതാ സന്ദർശനം

സൗഹൃദം 2023 ന്റെ ഭാഗമായി സംസ്ഥാന പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരിയും സംസ്ഥാന AKMC അംഗം ശ്രീ. ഷിനോ മോളത്തും രൂപതാ സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി.

### CML 06/23 ക്രിസ്തുമസ് ആഘോഷം

ജനുവരി മാസം രണ്ടാം തീയതി കാമാക്ഷിയിൽ ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ ക്രിസ്തുമസ് ആഘോഷം നടത്തി സമ്മാനങ്ങൾ കൈമാറി.

### CML 07/23 ജൂബിലി ആഘോഷം

രൂപതാ എക്സിക്യൂട്ടീവ് അംഗം സി. മെറിൻ SABS ന്റെ സുവർണ്ണ ജൂബിലി കാമാക്ഷിയിൽ ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിൽ ആഘോഷിച്ചു.

### CML 08/23 ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് & നവവൈദികരെ ആദരിക്കൽ

14-ാം തീയതി അടിമാലി ആത്മ ജ്യോതിയിൽ വച്ച് ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് നടത്തപ്പെട്ടു. ചെറുപുഷ്പ മിഷൻ ലീഗ് ദേശീയ നിർവ്വാഹസമിതി അംഗം ശ്രീ. ഷിനോ മോളത്ത് ക്ലാസ്സ് നയിച്ചു. പ്രസ്തുത യോഗത്തിൽ ഇടുക്കി രൂപതയിലെ നവവൈദികരെ ആദരിച്ചു.

## CML 09/23 രൂപതാ എക്സിക്യൂട്ടീവ്

ജനുവരി ഇരുപത്തിയാറാം തീയതി ശനിയാഴ്ച കരിമ്പൻ ചെറുപുഷ്പമിഷൻ ലീഗ് സെട്രൽ ഓഫിസിൽ എക്സിക്യൂട്ടീവ് നടത്തപ്പെട്ടു.

## CML 10/23 ചെറുപുഷ്പ മിഷൻലീഗിന്റെ ദേശീയ തല പ്ലാറ്റിനം ജൂബിലി സമാപനം

തക്കലയിൽ വച്ചു നടത്തപ്പെട്ട ദേശീയ തല പ്ലാറ്റിനം ജൂബിലി സമാപനത്തിൽ ഇടുക്കി രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

## CML 11/23 രോഗീ ദിനാചരണം

ലൂർദ്ദ് മാതാവിന്റെ തിരുനാൾ ദിനമായ ഫെബ്രുവരി പതിനൊന്നാം തീയതി രോഗി ദിനമായി ആചരിക്കുകയാണല്ലോ. അന്നേദിവസം രോഗികൾക്ക് വേണ്ടി പ്രാർത്ഥിക്കുവാനും രോഗികളെ സന്ദർശിക്കുവാനും ശ്രദ്ധിക്കുമല്ലോ.

## CML 12/23 വാ. റാണി മരിയയുടെ തിരുനാൾ

ഫെബ്രുവരി ഇരുപത്തിയഞ്ചാം തീയതി ശാഖ മേഖലാ തലത്തിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

# കെ.സി.വൈ.എം. (SMYM)

## KCYM 06/23 ലഹരി വിരുദ്ധ സന്ദേശ യാത്രക്ക് സ്വീകരണം നൽകി

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന Anti Drug Drive നു ഇരുമ്പുപാലത്തു സ്വീകരണം നൽകി. കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ഷിജോ ഇടയാടിയിൽ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോസഫ് നടുപ്പടവിൽ ഉദ്ഘാടനം നിർവഹിച്ചു. ഇടുക്കി രൂപതാ കെ.സി.വൈ.എം. യുവജനങ്ങളുടെ നേതൃത്വത്തിൽ ഒരു മാസത്തോളം നീളുന്ന ലഹരി വിരുദ്ധ വാഹന പ്രചരണ യാത്ര നടത്തുവാനും തീരുമാനിച്ചതായി

അറിയിച്ചു. ഇടുക്കി രൂപതാ കെ.സി.വൈ.എം. പ്രസിഡന്റ് അലക്സ് തോമസ് സ്വാഗതം ആശംസിച്ചു. ആനിമേറ്റർ സി. ലിന്റ SABS എന്നിവർ സംസാരിച്ചു.

## KCYM 07/23 കാത്തലിക് യൂത്ത് കോൺഫ്രൻസ്

തൃശൂർ വച്ച് നടന്ന കാത്തലിക് യൂത്ത് കോൺഫ്രൻസിൽ ഇടുക്കി രൂപതയും പങ്കെടുത്തു.

## KCYM 08/23 ഇരുപതാം സെനറ്റ് വാർഷികം

കെ.സി.വൈ.എം. രൂപതാ സമിതിയുടെ സെനറ്റ് സമ്മേളനം ഫെബ്രുവരി 25, 26 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചു. അഭിവന്ദ്യ പിതാക്കന്മാരും രാഷ്ട്രീയ സാമൂഹിക സംസ്കാരിക നേതാക്കളും പങ്കെടുക്കുന്നു എന്ന് എക്സിക്യൂട്ടീവ് മീറ്റിംങ്ങിൽ അറിയിച്ചു.

# ജീസസ് യൂത്ത് ഇടുക്കി സോൺ

## JY 06/23 നൈറ്റ് വിജിൽ

സോണൽ നൈറ്റ് വിജിൽ ജനുവരി 6 നു വെകുന്നേരം 6.30 മുതൽ 9.00 മണിവരെ കരിമ്പൻ സെന്റ് മേരീസ് ദൈവാലയത്തിൽ നടക്കുകയുണ്ടായി. പുതുവർഷത്തിലെ ജീസസ് യൂത്ത് പ്രവർത്തനങ്ങളെ കർത്താവിനു സമർപ്പിച്ചുകൊണ്ട്, സഭയ്ക്കും ലോകം മുഴുവനും വേണ്ടിയുള്ള പ്രാർത്ഥനയുടെ നിമിഷങ്ങൾ ആയിരുന്നു നൈറ്റ് വിജിലിൽ.

## JY 07/23 ക്യാമ്പസ് മിനിസ്ട്രി

ഇടുക്കി ക്യാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ വെച്ചു കോളേജ് വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ഏകദിന പ്രോഗ്രാം ജനുവരി 21 നു രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ നടത്തപ്പെട്ടു.

## JY 08/23 സബ്സോൺ ഗാതറിങ്

സബ്സോൺ കോർ ടീമിന്റെ നേതൃത്വത്തിൽ വാഴത്തോപ്പ് സബ്സോൺ ഗാതറിങ് ജനുവരി 14 നു കരിമ്പൻ സെന്റ് മേരീസ് ദൈവാലയത്തിൽ നടക്കുകയുണ്ടായി.

## JY 09/23 സഹ്യജ്യോതി പ്ലസ് ടു മീറ്റ്

+2 ക്ലാസിലെ കുട്ടികൾക്ക് ആത്മീയ ഉണർവ് ലഭിക്കുക എന്ന ഉദ്ദേശ്യത്തോടെ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ക്രിസ്തു ജ്യോതി വിശ്വാസ പരിശീലന കേന്ദ്രം സംഘടിപ്പിക്കുന്ന ഏകദിന കൺവൻഷൻ ഫൊറോനാ അടിസ്ഥാനത്തിൽ നടന്നു. ജനുവരി 8, 15 എന്നീ തിയതികളിൽ രൂപതയിലെ രണ്ടു ഫോറോനകളിൽ കൺ വെൻഷൻ നടന്നു. പാട്ടുകളും, ആക്റ്റിവിറ്റികളും, ക്ലാസുകളും വഴി വിശുദ്ധ കുർബാനയിലേക്ക് കുട്ടികളെ അടുപ്പിക്കുന്നതിനുള്ള ഒരു പരിശീലനമാണ് ഈ കൺവൻഷനിലൂടെ കുട്ടികൾക്ക് ലഭിച്ചത്. കൺ വൻഷനിൽ വി. കുർബാനയും ആരാധനയും ഉണ്ടായിരുന്നു.

## JY 10/23 ഫാമിലി കോൺഫറൻസ്

കേരളത്തിലെ എല്ലാ സോണുകളിലും നിന്നുള്ള ജീസസ് യൂത്ത് കുടുംബങ്ങൾ ഒരുമിച്ചുവന്ന ജീസസ് യൂത്ത് ഫാമിലി കോൺ ഫറൻസ് ഡിസംബർ 29 മുതൽ 31 വരെ തൃശൂർ കുര്യച്ചിറ സെന്റ് ജോസഫ് മോഡൽ സ്കൂളിൽ വെച്ച് നടന്നു. 1220 മുതിർന്നവർ, 236 കുഞ്ഞുങ്ങൾ, 375 കിഡ്സ്, 361 പ്രീ ടീൻസ്, 329 ടീൻസ്, 82 യൂത്ത്, 645 കുടുംബങ്ങളോടൊപ്പം ചേർന്ന് 638 യുവജന വോളണ്ടിയർമാർ, 4 പിതാക്കന്മാർ, 38 വൈദികർ, 23 സിസ്റ്റേഴ്സ്, ക്ലാസുകൾ നയിക്കാൻ വന്ന 17 കുടുംബങ്ങളിൽ നിന്നുള്ള 78 പേർ പുതുവർഷ പുലരിയിൽ JYKFC അവസാനിക്കുമ്പോൾ ജീസസ് യൂത്ത് ഫാമിലി സ്ട്രീമിന് പുതിയ ഒരു ദിശാബോധം ഉദയം ചെയ്യുകയായിരുന്നു. 238 ദമ്പതി കൾ ഒരുമാസ മിഷൻ കമ്മിറ്റ്മെന്റും, 195 ദമ്പതികൾ അക്കമ്പനിമെന്റ് കമ്മിറ്റ്മെന്റും ഏറ്റെടുക്കുകയുണ്ടായി.

## JY 11/23 കൗൺസിൽ മീറ്റിങ്ങ്

സോണൽ കൗൺസിൽ മീറ്റിങ്ങ് ജനുവരി 21 ശനിയാഴ്ച വൈകുന്നേരം 7.00 മണിമുതൽ 22 ഞായറാഴ്ച വൈകുന്നേരം 4.00 മണിവരെ അടിമാലിയിൽ വെച്ചു നടക്കുകയുണ്ടായി. സോണൽ ചാപ്ലെൻ ബഹുമാനപ്പെട്ട ആന്റണി പാറക്കടവിൽ അച്ചന്റെയും, ആനിമേറ്റർ സി. ബ്ലസി സി.എം.സി. യുടെയും സാന്നിധ്യത്തിൽ നടക്കുകയുണ്ടായി. കൗൺസിൽ അംഗങ്ങളുടെ സജീവ സാന്നിദ്ധ്യം മീറ്റിങ്ങിൽ ഉടനീളം ഉറപ്പാക്കി. ഒന്നിച്ചുള്ള പ്രാർത്ഥനയ്ക്കും ചർച്ച

കൾക്കും ഒടുവിൽ ദൈവതിരുമുമ്പിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ, പ്രാർത്ഥനയോടെ കൗൺസിൽ മീറ്റിംഗ് അവസാനിച്ചു.

## ഫാമിലി അപ്പോസ്റ്റലേറ്റ്

### FA 2/23 വിവാഹ ഒരുക്ക സെമിനാർ ഫെബ്രുവരി 2023

സ്നേഹമുള്ളവരെ, ഇടുക്കി രൂപത ഫാമിലി അപ്പോസ്റ്റലേറ്റ് നടത്തി വരുന്ന വിവാഹ ഒരുക്ക സെമിനാർ ഫെബ്രുവരി മാസം 3, 4, 5 തീയതികളിൽ അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്നു.

വിവാഹ ഒരുക്ക സെമിനാർ ഫെബ്രുവരി മാസം 3-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിക്ക് ആരംഭിച്ച് 5-ാം തീയതി ഞായറാഴ്ച അവസാനിക്കുന്നതാണ്.

പങ്കെടുക്കുന്നവർ മൂന്ന് ദിവസം താമസിച്ച് പങ്കെടുക്കുവാൻ വേണ്ട ആവശ്യവസ്തുക്കളും ബഹു. വികാരിയച്ചന്റെ എഴുത്തും കരുതേണ്ടതാണ്.

ഞായറാഴ്ച ഉച്ചക്ക് മാതാപിതാക്കൾക്ക് ഒരു ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.

പങ്കെടുക്കുന്നവർ ഫോൺ വിളിച്ച് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഫാമിലി അപ്പോസ്റ്റലേറ്റ് - 9447413328**
**സി. സോഫിയ റോസ് CMC - 6235931254**
**സി. നിത്യ CMC - 8078755919**



# പ്രാർത്ഥനാ ഗ്രൂപ്പ്

## PG 04/23 യുവജന ധ്യാനം

''യൗവ്വനകാലത്ത് സൃഷ്ടാവിനെ സ്മരിക്കുക'' (സഭാ. 12:1)

യൂത്ത് യുണൈറ്റഡ് ഫോർ ക്രൈസ്റ്റ് (YU4C) യുവജനങ്ങൾക്കായി ഒരുക്കിയ 'അഗാപ്പെ - സീൽ ഓഫ് ലൗ യുവജന ധ്യാനം'' യുവജനങ്ങളിൽ ആത്മീയ ഉണർവിനും വിശ്വാസ ദൃഢീകരണത്തിനും കാരണമായതിനെ ഓർത്ത് ദൈവത്തിന് നന്ദിയും സ്തുതിയും. വലിയ അനുഗ്രഹത്തിന്റേയും പരിശുദ്ധാത്മ നിറവിന്റേയും നിമിഷങ്ങൾ സമ്മാനിച്ചുകൊണ്ടാണ് തോപ്രാംകുടി അമല ധ്യാന കേന്ദ്രത്തിൽവച്ച് ഡിസംബർ 28, 29, 30, 31 തീയതികളിൽ ഫാ. ജോസഫ് നടുപ്പടവിൽ, ബ്ര. തോമസ് കുമളി, ബ്ര. ഉണ്ണി മാവടി എന്നിവർ നയിച്ച യുവജന ധ്യാനം സമംഗളം പര്യവസാനിച്ചത്.

## PG 05/23 യുവജന കൂട്ടായ്മ

രാജാക്കാട് സബ് സോണിന്റെ നേതൃത്വത്തിൽ ജനുവരി 11-ാം തീയതി യുവജനങ്ങൾ പ്രാർത്ഥനയ്ക്കും ആനുകാലിക പ്രസക്തിയുള്ളതും യുവജനങ്ങളെ പ്രത്യേകമായും ബാധിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്യാനുമായി രാജാക്കാട് ഒരുമിച്ചുകൂടി.

## PG 06/23 സോണൽ കാര്യപരിപാടികളുടെ ആസൂത്രണം

ജനുവരി 16-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ 10 മണി വരെ കരിമ്പനിൽ സോണൽ ആനിമേറ്റർ റവ. ഫാ. ജോസഫ് നടുപ്പടവിലിന്റെ നേതൃത്വത്തിൽ സോണൽ സർവീസ് ടീം, സബ് സോൺ കോർഡിനേറ്റർമാർ, സോണൽ മിനിസ്ട്രികളുടെ കോർഡിനേറ്റർമാർ എന്നിവർ ഒരുമിച്ചുചേർന്ന പ്രാർത്ഥനാ യോഗത്തിൽ വച്ച് 2023 വർഷത്തിൽ നടപ്പിലാക്കേണ്ട പരിപാടികൾ ചർച്ചചെയ്യുകയും പദ്ധതി തയ്യാറാക്കുകയും ചെയ്തു.

## PG 07/23 സബ് സോൺ സെമിനാറുകൾ

വാഴത്തോപ്പ് സബ് സോണിന്റെ നേതൃത്വത്തിൽ കരിമ്പനിൽ വച്ചും, പാറത്തോട് സബ് സോണിന്റെ നേതൃത്വത്തിൽ മുക്കുടത്തു

വച്ചും, തോപ്രാംകുടി സബ് സോണിന്റെ നേതൃത്വത്തിൽ തോപ്രാം കുടി അസ്സീസ്സി ധ്യാനകേന്ദ്രത്തിൽ വച്ചും സബ് സോൺ സെമിനാറു കൾ നടത്തപ്പെട്ടു.

# കത്തോലിക്കാ കോൺഗ്രസ്

## AKCC 11/23 കർഷക പ്രതിഷേധ സമരം

കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കർഷകപ്രക്ഷോഭ പരമ്പരയുടെ ഭാഗ മായി വാഴവര യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വാഴവരയിൽ കർഷക പ്രതിഷേധ സമരം നടത്തപ്പെട്ടു. സമരം ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു.

## AKCC 12/23 കർഷക കൺവെൻഷൻ

കത്തോലിക്ക കോൺഗ്രസ് ഇടുക്കി രൂപത സമിതിയുടെ നേ തൃത്വത്തിൽ കോവിൽ മലയിൽ കർഷക കൺവെൻഷൻ നടത്ത പ്പെട്ടു. കൺവൻഷൻ രൂപത പ്രസിഡന്റ് ജോർജ് കോയിക്കൽ ഉദ്ഘാ ടനം ചെയ്തു. ജനറൽ സെക്രട്ടറി സിജോ ഇലന്തൂർ വിഷയാവത രണം നടത്തി.

## AKCC 13/23 കർഷക പ്രതിഷേധ ജ്വാല

കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ സമിതിയുടെ നേതൃത്വത്തിൽ ബഫർ സോൺ ബാധിത പ്രദേശമായ കോവിൽ മലയിൽ വമ്പിച്ച കർഷക റാലിയും പ്രതിഷേധ ജ്വാലയും നടത്ത പ്പെട്ടു. പ്രതിഷേധ സമ്മേളനം ഇടുക്കി രൂപത വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ ഉദ്ഘാടനം ചെയ്തു. കോവിൽമല രാജാവ് രാമൻ രാജമന്നാൻ പ്രതിഷേധ ജ്വാല തെളിയിച്ചു.

## AKCC 14/23 എക്സിക്യൂട്ടീവ് യോഗം

കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി, രൂപത ഓഫീസിൽ ചേർന്നു. ഫൊറോനാതല കർഷക കൺ വെൻഷനുകൾ സംഘടിപ്പിക്കുവാനും, യൂത്ത് കൗൺസിലിന്റെയും വനിതാ കൗൺസിലിന്റെയും നേതൃത്വത്തിൽ ലഹരിവിരുദ്ധ ക്യാമ്പ

യിനുകൾ നടത്തുവാനും. പാരിഷ് വിസിറ്റുകൾ നടത്തി യൂണിറ്റ് രൂപീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കാനും യോഗം തീരുമാനിച്ചു.

# വാർത്തകളും വിശേഷങ്ങളും

## കാർഷിക പ്രശ്നങ്ങളിൽ ആശങ്ക രേഖപ്പെടുത്തി രൂപത പാസ്റ്ററൽ കൗൺസിൽ

ഇടുക്കി ആശങ്കാജനകമായ ഭൂപ്രശ്നങ്ങളാൽ കലുഷിതമാകുന്ന സാഹചര്യത്തിൽ ശാശ്വതമായ പരിഹാരത്തിനായി ഇടുക്കി രൂപതാ പാസ്റ്ററൽ കൗൺസിൽ പ്രമേയം പാസാക്കി. ഏറെനാളുകളായി വലിയ നിയമപ്രശ്നങ്ങളിൽ കുടുങ്ങി ഇവിടത്തെ ഭൂപ്രശ്നങ്ങൾ സങ്കീർണമാവുകയാണ്. ആരോപണ പ്രത്യാരോപണങ്ങൾ കൊണ്ട് രാഷ്ട്രീയനേതൃത്വങ്ങൾ പരിഹാരം കണ്ടെത്തുവാൻ ശ്രമിക്കാതെ ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞുമാറുന്നു.

ഈ സാഹചര്യത്തിൽ സാധാരണക്കാരായ കർഷകരുടെ ആശങ്കകൾ പരിഹരിക്കുന്നതിനും അനന്തമായ നീളുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ ഉത്തരവാദിത്തവാപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് കൗൺസിൽ ആവശ്യപ്പെട്ടു. ഒപ്പം നിയമപരമായി ഈ പ്രതിസന്ധികളെ അതിജീവിക്കുന്നതിനായി ഒരു വിദഗ്ദ സമിതിക്കും രൂപം നൽകി.

ഈ വിഷയത്തിൽ സമയബന്ധിതവും കൃത്യവുമായ നിലപാടുകൾ എടുക്കുന്നതിനും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി എ.കെ.സി.സി. രൂപത പ്രസിഡന്റ് ശ്രീ. ജോർജ് കോയിക്കൽ ചെയർമാൻ ആയ സമിതിക്ക് പാസ്റ്ററൽ കൗൺസിൽ അംഗീകാരം നൽകി. അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ ചേർന്ന യോഗം രൂപത മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ബഹുഭൂരിപക്ഷം വരുന്ന കർഷകർ അതിവസിക്കുന്ന ഇടുക്കിയെ ആകമാനം ബാധിക്കുന്ന ഭൂപ്രശ്നം, നിർമ്മാണ നിരോധനം, വന്യജീവി അക്രമം തുടങ്ങിയ വിവിധ വിഷയങ്ങളിൽ ജനത്തിന്റെ ആശങ്ക ഉൾക്കൊണ്ട് അതിജീവനത്തിന് വേണ്ടിയുള്ള ധർമ്മ സമരങ്ങളിൽ രൂപത ഒപ്പമുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു.

## ലോകത്ത് 360 ദശലക്ഷത്തിലധികം ക്രിസ്ത്യാനികൾ പീഡനം അനുഭവിക്കുന്നു

ലോകത്ത് ക്രൈസ്തവർക്കു നേരേയുള്ള പീഡനം 30 വർഷത്തിനിടെ ഏറ്റവും ഉയർന്ന നിരക്കിലെത്തിയതായി റിപ്പോർട്ട്. ജനുവരി 18 ന് ഓപ്പൺ ഡോർസ് പുറത്തുവിട്ട വേൾഡ് വാച്ച് ലിസ്റ്റ് പ്രകാരം 2022 ൽ പീഡനങ്ങൾക്കിരയായ ക്രൈസ്തവരുടെ എണ്ണം 36 കോടി! അഫ്ഗാനിസ്ഥാനെ പിന്നിലാക്കിക്കൊണ്ട് കമ്യൂണിസ്റ്റ് ഏകാധിപത്യ രാജ്യമായ ഉത്തരകൊറിയ ഒന്നാമതായി. സൊമാലിയ, യെമൻ, എറിത്രിയ, ലിബിയ, നൈജീരിയ, പാക്കിസ്ഥാൻ, ഇറാൻ, സുഡാൻ എന്നീ രാജ്യങ്ങളുടെ കൂട്ടത്തിൽ പതിനൊന്നാമതായി മതേതര രാജ്യമായ ഇന്ത്യയും.

ക്രൈസ്തവർക്കെതിരേയുള്ള പീഡനങ്ങളിൽ മുന്നിലാണ് മുസ്ലിം രാജ്യങ്ങൾ. ഇസ്‌ലാമിക് സ്റ്റേറ്റും അതിന്റെ പോഷകസംഘടനകളെന്നവിധം വിവിധ രാജ്യങ്ങളിൽ പിടി മുറുക്കിയിരിക്കുന്ന ഭീകര പ്രസ്ഥാനങ്ങളുമാണ് ലോകസമാധാനത്തിനു ഭീഷണി. ഇത്തരം രാജ്യങ്ങളിൽനിന്നു പലായനം ചെയ്യുന്നതിനാൽ പലയിടത്തും ക്രൈസ്തവർ നാമമാത്രമായി. താലിബാൻ ആധിപത്യം സ്ഥാപിച്ചതിനു ശേഷം പട്ടികയിൽ മുന്നിലായിരുന്ന അഫ്ഗാനിസ്ഥാൻ ഇപ്പോൾ ഒമ്പതാമതായി. അവിടെ പീഡനം കുറഞ്ഞതല്ല, ഉണ്ടായിരുന്ന ക്രൈസ്തവർ കൊല്ലപ്പെടുകയോ ഒളിവിൽ പോകുകയോ പലായനം ചെയ്യുകയോ ചെയ്തതുകൊണ്ടാണെന്ന്, ഇറ്റലിയുടെ ചേംബർ ഓഫ് ഡെപ്യൂട്ടീസിൽ റിപ്പോർട്ട് അവതരിപ്പിക്കവേ ഓപ്പൺ ഡോർസിന്റെ ഇറ്റാലിയൻ അധ്യക്ഷ ക്രിസ്റ്റ്യാൻ നാനി പറഞ്ഞു.

ഓപ്പൺ ഡോർസിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ട് ഒരാഴ്ചയേ ആയിട്ടുള്ളൂ. അതിനിടെയാണ് ഇക്കഴിഞ്ഞ ദിവസം, നൈജീരിയയിൽ ഇസ്ലാമിക ഭീകരസംഘടനയായ ഫുലാനി 11 കത്തോലിക്കരെ കൊന്നത്. ഗുരുതരമായി പരിക്കേറ്റ നിരവധിപ്പേരെ ആശുപത്രികളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. മകുർദി രൂപതയിലെ അഭയാർഥിക്യാമ്പിനു സമീപത്തായിരുന്നു ആക്രമണം. സബ് സഹാറൻ ആഫ്രിക്കയിൽ ക്രൈസ്തവർക്കു നേരേ മുസ്ലിം തീവ്രവാദികളുടെ ആക്രമണം രൂക്ഷമാണ്. 5014 ക്രൈസ്തവരാണ് നൈജീരിയയിൽ മാത്രം കഴിഞ്ഞ വർഷം കൊല്ലപ്പെട്ടത്.

പീഡകരുടെ പട്ടികയിൽ ചൈന പതിനാറാം സ്ഥാനത്തുള്ളപ്പോഴാണ് ഇന്ത്യ പതിനൊന്നാം സ്ഥാനത്തെത്തിയിരിക്കുന്നത്. സംഘപരിവാർ തുടർച്ചയായി നടത്തുന്ന ആക്രമണങ്ങളിൽ ഏറ്റവും പുതിയതാണ് ഛത്തീസ്ഗഡിൽ നടന്നത്. ആയിരക്കണക്കിനു ക്രൈസ്തവർ തങ്ങളുടെ വീടുകളിൽനിന്നു തല്ലിയോടിക്കപ്പെട്ടു. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ നിരവധി പേർക്കു പരിക്കേറ്റു. നാരായൺപുരിൽ കത്തോലിക്കാ ദേവാലയവും കോൺവെന്റും സ്കൂളുമൊക്കെ ആക്രമിച്ചു. 2022 ജനുവരി മുതൽ ജൂലൈ വരെ മാത്രം ഇന്ത്യയിൽ ക്രൈസ്തവർക്കെതിരേ 302 ആക്രമണങ്ങൾ ഉണ്ടായതായി ബംഗളൂരു ആർച്ച്ബിഷപ് ഡോ. പീറ്റർ മച്ചാഡോയും നാഷണൽ സോളി ഡാരിറ്റി ഫോറം, ഇവാഞ്ചലിക്കൽ ഫെലോഷിപ് ഓഫ് ഇന്ത്യ എന്നീ സംഘടനകളും ചേർന്നു സുപ്രീംകോടതിയിൽ നൽകിയ ഹർജിയിൽ അറിയിച്ചു.

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

**മല്പാൻ മാത്യു വെള്ളാനിക്കൽ**

# രക്ഷയുടെ അവകാശികൾ

## (തിരുവചനഭാഗം: റോമാ 11,1–36)

ഈ വചനഭാഗത്തെ താഴെക്കാണുംവിധം വിഭജിക്കാം.

1. ദൈവത്താൽ ഉപേക്ഷിക്കപ്പെടാത്ത ദൈവജനം (11,1–4)
2. കൃപയാൽ തിരഞ്ഞെടുക്കപ്പെട്ട ദൈവജനം (11,5–10)
3. യഹൂദരുടെ ഇടർച്ചയും വിജാതീയരുടെ രക്ഷയും (11,11–16)
4. രക്ഷിക്കപ്പെട്ട വിജാതീയർ എളിമയിൽ ജീവിക്കേണ്ടവർ (11,17–24)
5. എല്ലാ രക്ഷയും അബ്രാഹത്തിനു നല്കിയ വാഗ്ദാനപൂർത്തീകരണം (11,25–32)

ഈ വചനഭാഗം അജപാലകർക്കു നല്കുന്ന സന്ദേശം മനസ്സിലാക്കാൻ ശ്രമിക്കാം.

**1. ദൈവത്താൽ ഉപേക്ഷിക്കപ്പെടാത്ത ദൈവജനം**

"*അതിനാൽ ഞാൻ ചോദിക്കുന്നു: ദൈവം തന്റെ ജനത്തെ പരിത്യജിച്ചുവോ? ഒരിക്കലുമില്ല. ഞാൻതന്നെയും അബ്രാഹത്തിന്റെ*

*സന്തതിയും ബഞ്ചമിൻ ഗോത്രജനുമായ ഒരു ഇസ്രായേൽക്കാരനാണല്ലോ. ദൈവം മുൻകൂട്ടി അറിഞ്ഞ സ്വന്തം ജനത്തെ അവിടുന്നു പരിത്യജിച്ചിട്ടില്ല. ഇസ്രായേലിനെതിരായി ദൈവത്തോട് എപ്രകാരമാണ് ഏലിയാ വാദിക്കുന്നതെന്ന് അവനെപ്പറ്റി വിശുദ്ധഗ്രന്ഥം പറയുന്നതു നിങ്ങൾക്കറിയാമല്ലോ: കർത്താവേ, അങ്ങയുടെ പ്രവാചകരെ അവർ വധിച്ചു. അങ്ങയുടെ ബലിപീഠങ്ങൾ അവർ തകർത്തു. അവശേഷിക്കുന്നവൻ ഞാൻ മാത്രമാണ്. അവർ എന്റെ ജീവനെ തേടുന്നു. എന്നാൽ, ദൈവം അവനോടു മറുപടി പറഞ്ഞതെന്താണെന്നോ? ബാലിന്റെ മുമ്പിൽ മുട്ടുമടക്കാത്ത ഏഴായിരംപേരെ എനിക്കുവേണ്ടി ഞാൻ മാറ്റിനിർത്തിയിട്ടുണ്ട്"* (11,1-4).

ദൈവം തന്റെ ജനത്തെ ഉപേക്ഷിച്ചിട്ടില്ല എന്നതിനുള്ള ഏറ്റവും വലിയ തെളിവായി പൗലോസ്ശ്ലീഹാ അവതരിപ്പിക്കുന്നത് ബഞ്ചമിൻ ഗോത്രത്തിൽ ജനിച്ച യഹൂദനായ തന്റെതന്നെ അവസ്ഥയാണ്. തന്റെ യഹൂദ തനിമയെക്കുറിച്ച് പൗലോസ്ശ്ലീഹാ പലപ്പോഴും പ്രതിപാദിക്കുന്നുണ്ട് (2 കൊറി 11,22; ഗലാ 1,13-14; ഫിലി 3,4-6). യഹൂദനായ താൻ രക്ഷയുടെ പാതയിലെത്തിയെങ്കിൽ ദൈവം യഹൂദജനതയെ ഒന്നാകെ ഉപേക്ഷിച്ചു എന്നു കരുതാനാവില്ല. ദൈവം തന്റെ ജനത്തെ ഉപേക്ഷിച്ചോ? എന്ന ചോദ്യം 1 സാമു 12,22 ന്റെ ഉദ്ധരണിയാണ്. 1 സാമു 12,22 ൽ ദൈവജനത്തിനുവേണ്ടിയുള്ള സാമുവലിന്റെ മദ്ധ്യസ്ഥപ്രാർത്ഥനയുടെ ഭാഗമായാണ് ഈ ചോദ്യമുള്ളത്. സമാനമായ ഒരു ആഖ്യാനമാണ് ഇവിടെയും ദൃശ്യമാകുന്നത്. തന്മൂലം ഇസ്രായേലിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള വിശുദ്ധ പൗലോസിന്റെ പ്രാർത്ഥനയായിട്ടോ ഈശോയിൽ വിശ്വസിച്ച് രക്ഷ പ്രാപിക്കാൻ യഹൂദരോടു നടത്തുന്ന അഭ്യർത്ഥനയായിട്ടോ ഈ വചനഭാഗത്തെ മനസ്സിലാക്കാം. അജപാലകർ തങ്ങളെ ഏല്പ്പിച്ചിരിക്കുന്ന ദൈവജനത്തിന്റെ രക്ഷയ്ക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുന്നവരാകണം.

പൗലോസ്ശ്ലീഹാ തന്നെതന്നെ താരതമ്യപ്പെടുത്താൻ ആഗ്രഹിക്കുന്ന പ്രവാചകൻ ഏലിയായാണ്. ഏലിയായുടെ വിശ്വാസതീക്ഷ്ണത പൗലോസ്ശ്ലീഹാ അനുകരിക്കുന്ന മാതൃകയാണ്. എന്നാൽ താൻ മാത്രമേ വിശ്വസ്തനായി അവശേഷിക്കുന്നുള്ളൂ എന്ന ഏലിയായുടെ പ്രസ്താവനയെ ഇവിടെ തിരുത്തുന്നുണ്ട്. ഏലിയായുടെ കാലത്ത് ഏഴായിരം പേർ ദൈവികവിശ്വസ്തതയിൽ നിശബ്ദരായി, എന്നാൽ അചഞ്ചലരായി വ്യാപരിച്ചിരുന്നതുപോലെ ഒരു നല്ല പങ്ക് യഹൂദർ ഇപ്പോഴും രക്ഷയുടെ പാതയിൽ അവശേഷിക്കുന്നുണ്ട്

എന്ന പ്രത്യാശയാണ് പൗലോസ്ശ്ലീഹാ അവതരിപ്പിക്കുന്നത്. തന്നെ ഏല്പ്പിച്ചിരിക്കുന്ന ദൈവജനം രക്ഷയുടെ പാതയിൽ ചരിക്കുന്നവരാണ് എന്ന പ്രത്യാശ അജപാലകർക്കുണ്ടാവണം. ഇപ്രകാരം പ്രത്യാശയിൽ രക്ഷയുടെ പാതയിൽ ചരിക്കുവാൻ അജപാലകർ അജഗണങ്ങളെ ഉത്തേജിപ്പിക്കുകയും വേണം.

**2. കൃപയാൽ തിരഞ്ഞെടുക്കപ്പെട്ട ദൈവജനം**

*"അപ്രകാരംതന്നെ, കൃപയാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു അവശിഷ്ടഭാഗം ഇക്കാലഘട്ടത്തിലും ഉണ്ട്. അതു കൃപയാലാണെങ്കിൽ പ്രവൃത്തികളിൽ അധിഷ്ഠിതമല്ല. കൃപയാലല്ലെങ്കിൽ കൃപ ഒരിക്കലും കൃപ ആയിരിക്കുകയില്ല. അതുകൊണ്ടെന്ത്? ഇസ്രായേൽ അന്വേഷിച്ചത് അവർക്കു ലഭിച്ചില്ല. തിരഞ്ഞെടുക്കപ്പെട്ടവർക്ക് അതു ലഭിച്ചു. മറ്റുള്ളവരുടെ ഹൃദയം കഠിനമായിപ്പോയി. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: ദൈവം അവർക്കു നിദ്രാലസമായ ആത്മാവും കാഴ്ചയില്ലാത്ത കണ്ണുകളും കേൾവിയില്ലാത്ത ചെവികളുമാണ് ഇന്നേവരെ നല്കിയത്. അതുപോലെതന്നെ, ദാവീദ് പറയുന്നു: അവരുടെ വിരുന്ന് അവർക്കു കെണിയും കുരുക്കും ഇടർച്ചയും പ്രതികാരവുമായിത്തീരട്ടെ! അവരുടെ കണ്ണുകൾ കാഴ്ചനശിച്ച് ഇരുണ്ടുപോകട്ടെ! അവരുടെ നട്ടെല്ല് എപ്പോഴും വളഞ്ഞിരിക്കട്ടെ!"* (11,5-10).

വിശ്വസ്തരായി ഇപ്പോഴും അവശേഷിക്കുന്ന യഹൂദർ ആരാണ് എന്നു വ്യക്തമാക്കുന്നതാണ് വിശുദ്ധ പൗലോസിന്റെ ഈ വാക്യങ്ങൾ. "കൃപയാൽ തിരഞ്ഞെടുക്കപ്പെട്ടവർ" എന്ന നിർവ്വചനമാണ് പൗലോസ്ശ്ലീഹാ അവർക്കു നൽകുന്നത്. റോമാ 9,11 ൽ ഏസാവു യാക്കോബിന്റെ ശുശ്രൂഷകനാകും എന്നു പറഞ്ഞിരിക്കുന്നു. റോമാ 11,26-27 ൽ ഇസ്രായേൽമുഴുവൻ രക്ഷ പ്രാപിക്കും എന്നും എഴുതപ്പെട്ടിരിക്കുന്നതും അങ്ങനെതന്നെ: സീയോനിൽനിന്നു വിമോചകൻ വരും; അവിടുന്നു യാക്കോബിൽനിന്നു അധർമ്മം അകറ്റിക്കളയും. ഞാൻ അവരുടെ പാപങ്ങൾ ഉന്മൂലനം ചെയ്യുമ്പോൾ ഇത് അവരുമായുള്ള എന്റെ ഉടമ്പടിയായിരിക്കും" എന്നു പറയുന്നു. ഈ പ്രസ്താവനകളുടെ വെളിച്ചത്തിൽ "കൃപയാൽ തിരഞ്ഞെടുക്കപ്പെട്ടവർ" എന്നത് ഈശോയിൽ വിശ്വസിക്കുന്നവരുടെ സമൂഹത്തെ സൂചിപ്പിക്കുന്നതായി മനസ്സിലാക്കാം. വിശുദ്ധ പൗലോസിന്റെ കാഴ്ചപ്പാടിൽ അവശിഷ്ടഭാഗം എന്നത്, നിയമത്തോടുള്ള വിശ്വസ്തതയിലൂടെയല്ല, ഈശോയിലുള്ള വിശ്വാസത്തിലൂടെയാണ് രൂപംകൊള്ളുന്നത് എന്നു മനസ്സിലാക്കാം. ദൈവകൃപയാണ് ഈശോയിൽ

വിശ്വസിക്കുന്ന സമൂഹമായിത്തീരുവാൻ ഇടയാക്കിയതെന്ന ബോധം അജപാലകർ ജനങ്ങൾക്കു നൽകണം.

തിരസ്കരിക്കപ്പെട്ട വിഭാഗത്തിന്റെ പ്രത്യേകത അവർ ഹൃദയം കഠിനമാക്കിയവരാണ് എന്നതാണ്. ദൈവം ശിക്ഷാവിധിയുടെ സമയം ദീർഘിപ്പിച്ച് മാനസാന്തരത്തിന് അവസരമൊരുക്കുമ്പോൾ, അതു പ്രയോജനപ്പെടുത്താതെ തിന്മയിൽ തുടരുന്ന അവസ്ഥയാണ് "ഹൃദയം കഠിനമാക്കി" എന്ന പ്രയോഗത്തിലൂടെ അർത്ഥമാക്കുന്നത്. ഇത്തരം മർക്കടമുഷ്ടിക്കാർക്കുള്ള ശിക്ഷ യഹൂദനിയമഗ്രന്ഥങ്ങൾതന്നെ വെളിപ്പെടുത്തുന്നുണ്ട് (നിയ 29,1-15; ഏശ 29,10). തന്മൂലം അവർക്കുള്ള ശിക്ഷാവിധി യഹൂദനിയമമനുസരിച്ചുതന്നെ ലഭിക്കും എന്നാണ് പൗലോസ്ശ്ലീഹാ ചൂണ്ടിക്കാണിക്കുന്നത്. അതോടൊപ്പം 11,9-10 ലെ വാക്യങ്ങൾ സങ്കീ 69,22-23 ന്റെ ഉദ്ധരണിയാണ്. മിശിഹായുടെ സഹനത്തെക്കുറിച്ചുള്ള പ്രവചനമാണ്. പുതിയനിയമത്തിൽ ഏറെത്തവണ ഉദ്ധരിക്കപ്പെട്ടിട്ടുള്ള വചനഭാഗമാണ് സങ്കീ 69 (സങ്കീ69,9; റോമാ 15,3; മത്താ 26,37). മിശിഹായുടെ സഹനത്തിലൂടെ കൈവരിക്കുന്ന രക്ഷയെക്കുറിച്ചുള്ള സൂചനയായി ഈ വചനഭാഗത്തെ മനസ്സിലാക്കാവുന്നതാണ്. മിശിഹായുടെ രക്ഷാകരസഹനത്തിലൂടെയാണ് കൃപയാൽ തിരഞ്ഞെടുക്കപ്പെട്ട ജനമായി നാം തീർന്നതെന്ന ബോധ്യം അജപാലകർക്കും അജഗണങ്ങൾക്കും എപ്പോഴും ഉണ്ടായിരിക്കണം.

**3. യഹൂദരുടെ ഇടർച്ചയും വിജാതീയരുടെ രക്ഷയും**

"*ആകയാൽ, ഞാൻ ചോദിക്കുന്നു: അവർക്കു കാലിടറിയതു വീഴുവാനായിരുന്നുവോ? ഒരിക്കലുമല്ല. ഇസ്രായേൽക്കാരുടെ പാപം നിമിത്തം വിജാതീയർക്കു രക്ഷ ലഭിച്ചു. തൻമൂലം, അവർക്കു വിജാതീയരോട് അസൂയ ഉളവായി. അവരുടെ പാപം ലോകത്തിന്റെ നേട്ടവും അവരുടെ പരാജയം വിജാതീയരുടെ നേട്ടവും ആയിരുന്നെങ്കിൽ അവരുടെ പരിപൂർണത എന്തൊരു നേട്ടമാകുമായിരുന്നു*" (11,11-12).

ശരീരപ്രകാരമുള്ള ഇസ്രായേലിന്റെ ഇടർച്ച നിത്യനാശമായിരുന്നില്ല വിജാതീയരുടെ രക്ഷയ്ക്കുവേണ്ടിയുള്ള ദൈവികപദ്ധതിയുടെ ഭാഗമായിരുന്നു. വിജാതീയർ രക്ഷപ്രാപിക്കുമ്പോൾ അബ്രാഹത്തിന്റെ മക്കൾക്കുള്ള അതേ അവകാശം അവർക്കും ലഭിക്കുന്നു. കാനാൻദേശം അവകാശമാക്കിയ ഇസ്രായേൽക്കാരോട് വിജാതീയർക്കു തോന്നിയ അസൂയ (നിയ 32,2) രക്ഷ പ്രാപിച്ച യഹൂദരോട്

ഇസ്രായേൽക്കാർക്കു തോന്നുന്നു. മുഴുവൻ ലോകത്തെയും ദൈവി കരക്ഷയുടെ കാനാൻദേശമായി സങ്കല്പിച്ചുകൊണ്ടാണ് പൗലോസ് ശ്ലീഹാ ഈ വാദമുന്നയിക്കുന്നത്. ആദത്തിന്റെ പാപം ലോകത്തി ലേക്കു രക്ഷകൻ വരാൻ നിമിത്തമായതുപോലെ ഇസ്രായേലിന്റെ പാപം വിജാതീയർക്കു രക്ഷയ്ക്കും ഇസ്രായേലിന്റെ പൂർണതക്കും നിമിത്തമായി. സഭയിലുണ്ടാകുന്ന ഇടർച്ചകളും ആത്യന്തികമായി സഭ യുടെ നന്മയ്ക്ക് നിമിത്തമാകും എന്ന പ്രതീക്ഷ നമുക്കു നൽകു ന്നുണ്ട്.

അതോടൊപ്പം വിജാതീയരുടെ ഇടയിൽ പൗലോസ്ശ്ലീഹാ നടത്തുന്ന പ്രേഷിതപ്രവർത്തനത്തെക്കുറിച്ച് ശ്ലീഹാ പറയുന്നു, തന്റെ ഈ പ്രവർത്തനം യഹൂദരുടെയും രക്ഷയെ പരോക്ഷമായി ലക്ഷ്യ മാക്കിക്കൊണ്ടാണ് (11,13-14) എന്ന്: "അതുവഴി എന്റെ കൂട്ടരായ യഹൂ ദരെ അസൂയാകുലരാക്കാനും, അങ്ങനെ അവരിൽ കുറെപ്പേരെയെ ങ്കിലും രക്ഷിക്കാനും എനിക്കിടയാകുമല്ലോ" (11,14). അതോടൊപ്പം മിശിഹായെ യഹൂദർ നിരാകരിക്കുന്നതും പിന്നീടു സ്വീകരിക്കു ന്നതും അവിടുത്തെ മരണോത്ഥാനങ്ങളുടെ പ്രതീകമായും കരുതാ വുന്നതാണ്. ശ്ലീഹാ പറയുന്നു: "എന്തുകൊണ്ടെന്നാൽ അവരുടെ തിരസ്കാരം ലോകത്തിന്റെ അനുരഞ്ജനമായെങ്കിൽ, അവരുടെ സ്വീകാരം മൃതരിൽനിന്നുള്ള ജീവനല്ലാതെ മറ്റെന്തായിരിക്കും" (11,15). അതോടൊപ്പംതന്നെ, വിശ്വസിച്ച ന്യൂനപക്ഷത്തിന് അവിശ്വാസിക ളായ ഭൂരിപക്ഷത്തെയും വിശുദ്ധീകരിക്കാനാവും എന്ന പ്രതീക്ഷയും വിശുദ്ധ പൗലോസിനുണ്ട്. ആദ്യഫലം മുഴുവൻ ഫലങ്ങളെയും വിശു ദ്ധീകരിക്കുന്നതുപോലെ, വേരിനു ശിഖരങ്ങളെ വിശുദ്ധീകരിക്കാ നാവുന്നതുപോലെ, ഈശോയിൽ വിശ്വസിച്ചു തുടങ്ങിയ യഹൂദർക്ക് അവിശ്വാസികളായി തുടരുന്ന യഹൂദരെ രക്ഷയിലേക്കു നയിക്കാ നാകും. മിശിഹായിലൂടെ മനുഷ്യകുലം മുഴുവനും രക്ഷിക്കപ്പെടു മെന്നുള്ള വിശ്വാസമാണ് അജപാലകർക്കും അജഗണങ്ങൾക്കും ഉണ്ടായിരിക്കേണ്ടത്.

**4. രക്ഷിക്കപ്പെട്ട വിജാതീയർ എളിമയിൽ ജീവിക്കേണ്ടവർ**

*"ഒലിവുമരത്തിന്റെ ശാഖകളിൽ ചിലതു മുറിച്ചുകളഞ്ഞിട്ട് കാട്ടൊലിവിന്റെ മുളയായ നിന്നെ അവിടുന്നു ഒട്ടിക്കുകയും വേരിൽനിന്നു വരുന്ന ജീവരസം നീ പങ്കുപറ്റുകയും ചെയ്യുന്നെങ്കിൽ നീ ആ ശാഖകളേക്കാൾ വലിയവനാണ് എന്ന് അഭിമാനിക്കരുത്. അഭിമാനിക്കുന്നെങ്കിൽ, നീ വേരിനെ താങ്ങുകയല്ല, വേരു നിന്നെ താങ്ങുകയാണ് എന്ന് ഓർത്തുകൊള്ളുക. എന്നെ ഒട്ടിച്ചേർക്കേണ്ട*

*തിനാണ് ശാഖകൾ മുറിക്കപ്പെട്ടത് എന്നു നീ പറഞ്ഞേക്കാം. അതു ശരിതന്നെ. അവരുടെ അവിശ്വാസം നിമിത്തം അവർ വിച്ഛേദിക്കപ്പെട്ടു; എന്നാൽ, നീ വിശ്വാസംവഴി ഉറച്ചുനില്ക്കുന്നു. ആകയാൽ, അഹങ്കാരം വെടിഞ്ഞ് ഭയത്തോടെ വർത്തിക്കുക"* (11,17-20).

അവിശ്വസിച്ച ഇസ്രായേലിന്റെ സ്ഥാനത്ത് ദൈവം വിജാതീയർക്ക് രക്ഷ നൽകുവാൻ തിരുമനസ്സായി. എന്നാൽ, ഇതിൽ വിജാതീയർക്കു അഹങ്കരിക്കാൻ യാതൊരടിസ്ഥാനവുമില്ല. ദൈവജനമായ ഇസ്രായേലാകുന്ന ഒലിവുമരത്തിൽ ദൈവം ഒട്ടിച്ചുപിടിപ്പിച്ച കാട്ടൊലിവിന്റെ മുകുളങ്ങളായിട്ടാണ് പൗലോസ്ശ്ലീഹാ വിജാതീയരുടെ രക്ഷയെ വീക്ഷിക്കുന്നത്. യഹൂദർക്ക് അഹങ്കരിക്കാൻ യാതൊന്നുമില്ല എന്നു വാദിച്ച (റോമാ 3,27-30) അതേ തീക്ഷ്ണതയോടെതന്നെ വിജാതീയരുടെ അവകാശവാദങ്ങളെയും ശ്ലീഹാ ഖണ്ഡിക്കുന്നു. ഒലിവുചെടിയിൽ നിന്നു മുറിച്ചുമാറ്റപ്പെട്ട ചില്ലകൾ ഈശോയിൽ വിശ്വസിക്കാൻ വിസമ്മതിച്ച യഹൂദരെയാണ് പ്രതിനിധാനം ചെയ്യുന്നത് (11,17). കാട്ടൊലിവിന്റെ മുകുളങ്ങളായ വിജാതീയർ ദൈവത്തിന്റെ എല്ലാ അവകാശങ്ങൾക്കും അർഹരായി. എന്നാൽ അവരെ താങ്ങുന്ന വേര് ദൈവജനമായ ഇസ്രായേലാണെന്ന വസ്തുത അവർ വിസ്മരിക്കരുത് (11,18).

മുറിച്ചു മാറ്റപ്പെട്ടതിനും ഒട്ടിച്ചുച്ചേർക്കപ്പെട്ടതിനും മാനദണ്ഡമായി വർത്തിച്ചത് വിശ്വാസമാണ്. ഇസ്രായേൽക്കാരുടെ അവിശ്വാസം വിജാതീയരുടെ ഒട്ടിച്ചുചേർക്കലിനും നിലനിൽപ്പിനും നിമിത്തമായി. തന്മൂലം വിജാതീയർ വ്യർത്ഥാഭിമാനംമൂലം, യഹൂദരെപ്പോലെ അഹങ്കരിച്ച് ആത്മപ്രശംസചെയ്താൽ നശിച്ചുപോകും. യഹൂദരുടെ തിരസ്കരണത്തെ വ്യർത്ഥാഭിമാനം നടിക്കുന്ന സകലവിശ്വാസികൾക്കുമുള്ള മുന്നറിയിപ്പായിട്ടാണ് പൗലോസ്ശ്ലീഹാ കരുതുന്നത്. വിശുദ്ധീകരണം എന്നത് ഒരു നിമിഷം കൊണ്ടു സംഭവിച്ചതും എന്നേക്കുമായി പൂർത്തിയാക്കപ്പെട്ടതുമാണെന്ന തെറ്റിദ്ധാരണയാണ് പൗലോസ് ശ്ലീഹാ തിരുത്തുന്നത്. വിശ്വാസത്തിൽ നിലനിൽക്കാൻ ബോധപൂർവ്വം പരിശ്രമിക്കുന്നില്ലായെങ്കിൽ വിശുദ്ധീകരിക്കപ്പെട്ട ഏതൊരുവനും മുറിച്ചു മാറ്റപ്പെടാം. വ്യർത്ഥാഭിമാനത്തിലും അഹന്തയിലും മതിമറക്കുന്ന സകല സഭാംഗങ്ങൾക്കും സ്ഥലകാലങ്ങൾക്ക് അതീതമായി ബാധകമായ ഒരു മുന്നറിയിപ്പാണിത്. അജപാലകരും അജഗണങ്ങളും എളിമയോടും ദൈവഭയത്തോടും കൂടെ തങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിക്കുവാൻ നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കണം.

## 5. എല്ലാ രക്ഷയും അബ്രാഹത്തിനു നല്കിയ വാഗ്ദാനപൂർത്തീകരണം

"*സുവിശേഷം സംബന്ധിച്ചു നിങ്ങളെപ്രതി അവർ ദൈവത്തിന്റെ ശത്രുക്കളാണ്. തിരഞ്ഞെടുപ്പു സംബന്ധിച്ചാകട്ടെ, അവരുടെ പൂർവ്വികരെപ്രതി അവർ സ്നേഹഭാജനങ്ങളാണ്. എന്തെന്നാൽ, ദൈവത്തിന്റെ ദാനങ്ങളും വിളിയും പിൻവലിക്കപ്പെടാവുന്നതല്ല. ഒരിക്കൽ നിങ്ങൾ ദൈവത്തെ അനുസരിക്കാത്തവരായിരുന്നു. എന്നാൽ, അവരുടെ അനുസരണക്കേടുനിമിത്തം നിങ്ങൾക്കു കൃപ ലഭിച്ചു. അതുപോലെതന്നെ, നിങ്ങൾക്കു ലഭിച്ച കൃപനിമിത്തം അവർക്കും കൃപ ലഭിക്കേണ്ടതിന് ഇപ്പോൾ അവർ അനുസരണമില്ലാത്തവരായിരിക്കുന്നു. എന്തെന്നാൽ, എല്ലാവരോടും കൃപകാണിക്കാൻവേണ്ടി ദൈവം എല്ലാവരെയും അനുസരണമില്ലാത്തവരാക്കി*" (11,28–32).

പരസ്പരപൂരകങ്ങളായ മൂന്നു ദൈവശാസ്ത്രപ്രസ്താവനകൾ അവതരിപ്പിച്ചുകൊണ്ടാണ് പൗലോസ്ശ്ലീഹാ തന്റെ വാദഗതികൾ ഉപസംഹരിക്കുന്നത്. ഒരിക്കൽ വിജാതീയർ ആയിരുന്ന അനുസരണക്കേടിന്റെ അവസ്ഥയിൽ, ഇപ്പോൾ അവിശ്വാസികളായ യഹൂദർ എത്തിച്ചേർന്നിരിക്കുകയാണ് എന്ന് പൗലോസ്ശ്ലീഹാ സമർത്ഥിക്കുന്നു. സുവിശേഷത്തെ എതിർക്കുന്നതിനാൽ അവിശ്വാസികളായ യഹൂദരെ ശത്രുക്കളായി തോന്നാമെങ്കിലും, വിശ്വാസപൈതൃകത്തെ പ്രതി അവർ ക്രൈസ്തവർക്കു സ്നേഹഭാജനങ്ങളാണ് എന്ന പ്രസ്താവനയിലൂടെ യഹൂദവിദ്വേഷത്തിന്റെ സകലലാഞ്ചനകളും വിശുദ്ധ പൗലോസ് ക്രൈസ്തവസഭയിൽ നിന്നു നീക്കിക്കളയുകയായിരുന്നു. ദൈവം വാഗ്ദാനം നൽകിയത് അബ്രാഹത്തിനാകയാൽ എല്ലാ രക്ഷയും പ്രസ്തുത വാഗ്ദാനവുമായി ബന്ധപ്പെട്ടതും അതിന്റെ പൂർത്തീകരണവുമായി മനസ്സിലാക്കണം. ശരീരപ്രകാരം അബ്രാഹത്തിൽനിന്നു ജനിക്കാത്തവരും നിയമപ്രകാരം പരിച്ഛേദനം സ്വീകരിക്കാത്തവരും വിശ്വാസംവഴി യഥാർത്ഥ ഇസ്രായേലായി മാറുന്നു എന്നാണ് പൗലോസ്ശ്ലീഹാ സമർത്ഥിക്കുന്നത്. അനുസരണയില്ലാത്ത വിജാതീയർ ദൈവകാരുണ്യത്താൽ രക്ഷയ്ക്കു യോഗ്യരായതുപോലെ അവിശ്വാസംവഴി അനുസരണമില്ലാതായ യഹൂദരും രക്ഷക്കു യോഗ്യരാകും. എല്ലാവരോടും കരുണകാണിക്കാൻ ദൈവം എല്ലാവരെയും അനുസരണമില്ലാത്തവരാക്കി. എല്ലാം ആത്യന്തികമായി ദൈവം അബ്രാഹത്തിനു നൽകിയ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ്.

ദൈവസ്തുതിയോടെയാണ് പൗലോസ്ശ്ലീഹാ ഈ ലേഖന ഭാഗം അവസാനിപ്പിക്കുന്നത്. ദൈവത്തിന്റെ ജ്ഞാനത്തെയാണ് ഈ ഉപസംഹാരത്തിൽ കീർത്തിക്കുന്നത്. സുവിശേഷത്തിലൂടെ ദൈവം വെളിപ്പെടുത്തിയ ജ്ഞാനം മനുഷ്യബുദ്ധിക്ക് ഒരിക്കലും പ്രാപ്യമായ ജ്ഞാനമല്ല. ദൈവം തന്നിൽത്തന്നെ ജ്ഞാനമാണെന്നു മാത്രമല്ല, ദൈവം പറയുന്നതും ചെയ്യുന്നതുമെല്ലാം അഗാധമായ ജ്ഞാനത്താൽ പ്രേരിതമായിട്ടാണ്. ദൈവികജ്ഞാനത്തിന്റെ കേവലം ഒരംശം മാത്രമേ മനുഷ്യനു ഗ്രഹിക്കാനാവുകയുള്ളൂ. ദൈവത്തിന്റെ സർവ്വാധികാരത്തെ വെളിവാക്കുന്നതിനാണ് "എല്ലാം അവിടുന്നിൽനിന്ന്, അവിടുന്നിലൂടെ, അവിടുന്നിലേക്ക്" എന്ന പ്രഖ്യാപനം നടത്തുന്നത് (11,36). ദൈവത്തിനു മഹത്ത്വം നൽകുന്നതിൽ വന്ന വീഴ്ചയായിരുന്നു മനുഷ്യകുലത്തിന്റെ യഥാർത്ഥപാപം. അതിനാൽ മനുഷ്യകുലം മുഴുവൻ മഹത്ത്വമില്ലാത്തവരായിമാറി. എന്നാൽ അബ്രാഹം വിശ്വാസത്തിലൂടെ ദൈവത്തിനു മഹത്ത്വം നൽകി. തന്മൂലം "അവിടുത്തേക്ക് എന്നേക്കും മഹത്ത്വമുണ്ടാകട്ടെ" എന്ന ആശംസയോടുകൂടി ഈ അദ്ധ്യായം ഉപസംഹരിക്കുന്നു. ആത്യന്തികമായി വിശ്വാസജീവിതത്തിലൂടെ രക്ഷ സ്വന്തമാക്കിക്കൊണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്തുവാൻ അജപാലകരും അജഗണങ്ങളും നിരന്തരം പരിശ്രമിക്കണം.

**ജീവിതസൂചിക**

1. എപ്പോഴും രക്ഷയുടെ പാതയിൽ പ്രത്യാശയോടെ ചരിക്കുവാൻ ഞാൻ ജനങ്ങളെ ഉത്തേജിപ്പിക്കുന്നുണ്ടോ?
2. മിശിഹായുടെ രക്ഷാകരസഹനത്തിലൂടെ, കൃപയാൽ തിരഞ്ഞെടുക്കപ്പെട്ട ജനമാണെന്ന ബോദ്ധ്യത്തിൽ ഞാൻ ജനങ്ങളെ വളർത്തുന്നുണ്ടോ?
3. മിശിഹായിലൂടെ മനുഷ്യകുലം മുഴുവൻ രക്ഷിക്കപ്പെടുമെന്നുള്ള വിശ്വാസവും പ്രതീക്ഷയും ഞാൻ പുലർത്തുന്നുണ്ടോ?
4. എളിമയോടും ദൈവഭയത്തോടുംകൂടെ എന്റെ വിശ്വാസം കാത്തുസൂക്ഷിക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?
5. വിശ്വാസജീവിതത്തിലൂടെ രക്ഷ സ്വന്തമാക്കി ക്കൊണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന ജീവിതം നയിക്കാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?



ബെനഡിക് പതിനാറാമൻ മാർപാപ്പ അനുസ്മരണം, വാഴത്തോപ്പ്



യുവ വൈദീകരുടെ സെമിനാർ



പാസ്റ്ററൽ കൗൺസിൽ

**Sahyanadham**
Annual Subscription Rs. 350.00
Date of Publication: 01/02/2023

Reg. No. KL/IDK/08/2022-2024
RNI Reg No. KERMAL/2004/12498
Posted at Thodupuzha Stg.



## നവ വൈദികർക്ക് പ്രാർത്ഥനാശംസകൾ



**മാർപാപ്പയുടെ പ്രാർത്ഥന നിയോഗം ഫെബ്രുവരി 2023**

**ഇടവകകൾക്ക് വേണ്ടി**

ഇടവകകൾ, കൂട്ടായ്മയിൽ കേന്ദ്രീകൃതമായി, വിശ്വാസത്തിന്റെയും, സാഹോദര്യത്തിന്റെയും, സ്വീകാര്യതയുടെയും സമൂഹങ്ങളായി മാറാൻ പ്രാർത്ഥിക്കാം.

Printed at St. Martha's Offset Printers, Murickassery- 685 604
Editor, Printer & Publisher, Rev. Fr. George Bishop's House, Idukki- 685 602